Date of publication: 9 ജനുവരി 2016
വോള്യം 11 / ലക്കം 1 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം



## പോരാട്ടവേദികളാകുന്ന കലാലയങ്ങൾ




സംഘടിത

സംഘടിത|ജനുവരി 2016 |വോള്യം 11 |ലക്കം 1

സമാഗതി: കലാലയങ്ങളിലെ
ലിംഗനീതിയെക്കുറിച്ചുള്ള പഠനറിപ്പോർട്ട് 6
സബൂറ കമൽ- ഓർമ്മയിലെ വിദ്യാർത്ഥിജീവിതം 9
പെണ്ണ്- സുരക്ഷിതത്വം- ഭയം (കവിത) - **ഭദ്ര അജിത്** 22
ശാപശിലകൾ (കവിത) - **നീതുനാരായണൻ** 22
കാൽച്ചങ്ങലയാകുന്ന സുരക്ഷ - **ദിവ്യ നിലമ്പൂർ** 26
സർവ്വരാജ്യസ്ത്രീകളെ സംഘടിക്കുവിൻ....(ഫോട്ടോ ഫീച്ചർ) 30
തകർക്കൂ, ക്യാമ്പസ്സിലെ കർഫ്യൂകൾ! - **ഐശ്വര്യ കെ. കെ.** 32
മിന്നൽപ്പിണരുകളും പുൽക്കൊടിത്തുമ്പുകളും
- **ഡോ. രോഷ്നി സ്വപ്ന** 35
ജന്റർ ജസ്റ്റിസും ചീഫ് ജസ്റ്റിസും - **വി. യു. അമീറ** 38
സൗഹൃദം (കവിത) - **റിസ്വാന ഇ.** 42
പെൺപക്ഷം - **അജിത കെ.** 43
വാസ്തവം - **ഡോ. ജാൻസി ജോസ്** 44
ഉപ്പും മുളകും - **ഗീത** 45
കൂടുകൾ തകർക്കുക, പറന്നുയരുക - **ഹർഷിത എം. വി.** 47
ചരിത്രത്തിൽ നിന്ന്.... 48
വീട്ടിടങ്ങളിലെ സ്ത്രീ: സാവിത്രി രാജീവിന്റെ
കവിതകളിൽ - **സിഷ എസ്.** 49
വീട്ടുവിശേഷം - **റഷീദ ഗഫൂർ തൈവളപ്പിൽ** 53
തോൾസഞ്ചിയിലെ കുരിശുകൾ (കഥ) - **ഷംന** 57
ശാസ്ത്രം - **സീമ ശ്രീലയം** 57




**സ്വാതന്ത്ര്യവും, സമത്വവും, പരീക്ഷയ്ക്കുള്ളതാണ്, പ്രയോഗിക്കാൻ വേണ്ടിയല്ല !? – അലീന എസ്.**




**ഒക്യുപയ് യുജിസി: വിപണിയാധിഷ്ഠിത വിദ്യാഭ്യാസനയങ്ങൾക്കെതിരെ പ്രതിരോധം**
**– അപരാജിത രാജ**

എഡിറ്റർ : ഡോ. ഷീബ കെ.എം.
മാനേജിംഗ് എഡിറ്റർ : കെ. അജിത
എക്സി.എഡിറ്റർ : ഡോ. ജാൻസി ജോസ്,
പത്രാധിപ സമിതി : ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത്
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
വെബ്സൈറ്റ് : വസന്ത പി.
പ്രിന്റിംഗ് : ഏ - വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

പുതുവർഷം പുതുപ്രതീക്ഷകളുടേതാണ്. പ്രസിദ്ധീകരണത്തിന്റെ വിജയകരമായ അഞ്ചു വർഷങ്ങൾ ആഘോഷിച്ച ഈ വേളയിൽ എഴുത്തിന്റേയും വായനയുടേയും പുതിയ ഉയരങ്ങളിലേക്ക് ചെന്നെത്താനാവുമെന്ന ആത്മവിശ്വാസത്തിലാണ് സംഘടിത.

തീക്ഷണമായ സമരങ്ങളേയും ചെറുത്തുനിൽപ്പുകളേയും അടയാളപ്പെടുത്തിക്കൊണ്ടാണ് 2015 കടന്നുപോയത്. ഹിന്ദുത്വകോർപ്പറേറ്റ് ഭരണകൂടം അടിച്ചേൽപ്പിച്ച സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ ഹിംസകൾക്കെതിരെ ജനങ്ങൾ തോറ്റുകൊടുക്കാൻ തയ്യാറില്ലാതെ ശക്തമായി അണി നിരന്നു. എതിർപ്പില്ലാതെ നടപ്പിലാവുന്നതല്ല ഫാഷിസ്റ്റു നയങ്ങൾ എന്ന സന്ദേശം ഉറച്ചും ഉറക്കെയും കേൾപ്പിക്കാൻ പ്രതിരോധങ്ങൾക്ക് കഴിഞ്ഞു. ജനാധിപത്യാവകാശങ്ങൾക്കുവേണ്ടി നിലനിൽക്കുന്ന പ്രസ്ഥാനങ്ങൾ പോലും സ്ത്രീവിരുദ്ധമാവുന്ന പശ്ചാത്തലത്തിൽ സ്ത്രീകൾ സ്വയം സംഘടിച്ച് കരുത്തു തെളിയിച്ച പെൺകൾ ഒട്ടുമൈയുടെ മുന്നാർ സമരം പ്രതിരോധത്തിന്റെ പുതുസാധ്യതകൾ തുറന്നു തന്നു.

സാമൂഹ്യനീതിയെക്കുറിച്ചുള്ള ബോധങ്ങളിലും ബോധ്യങ്ങളിലും കനത്ത ആഘാതങ്ങളേൽപിച്ച കാലം കൂടിയാണ് കടന്നുപോയത്. ഇക്ബാൽ മേമൻ വധശിക്ഷ, കൽബുർഗി വധം, ക്ഷേത്രത്തിൽ പ്രവേശിച്ചതിന് ദലിത് യുവാവിനെ ചുട്ടെരിച്ചത്, ദാദ്രി കൊലപാതകം, സൽമാൻഖാന്റെ കുറ്റവിമുക്തി തുടങ്ങി ദില്ലി ബലാൽത്സംഗക്കേസിലെ പ്രായപൂർത്തിയാവാത്ത പ്രതിയെ വിട്ടയച്ചതിനെതിരെയുള്ള കടുത്ത പ്രതികരണങ്ങൾ ഇവയെല്ലാം 'നീതി' നടത്തിപ്പുകൾ എത്രമേൽ കഠിനവും അധികാരപക്ഷവുമാണെന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുന്നതായിരുന്നു. രാജ്യസുരക്ഷയുറപ്പുവരുത്തേണ്ട സൈനികർ തന്നെ ബലാൽത്സംഗങ്ങളിൽ പ്രതികളാവുന്നത് രാജ്യത്തെ സ്ത്രീകളുടെ ഭയാനകമായ ജീവിതാവസ്ഥകൾ ദൃശ്യമാക്കുന്നതായിരുന്നു. ദയാബായിയെപ്പോലുള്ളവർ അപമാനിതരാവുന്നത് ദരിദ്രരും അരക്ഷിതരുമായ മഹാഭൂരിപക്ഷം ജനങ്ങളെ ഈ വ്യവസ്ഥിതി എത്രമാത്രം അന്യൽക്കരിക്കുന്നു എന്നതിന്റെ വേദനിപ്പിക്കുന്ന ദൃഷ്ടാന്തമായി മാറി.

മതാന്ധതയുടേയും ജാതിഭ്രാന്തിന്റെയും വിഘടന സന്ദേശങ്ങളുടേയും പെരുപ്പിന്റെ കാലമായിരുന്നെങ്കിലും മതനിരപേക്ഷ മുന്നേറ്റങ്ങളുടേയും സംഘാടനൈക്യത്തിന്റേയും കൂടി പ്രതീക്ഷാചിത്രങ്ങൾ നമുക്ക് മുന്നിൽ അനാവൃതമായി. ചെന്നൈ പ്രളയക്കെടുതിയിൽ ആശ്വാസമേകാൻ മുന്നോട്ടു വന്ന മനുഷ്യത്വത്തിന്റെ അനേകം സഹായഹസ്തങ്ങൾ, എറണാകുളം കാക്കനാട് സർഫേസി തട്ടിപ്പിനിരയായവരുടെ നീതിക്കുവേണ്ടി അണിനിരന്നവർ – ഇങ്ങനെ മനുഷ്യത്വത്തിലും ജനാധിപത്യത്തിലുമുള്ള വിശ്വാസവും അവ പുനഃസ്ഥാപിക്കാനുള്ള പോരാട്ടത്തിന് ഊർജ്ജവും പകർന്ന അനവധി ഉദ്യമങ്ങൾ ഉണ്ടായിവന്നു. ഈ പുതുവർഷാരംഭത്തിൽ വഴികാട്ടികൾ കൂടിയാണീ സംഭവങ്ങൾ.

ആധുനികതയുടെ പരിഷ്കരണവേളകളിൽ വിദ്യാഭ്യാസത്തിന്റെ മാഹാത്മ്യവും പുത്തൻതലമുറയെ കരുത്തോടെ വാർത്തെടുക്കുന്നതിൽ കലാലയങ്ങൾക്കുള്ള പങ്കും ഏറെ വാഴ്ത്തപ്പെട്ടതാണ്. എന്നാൽ സാമൂഹ്യതിന്മകൾക്കെതിരെ പടനയിക്കേണ്ട നാളെയുടെ പൗരൻമാർ സ്വന്തം സ്ഥാപനങ്ങളുടെ മൂല്യത്തകർച്ചയ്ക്കും ജനാധിപത്യവിരുദ്ധതയ്ക്കുമെതിരെ പോരാടേണ്ടുന്ന ഗതികേടുകളിലാണ് ഇന്ന് നിലകൊള്ളുന്നത്. സർക്കാരിന്റെ ലാഭാധിഷ്ഠിത പൊതുവിദ്യാഭ്യാസനയങ്ങൾക്കും അധികാരപ്രമത്തമായ വ്യവസ്ഥിതിയുടെ യുക്തികൾക്കും ചുക്കാൻ പിടിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അച്ചടക്ക നിർബന്ധങ്ങൾ കലാലയങ്ങളെ പോരാട്ട വേദികളാക്കിത്തീർത്തിരിക്കുകയാണ്. അങ്ങേയറ്റത്തെ സ്ത്രീവിരുദ്ധതയുടെ നടത്തിപ്പുകാരായി നിലകൊണ്ട് കുടുംബം, ജാതി, സമുദായം തുടങ്ങിയവയ്ക്കകത്തുള്ള ആൺകോയ്മാനിയന്ത്രണങ്ങൾ ഏറ്റെടുത്തു നടത്തുന്ന സ്ഥാപനങ്ങളായിത്തീർന്നിരിക്കുകയാണ് കലാലയങ്ങൾ. യുജിസിയുടെ 'സക്ഷം' റിപ്പോർട്ടും ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ 'സമാഗതി' റിപ്പോർട്ടും ക്യാമ്പസ്സുകളിലെ ലിംഗനീതിപ്രയോഗങ്ങളിലെ ഹിംസാത്മകപരിസരങ്ങളെ വിശദമായി പരിശോധിക്കുന്നുണ്ട്. ഹോസ്റ്റലുകൾ കേന്ദ്രീകരിച്ചുള്ള 'സംരക്ഷണ' നിയന്ത്രണങ്ങൾ പെൺകുട്ടികളുടെ ജനാധിപത്യാവകാശങ്ങൾ ധ്വംസിക്കുന്നതിനെ കടുത്ത ഭാഷയിൽ അപലപിക്കുകയും ഗുണകരമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട് ഈ രണ്ടു റിപ്പോർട്ടുകളും. പോരാട്ട വേദികളാകുന്ന കലാലയങ്ങൾ എന്ന വിഷയം ആസ്പദമാക്കി വി.യു.അമീറ സമ്പാദകയായ ഈ ലക്കം സംഘടിത ആവേശകരമായ ചർച്ചകൾക്കും ഗൗരവപ്പെട്ട പ്രതിരോധങ്ങൾക്കും വഴിതെളിക്കട്ടെ എന്നാശിച്ചുകൊണ്ട് വായനക്കാർക്ക് സമർപ്പിക്കുന്നു.

അതിഥി പത്രാധിപക്കുറിപ്പ്

# താഴ്ത്തി കെട്ടണം ചാമ്പ മരത്തിന്റെ ചില്ലകൾ !!!



യു.വി.അമീറ

അസഹിഷ്ണുത എന്ന വാക്കിന്റെ രാഷ്ട്രീയ വ്യാപ്തി ചർച്ച ചെയ്തു തുടങ്ങിയിട്ട് കാലമേറെയായി. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾ, സാംസ്കാരിക പ്രവർത്തനം തുടങ്ങിയവയിലേക്കുള്ള സഹിഷ്ണുതാ നിരാസത്തിന്റെ കടന്നു കയറ്റം ഭയപ്പെടുത്തുന്ന തരത്തിലായി മാറിയിട്ടുണ്ട്. പുരുഷാധിപത്യ സമൂഹമെന്ന നിലയിൽ അപ്പോഴും ലിംഗസമത്വം എന്നത് ഇവിടെ പ്രശ്നവൽകരിക്കപ്പെട്ടിരുന്നില്ല. പുരുഷനു നേർക്കുള്ള അതിക്രമങ്ങളെ മാത്രം നാം ചില ഓമനപ്പേരിട്ട് വിളിച്ചു. സ്ത്രീയെ എന്നത്തെയും പോലെ അരികിലേക്ക് മാറ്റി. എന്നാൽ ഇപ്പോൾ സംഗതി മാറി. ലിംഗ നീതി, ലിംഗസമത്വം തുടങ്ങിയ പദങ്ങളൊക്കെ ചർച്ചക്കു വന്നു തുടങ്ങിയ ഈ കാലഘട്ടം ആശാവഹമാണ്.

യഥാർത്ഥത്തിൽ ഏറ്റവും വലിയ പൊതുപ്രശ്നം ലിംഗനീതിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിഷയങ്ങളാണ്. സാമൂഹ്യനിർമിതി മുതൽ ഇന്നോളം മാറ്റമില്ലാതെ തുടരുന്ന സമീപനങ്ങളെയും മാനസികാവസ്ഥകളെയും ഒരു സുപ്രഭാതത്തിൽ അട്ടിമറിക്കാൻ അസാധ്യമാണെന്നത് യാഥാർത്ഥ്യം. എങ്കിലും ചെറുവിരലുകൾ നിരന്തരം ഉയരേണ്ടതും വളകൾ ഉടയേണ്ടതും അഭികാമ്യമാണ് . 'ആരാണ് ഈ ചാമ്പ മരത്തിന്റെ ചില്ല ഇത്ര ഉയർത്തി കെട്ടിയതെന്ന' ബഷീറിയൻ ചോദ്യം ലിപ്സ്റ്റിക് വകഞ്ഞു പുറത്തു ചാടേണ്ടുന്ന അനിവാര്യതയും ഇതാണ്. ക്യാമ്പസിൽ നിന്ന് തുടങ്ങേണ്ട ആ യാഥാസ്ഥിതികത്വത്തിന്റെ കുടിയൊഴിക്കൽ അടുക്കളയിലാണ് ഒടുങ്ങേണ്ടത്. അടുക്കളയെ പൊതു അരങ്ങാക്കി മാറ്റുമ്പോഴാണ് കൃത്യമായ സ്വാതന്ത്ര്യപ്രഖ്യാപനം ഉണ്ടാകുന്നത്.


സമൂഹത്തിന്റെ സക്രിയമായ മുന്നേറ്റത്തിനു വളരെ സ്വാസ്ഥ്യജനകമായ ആൺപെൺ ബന്ധങ്ങൾ അനിവാര്യമാണ്. അനാവശ്യവും അനവസരത്തിലുള്ളതുമായ വെട്ടിമാറ്റലുകളും വേർപിരിക്കലുകളും സാമൂഹിക പുരോഗതിയെ പിന്നോട്ടടിക്കും. സ്ത്രീകളുടെ രൂപം അറിയിക്കാതെ ഒളിപ്പിച്ചു വെച്ച് വളർത്തേണ്ട ഋഷ്യശൃംഗൻമാരോ അവരെ മോഹിപ്പിക്കുന്ന സുന്ദരികളായ ഗണികകളോ അല്ല നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളും. എത്ര അകറ്റി നിർത്തിയാലും പരസ്പരം അറിയേണ്ടവരും ജീവിതത്തെ ഒരുമിച്ച് നേരിടേണ്ടവരുമാണ് അവർ. അടച്ചു പൂട്ടലുകളാണ് ആകാംക്ഷക്കും കൌതുകങ്ങൾക്കും വഴി വെക്കുന്നത്. നമ്മുടെ സങ്കുചിതമായ കരുതൽ നടപടികൾ വിപരീതഫലമേ ഉണ്ടാക്കൂ. കവി വീരാൻകുട്ടിയുടെ വാക്കുകൾ കടമെടുത്താൽ 'മണ്ണിനടിയിൽ വേരുകൾ കൊണ്ട് കെട്ടിപിടിക്കുന്നു, ഇലകൾ തമ്മിൽ തൊടുമെന്ന് പേടിച്ച് അകറ്റി നാം നട്ട മരങ്ങൾ'.

ലിംഗനീതി ഉറപ്പാക്കണമെന്നും ലിംഗസമത്വം നടപ്പാക്കണമെന്നുമുള്ള കാര്യങ്ങളിൽ സാമാന്യ ബോധമുള്ള ആർക്കും രണ്ടഭിപ്രായമില്ല. സമീപകാലത്ത് നിരവധി മുന്നേറ്റങ്ങൾ ഈ വിഷയത്തിൽ ഉണ്ടായിട്ടുമുണ്ട്. ഒരുമിച്ചിരിക്കുവാനും ഒരേ പോലെ പെരുമാറുവാനും മാത്രമല്ല സ്ത്രീസ്വത്വം അംഗീകരിപ്പിക്കുവാനും ഇത്തരം ചർച്ചകൾക്ക് കഴിഞ്ഞിട്ടുണ്ട്. ക്യാമ്പസുകളിലെ ലിംഗസമത്വം എല്ലാവരും അന്വേഷിച്ചു തുടങ്ങിയതും ചർച്ചകളും പരിണിതഫലമാണ്.

എങ്കിലും ചില ആശങ്കകൾ ഇല്ലാതില്ല. സോഷ്യൽ മീഡിയയുടെ മായികപ്രപഞ്ചത്തിലാണ് ഗൗരവമായ ലിംഗസമത്വ ചർച്ചകൾ നടക്കുന്നത്. സ്വന്തം സ്റ്റാറ്റസിന്റെ തീക്ഷ്ണതയും മൂർച്ചയും മറ്റുള്ളവരെ അറിയിക്കാൻ മാത്രമുള്ള കേവലവേദികളായി മാത്രം പലരും ഇത്തരം വിഷയങ്ങളെ ഏറ്റെടുത്തിട്ടുണ്ട്. ഒരു തരം എക്സിബിഷനിസത്തിൽ കവിഞ്ഞു അതിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാൻ വയ്യ. ഫേസ്ബുക്കിലൂടെ പുറത്തു പറയുന്ന അഭിപ്രായങ്ങൾ അവനവന്റെ സാമൂഹ്യ ജീവിതത്തെ ബാധിക്കുന്നതല്ല എന്നൊരു തോന്നൽ ഭൂരിപക്ഷത്തിനുമുണ്ട്. സിദ്ധാന്തവും പ്രയോഗവും സമഞ്ജസമായി സമ്മേളിക്കുന്ന അഭിപ്രായ ലോകങ്ങളിലെ നവചിന്തകൾക്കേ ഉർവരത ഉണ്ടാകൂ എന്ന തിരിച്ചറിവുണ്ടാകണം.

ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ മീനാക്ഷി ഗോപിനാഥ് കമ്മിറ്റിയുടെ സമാഗതി റിപ്പോർട്ട് ക്യാമ്പസുകളിലെ ലിംഗസമത്വ പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ്. ഗൗരവമായി കാണേണ്ട ഒരു പഠനമാണത്. പുതിയ കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ക്യാമ്പസുകളിൽ പെൺകുട്ടികളുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണ്. കാലിക്കറ്റ് യൂണിവേർസിറ്റിയിലടക്കം പെൺകുട്ടികൾ നടത്തുന്ന സ്വാതന്ത്ര്യത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയുള്ള സമരങ്ങൾ ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. ക്യാമ്പസ്സുകളിലെ വിദ്യാർത്ഥിനികളും അധ്യാപകരും നേരിടുന്ന ലിംഗവിവേചനങ്ങളിലേക്ക് ദൃഷ്ടിപതിപ്പിക്കലാണ് ഈ ലക്കം. ഈ വിഷയത്തിൽ ഇനിയും ഗൗരവപരമായ ചർച്ചകൾ നടക്കുമെന്ന പ്രതീക്ഷയോടെ....

# സമാഗതി: കലാലയങ്ങളിലെ ലിംഗനീതിയെക്കുറിച്ചുള്ള പഠനറിപ്പോർട്ട്




ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിച്ച ക്യാമ്പസുകളിലെ ലിംഗ വിവേചനത്തെ കുറിച്ചുള്ള വർക്ക്ഷോപ്പിൽ പങ്കെടുത്തവർ ചൂണ്ടികാട്ടിയത് ഒളിഞ്ഞും തെളിഞ്ഞുമുള്ള ലിംഗവിവേചനവും ലൈംഗികപീഡനങ്ങളും അതിക്രമങ്ങളും ക്യാമ്പസുകളിൽ നിലനില്കുന്നുവെന്നും അത് ഇതുവരെ ചർച്ച ചെയ്യപ്പെട്ടതിനെക്കാളും ഗൗരവമേറിയതാണെന്നും കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങൾ നല്കിയിട്ടുള്ള നിർദേശങ്ങൾ യൂണിവേഴ്സിറ്റികളിലോ കോളേജുകളിലോ പാലിക്കപെടുന്നില്ല എന്നും ഉള്ള വസ്തുതകളാണ്. അതിനെ തുടർന്നാണ് കേരളത്തിലെ കലാലയങ്ങളിൽ ലിംഗനീതി ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ മീനാക്ഷി ഗോപിനാഥ് അധ്യക്ഷയായി ഒരു കമ്മിറ്റി രൂപീകരിക്കുന്നത്. കേരളത്തിലെ വിവിധ ക്യാമ്പസുകളിലെ വിദ്യാർത്ഥികൾ, അധ്യാപക പ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, വിവിധ സംഘടനകൾ തുടങ്ങി വിഷയവുമായി ബന്ധപ്പെട്ട തൽപരരായ അനേകം ആളുകളുമായി നടത്തിയ കൂടിക്കാഴ്ചകൾക്കും ചർച്ചകൾക്കും ഫീൽഡ്‌വർക്കുകൾക്കും അഭിപ്രായ ശേഖരണങ്ങൾക്കും ശേഷമാണ് 'സമാഗതി ' എന്ന റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത്. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിലനില്ക്കുന്ന നിശബ്ദതയുടെയും അക്ഷതിയുടെയും സംസ്കാരം കലാലയങ്ങളിലെ ലിംഗ നീതിയെ പ്രതിലോമകരമായി ബാധിക്കുന്നുണ്ടെന്നു കമ്മിറ്റി ചൂണ്ടി കാട്ടി. കേരളത്തിൽ ഉപരിപഠനത്തിനു ചേരുന്നവരുടെ ശരാശരി അനുപാതം ദേശീയ ശരാശരിയേക്കാൾ മുകളിലാണ് . മാനവ ശേഷി മന്ത്രാലയത്തിന്റെ ഉന്നത വിദ്യാഭ്യാസ സർവേ താല്കാലിക റിപ്പോർട്ട് പ്രകാരം 27 ശതമാനമാണ് കേരളത്തിന്റെ മൊത്തം പ്രവേശനാനുപാതം. ദേശീയ ശരാശരി 23.6 ശതമാനം മാത്രം. ആൺകുട്ടികളെ അപേക്ഷിച്ചു പെൺകുട്ടികളുടെ എണ്ണത്തിലും കാര്യമായ വർധനയുണ്ടായി. ആൺകുട്ടികളിൽ 21.6 ശതമാനമാണ് ഉപരിപഠനത്തിനു ചേരുന്നത്. എന്നാൽ പെൺകുട്ടികളിൽ 34.2 ശതമാനവും കോളേജുകളിലെത്തുന്നു. ദളിത് വിദ്യാർത്ഥികളിലും പെൺകുട്ടികളാണ് മുൻപന്തിയിൽ. 2013–14 ൽ കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2.32 ലക്ഷം കുട്ടികൾ പ്രവേശനം നേടിയതിൽ 1.66 ലക്ഷം, അതായത് 71.36 ശതമാനം പെൺകുട്ടികൾ ആണ്. അധ്യാപകരിൽ 43 ശതമാനം വനിതകളാണ്. കണക്കുകൾ ഇങ്ങനെ തിളങ്ങുമ്പോഴും പുരുഷാധിപത്യപ്രവണതകൾ എന്നും ഉപജാപം നടത്തുന്നതും കൈകോർക്കുന്നതും സ്ത്രീകൾക്ക് അർഹമായ, നീതിയുക്തമായ സ്ഥാനം അവൾക്കു നിഷേധിക്കുവാനും അവളുടെ ശബ്ദം, ഇടം, കാഴ്ച എന്നിവയെ നിസ്സാരവൽകരിക്കാനുമാണ്. സർവകലാശാലകളിലെ ഉന്നതപദവികൾ ഇന്നും സ്ത്രീകൾക്ക് അപ്രാപ്യമാണ് (അപ്രാപ്യമാക്കുന്നു എന്നതാണ് ശരി). ജനാധിപത്യം പുലരേണ്ട ഇടങ്ങളാണ് ക്യാമ്പസുകളും യൂനിവേർസിറ്റികളും. എന്നാൽ സമൂഹത്തിന്റെ പാതി മെയ്യിനെ ഇപ്പോഴും നിശബ്ദതയുടെയും വിധേയത്വത്തിന്റേയും ആവരണം അണിയിപ്പിക്കാൻ ആണ് മറുപാതി താല്പര്യപ്പെടുന്നത്. സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിയെ അണ കെട്ടി നിർത്താനുള്ള ശ്രമങ്ങൾ ചെറുക്കപ്പെടേണ്ടതുണ്ട്. ക്രമാനുഗതമായ വളർച്ച സ്ത്രീകളുടെ എണ്ണത്തിൽ ഉണ്ടായത് കൊണ്ടു മാത്രം സ്ത്രീമുന്നേറ്റം

ശക്തമായി എന്നു പറയാനാകില്ല, മറിച്ച് പ്രതിപാദകമായ സാന്നിധ്യവും, പ്രാതിനിധ്യവും സംഭാവനകളും സ്ത്രീകളുടെതായി ഉണ്ടാകേണ്ടതുണ്ട്. സ്ത്രീ സുരക്ഷയും സമത്വവും ഉറപ്പ് വരുത്താനായുള്ള സക്ഷം റിപ്പോർട്ട് നടപ്പാക്കുവാനുള്ള ശക്തമായ നിർദ്ദേശം യു.ജി.സി. യിൽ നിന്ന് ഉണ്ടായിട്ടു പോലും നമ്മുടെ കലാലയങ്ങളും സർവകലാശാലകളും ഇപ്പോഴും എത്രത്തോളം സ്ത്രീ വിദ്വേഷപരമായ ചിന്താഗതികളാണ് വെച്ച് പുലർത്തുന്നത് എന്ന് സമീപ കാലങ്ങളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള ഉന്നത വിദ്യാകേന്ദ്രങ്ങളിൽ നിന്നും വരുന്ന അലോസരപ്പെടുത്തുന്ന വാർത്തകൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. സ്വാതന്ത്ര്യലബ്ധിക്കും ദശകങ്ങൾ മുന്നേ വിദ്യാസമ്പാദനത്തിനും സാമൂഹിക പുനരുദ്ധാരണത്തിനും സ്ത്രീകളുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിച്ചിരുന്ന അനേകം മഹാരഥന്മാരുടെ ജന്മഭൂമിയിലാണ് ഇന്ന് വളരെ പിന്തിരിപ്പൻ ആശയങ്ങളുമായി, കപട സദാചാരത്തിന്റെ ഖഡ്ഗവുമായി, ലക്ഷ്മണ രേഖകളുടെ ഓർമ്മപ്പെടുത്തലുകളുമായി, വിദ്യാർത്ഥിനികളുടെ ആത്മവിശ്വാസത്തെ ചോദ്യം ചെയ്യുന്ന നടപടികളുമായി ഒരു കൂട്ടം ആളുകൾ കടന്നു വരുന്നത് . തുല്യനീതിയും സ്വാതന്ത്ര്യവും ഉറപ്പ് നൽകാൻ ജനാധിപത്യമൂല്യങ്ങൾ പഠിപ്പിക്കുന്ന വിദ്യാകേന്ദ്രങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. അത് നിറവേറ്റാനായി കൈകൊള്ളേണ്ട നിർദേശങ്ങൾ മുന്നോട്ട് വെക്കുകയാണ് സമാഗതി റിപ്പോർട്ട്.

റിസർച്ച് ഗൈഡുമാരിൽ നിന്നും വിദ്യാർത്ഥിനികൾ നേരിടുന്ന ചൂഷണം തുടങ്ങി വിദ്യാർത്ഥിനികളും അധ്യാപികമാരും ക്യാമ്പസുകളിൽ നേരിടുന്ന വ്യക്തമായ വിവേചനത്തിന്റെയും മാനസികപീഡനത്തിന്റെയും ചിത്രമാണ് സമാഗതി റിപ്പോർട്ടിലൂടെ പുറത്തു വന്നത്. വനിതാ

**സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിയെ അണ കെട്ടി നിർത്താനുള്ള ശ്രമങ്ങൾ ചെറുക്കപ്പെടേണ്ടതുണ്ട്. ക്രമാനുഗതമായ വളർച്ച സ്ത്രീകളുടെ എണ്ണത്തിൽ ഉണ്ടായത് കൊണ്ട് മാത്രം സ്ത്രീ മുന്നേറ്റം ശക്തമായി എന്നു പറയാനാകില്ല,മറിച്ച് പ്രതിപാദകമായ സാന്നിധ്യവും, പ്രാതിനിധ്യവും സംഭാവനകളും സ്ത്രീകളുടെതായി ഉണ്ടാകേണ്ടതുണ്ട് .**

സെല്ലുകളുടെ കെടുകാര്യസ്ഥത, കോളേജിലെ അടിസ്ഥാനസൗകര്യങ്ങളുടെ ജീർണാവസ്ഥ, ക്യാമറ കണ്ണുകളുമായി സ്ത്രീകളുടെ സ്വാതന്ത്ര്യ ഇടങ്ങളിലേക്കുള്ള ഒളിഞ്ഞു നോട്ടം,സദാചാര പോലീസ് ചമഞ്ഞു സ്ത്രീയുടെ മുന്നേറ്റങ്ങൾക്ക് തടയിടൽ, ഹോസ്റ്റൽ നിയമങ്ങളിലും ലൈബ്രറി സമയങ്ങളിലും ഉള്ള വിവേചനം,സ്ത്രീ തടവറയാകുന്ന ഹോസ്റ്റലുകൾ, ക്ലാസ് മുറികളിലെയും ക്യാമ്പസിലെയും ആൺപെൺ വേർതിരിവ് തുടങ്ങി സാക്ഷര കേരളത്തിന്റെ ആത്മാഭിമാനത്തിന് ക്ഷതമേൽപ്പിക്കുന്ന വിവരങ്ങളും വിവരണങ്ങളുമാണ് സമാഗതി കമ്മിറ്റിക്ക് മുന്നാകെ വന്നത്. റിപ്പോർട്ട് നടപ്പാക്കാൻ പെൺകുട്ടികൾ മുറവിളി കൂട്ടുമ്പോഴും കമ്മിറ്റി റിപ്പോർട്ട് വാസ്തവവിരുദ്ധമാണെന്ന് പറഞ്ഞു തള്ളിക്കളയാനാണ് ഉന്നതവിദ്യാഭ്യാസതലത്തിൽ പോലും നീക്കമുണ്ടായത്.

### കമ്മിറ്റിയിലെ പ്രധാന നിർദ്ദേശങ്ങൾ

■ കേരള ഹയർ എജ്യുക്കേഷണൽ കൗൺസിലിന്റെ കീഴിൽ ക്യാമ്പസുകളിലെ ലിംഗനീതി ഉറപ്പു വരുത്താനായി ഒരു നോഡൽ യൂനിറ്റ് സ്ഥാപിക്കണം.

■ ഓരോ ഉന്നതവിദ്യാഭ്യാസകേന്ദ്രവും പരാതി പരിഹാര സെൽ രൂപികരിക്കുകയും (ICC - INTERNAL COMPLAINTS COMMITTEE and GSCASH- GENDER SENSITIZATION COMMITTEE AGAINST SEXUAL HARASSMENT) സെൽ അംഗങ്ങളുടെ പേരും മറ്റു വിവരങ്ങളും പ്രദർശിപ്പിക്കുകയും ചെയ്യണം.

■ ലൈംഗികപീഡനവുമായി ബന്ധപെട്ട പരാതികളിൽ ഉദാരസമീപനം പാടുള്ളതല്ല. കമ്മിറ്റിയുടെ എല്ലാ പ്രവർത്തനങ്ങളും കൃത്യമായി നിരീക്ഷിക്കുകയും സ്ഥാപനത്തിന് അനുവദിക്കപ്പെടുന്ന ഫണ്ട്, അംഗീകാരം എന്നിവയ്ക്ക് മാനദണ്ഡമാക്കുകയും വേണം.

■ പ്രശ്നങ്ങളെ പൊതുവായി നേരിടാനായി അക്കാദമിക സമൂഹം, ചുറ്റുമുള്ള പൗരാവലി, സാമൂഹ്യപ്രവർത്തകർ, മാധ്യമ പ്രതിനിധികൾ, ഡോക്ടർമാർ, വക്കീലന്മാർ, നിയമപാലകർ എന്നിവരെയെല്ലാം ഉൾപ്പെടുത്തി ഒരു സെൽ രൂപീകരിക്കണം.

■ ലൈംഗികപീഡനങ്ങളെ സംബന്ധിച്ച പരാതികളിൽ ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും സാമയികമായ റിപ്പോർട്ട് ആവശ്യപ്പെടുകയും വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും രഹസ്യമായി പ്രതികരണങ്ങൾ തേടുകയും വേണം.

■ പെൺകുട്ടികൾക്കു പഠനാവശ്യങ്ങൾക്കായി സാമ്പത്തിക സഹായവും ഹോസ്റ്റൽ സൗകര്യങ്ങളും നല്കണം. വീട്ടിൽ ഏതെങ്കിലും തരത്തിൽ പീഡനം നേരിടുന്ന വിദ്യാർത്ഥിനികൾക്ക് ആവശ്യമെങ്കിൽ താമസിക്കാനായി സൗകര്യം ചെയ്തു നൽകണം.

■ ഗർഭധാരണം, പ്രസവം എന്നീ ചുമതലകൾ വഹിക്കാനായി അവധിയിൽ പോകുമ്പോൾ പഠനവും ഗവേഷണവും നിലച്ചു പോകാതിരിക്കാൻ ആവശ്യമെങ്കിൽ അവർക്ക് സഹായകരമാകുന്ന രീതിയിൽ നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തണം.

■ യൂണിവേഴ്സിറ്റി തലത്തിൽ ഭരണം സംബന്ധിക്കുന്ന ഉന്നത പദവികളിൽ സ്ത്രീകൾക്ക് നിയമനം കൊടുക്കുകയും സ്റ്റാറ്റ്യൂറ്ററി ബോഡികളിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പ് വരുത്തുകയും വേണം.

■ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന ഓറിയെന്റേഷൻ പ്രോഗ്രാമുകളിൽ ജെണ്ടർ വിഷയങ്ങൾ പ്രതിപാദിക്കുന്ന മോഡ്യൂളുകൾ നിർബന്ധമായും ഉൾപ്പെടുത്തണം.

■ രാഷ്ട്രീയ പാർട്ടികൾ ലൈംഗികപീഡന പരാതികളിൽ ഇടപെടുന്നതും ലിംഗനീതി അട്ടിമറിക്കുന്നതും തടയണം.

■ ക്യാമ്പസ്സിലെ പൊതുഇടങ്ങൾ പെൺകുട്ടികൾക്ക് തുല്യാവകാശത്തോടെ ഉപയോഗിക്കാൻ കഴിയണം.

■ സ്ത്രീസൗഹൃദപരമായ അടിസ്ഥാന സൗകര്യങ്ങൾ നിർബന്ധമായും സജ്ജമാക്കണം.

■ ലൈബ്രറി സമയങ്ങൾ, ലബോറട്ടറി സമയങ്ങൾ എന്നിവയിൽ സ്ത്രീകളോട് വിവേചനം കാണിക്കരുത്.

■ ഇന്റേണൽ മാർക്ക് കുട്ടികളെ ചൂഷണം ചെയ്യാനുള്ള ഒരു മാർഗ്ഗമായി മാറരുത്. അത്തരം പരാതികൾ കൈകാര്യം ചെയ്യാൻ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം

■ വിമൻസെൽ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും മോഡൽ വിമൻ സെല്ലുകൾക്ക് അവാർഡ് നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുകയും വേണം.

*സമാഗതി റിപ്പോർട്ട് പൂർണ്ണ രൂപത്തിൽ കേരള ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.*

## അഭിനന്ദനങ്ങൾ






### ഡോ.മിനിപ്രസാദ്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2015ലെ കെ.എം.ജോർജ്ജ് സ്മാരക സാഹിത്യനിരൂപണ പുരസ്കാരത്തിന് ഡോ.മിനിപ്രസാദിന്റെ പെൺ കഥകളുടെ ഫെമിനിസ്റ്റ് വായനകൾ എന്ന പുസ്തകം തെരഞ്ഞെടുക്കപ്പെട്ടു. സംഘടിത പത്രാധിപസമിതിയംഗം കൂടിയായ ഡോ.മിനിപ്രസാദ് ചുങ്കത്തറ മാർത്തോമാ കോളേജിൽ മലയാളവിഭാഗം അദ്ധ്യാപികയാണ്.

### ഡോ.സുനിത ടി.വി



സൈബർ ലോകത്തെ സാഹിത്യവ്യവഹാരങ്ങളിൽ സ്ത്രീയെക്കുറിച്ചുള്ള ഭാവനകൾ അടയാളപ്പെടുന്നതിനെ സൈദ്ധാന്തികവും ഗവേഷണാത്മകവുമായി അവതരിപ്പിക്കുന്ന പഠനമാണ് ഡോ.സുനീത ടി.വിയുടെ സൈബർകഥകളിലെ സ്ത്രീ. 2015 ഡിസംബറിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഈ പുസ്തകം സ്ത്രീവാദവിജ്ഞാനീയത്തിന് ഒരു മുതൽക്കൂട്ടാണ്. കോഴിക്കോട് സാമോരിൻസ് ഗുരുവായൂരപ്പൻ കോളേജ് മലയാളവിഭാഗം അധ്യാപികയും സംഘടിത പത്രാധിപസമിതി അംഗവുമാണ് സുനീത.



# സബൂറ കമൽ
## ഓർമ്മയിലെ വിദ്യാർത്ഥിജീവിതം

സ്ത്രീവിദ്യാഭ്യാസം ബാലികേറാമലയായിരുന്ന കാലത്ത് അറിവിനെ കീഴടക്കിയവരാണ് കേരളത്തിൽ സ്ത്രീനവോത്ഥാനത്തിന്റെ ചരിത്രം സൃഷ്ടിച്ചത്. പുരുഷ കേന്ദ്രീകൃത സമൂഹവും സമുദായവും തീർത്ത പ്രതിസന്ധികളുടെ കൊടുമുടി കീഴടക്കൽ തീർത്തും അസാധ്യമായിരുന്നു. എന്നാൽ അത് അനിവാര്യവുമായിരുന്നു. ഗതകാലപ്രൗഢിയിൽ നാം അഭിമാനിക്കുന്ന സ്ത്രീനാമങ്ങലെല്ലാം അന്നത്തെ ചുട്ടുപഴുത്ത പണിയാലകളിൽ വിളക്കിച്ചേർത്തവയാണ്.

മുസ്ലീംസമുദായത്തിലെ സ്ത്രീപ്രശ്നങ്ങൾ പറഞ്ഞാൽ തീരാത്തയത്രയുണ്ടായിരുന്നു. പുറത്തുകടക്കാൻ സാധിക്കാത്ത തരത്തിൽ എന്നും ഒരു ഒളിയിടം അവർക്കായി മറച്ചുകെട്ടിയിരുന്നു. യാഥാസ്ഥിതികത്വത്തിന്റെ അറുപതുകളിൽ അക്ഷരങ്ങളുടെ മഹാവെളിച്ചത്തിലേക്ക് ഇറങ്ങിയതാണ് സബൂറ കമൽ. സ്ത്രീ സാന്നിദ്ധ്യം നന്നേ കുറവുള്ള ക്യാമ്പസിൽ സക്രിയമായ ഇടപെടലുകൾ... പിന്നീട് ദീർഘമായ മുപ്പത് വർഷക്കാലം കോളേജ് അദ്ധ്യാപിക ജീവിതം. പെൺമുന്നേറ്റമുള്ള ക്യാമ്പസ് രൂപപ്പെടുന്നതിന്റെ നേർസാക്ഷി... ഉൾകാമ്പുള്ള അനുഭവങ്ങളായിരുന്നു എന്നും ടീച്ചറുടെ കൈമുതൽ. വിദ്യാർത്ഥിയിൽ നിന്ന് അദ്ധ്യാപികയിലേക്കുള്ള പരിണാമകാലത്തും ശേഷവും താൻ കണ്ട ക്യാമ്പസ് ഓർത്തെടുക്കുകയാണ് മലയാളത്തിന്റെ ചലച്ചിത്ര സംവിധായകൻ കമലിന്റെ സഹധർമ്മിണി കൂടിയായ സബൂറ കമൽ....

**ആൺ–പെൺ അനുപാതം സ്കൂളുകളിലും കോളേജുകളിലും എൺപതുകളോടെയാണ് സമതുലിതാവസ്ഥയിൽ എത്താൻ തുടങ്ങിയത് എന്നാണ് എന്റെ അറിവ്. ജനസംഖ്യയിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ മുമ്പിലെത്തുകയും കൂട്ടുകുടുംബവ്യവസ്ഥിതിയിൽ നിന്ന് മാറി കേരളമാകെ ഏതാണ്ട് പൂർണ്ണമായി തന്നെ അണുകുടുംബങ്ങളായി പരിണമിക്കുകയും ചെയ്തപ്പോൾ വീട്ടകങ്ങളിൽ ഒന്നോ രണ്ടോ ആയി ചുരുങ്ങിയ പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ എല്ലാ മത–സാമുദായികവിഭാഗങ്ങളിലും പെട്ട സമൂഹം കൂടുതൽ ജാഗരൂകരായി.**

*തീക്ഷണമായ എഴുപതുകളിലെ ക്യാമ്പസ് പുരുഷാധിപത്യത്തിന്റെ കേന്ദ്രം കൂടിയായിരുന്നോ? ടീച്ചറുടെ കോളേജ് വിദ്യാഭ്യാസവും ആ കാലഘട്ടത്തിലായിരുന്നല്ലോ? അന്നത്തെ ക്യാമ്പസുകളിൽ പെൺകുട്ടികളുടെ പ്രാതിനിധ്യവും നിലവാരവും എത്രത്തോളമുണ്ടായിരുന്നു?*

വനിതകൾക്ക് മാത്രമുള്ള കോളേജുകളിൽ ഏഴുവർഷം പഠിച്ച എനിക്ക് അക്കാലത്തെ കാമ്പസ്സുകളിലെ പുരുഷാധിപത്യത്തെക്കുറിച്ച് നേരിട്ട് ബോധ്യമില്ല. വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക മേഖലകളിൽ പൊതുവെ സ്ത്രീകൾ പിന്നോക്കാവസ്ഥയിൽ ആയിരുന്ന കാലഘട്ടമായിരുന്നുവല്ലോ അത്. എഴുപതുകളിൽ പുരോഗമനപ്രസ്ഥാനങ്ങളും, വനിതാസംഘടനകളും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രതയോടെ മുന്നോട്ട് വരികയും പിന്നീടുള്ള ദശകങ്ങളിൽ സ്ത്രീശാക്തീകരണം മുഖ്യധാരയിൽ കൂടുതൽ ചർച്ചയാവുകയും ചെയ്തിട്ടുണ്ട്.

*ക്യാമ്പസുകളിൽ ലിംഗസമത്വം വേണം തുടങ്ങിയ ആധുനികവാദങ്ങൾക്ക് അക്കാലത്ത് പ്രസക്തിയുണ്ടായിരുന്നോ? പെൺകുട്ടികൾ നേതൃത്വം നൽകിയിരുന്ന സമരങ്ങളൊക്കെയുണ്ടായിരുന്നോ?*

ലിംഗസമത്വം എന്ന പദപ്രയോഗം അന്ന് കാമ്പസ്സുകളിൽ കേട്ടതായി ഓർമ്മയിലില്ല. പൊതുവെ എല്ലാ രംഗത്തും പെൺകുട്ടികൾ ആൺകുട്ടികൾക്ക് പിറകിലാണ് എന്ന ധാരണ സമൂഹം പെൺമനസ്സുകളിൽ സൃഷ്ടിച്ചിരിക്കുന്നതുകൊണ്ട് അതിനൊരു മാറ്റം വരേണ്ടതുണ്ട് എന്ന ഒരു സാമാന്യബോധം വിദ്യാർത്ഥിനികൾക്കിടയിൽ രൂപപ്പെട്ടിരുന്നില്ല. ഒറ്റപ്പെട്ട ചില പെൺശബ്ദങ്ങൾ എഴുത്തുകാർക്കിടയിൽ നിന്നും ബുദ്ധിജീവിസമൂഹത്തിനിടയിൽ നിന്നും കേട്ടിരുന്നെങ്കിലും സ്ത്രീകൾ നേതൃത്വം നൽകിയ ശ്രദ്ധേയമായ ഏതെങ്കിലും സമരത്തെക്കുറിച്ച് അറിയില്ല.

*ആൺ–പെൺ അനുപാതം സന്തുലിതമാകാൻ എത്രകാലമെടുത്തു? എന്തായിരുന്നു അതിനുള്ള സാമൂഹ്യസാഹചര്യം?*

ആൺ–പെൺ അനുപാതം സ്കൂളുകളിലും കോളേജുകളിലും എൺപതുകളോടെയാണ് സമതുലിതാവസ്ഥയിൽ എത്താൻ തുടങ്ങിയത് എന്നാണ് എന്റെ അറിവ്. ജനസംഖ്യയിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ മുമ്പിലെത്തുകയും കൂട്ടുകുടുംബവ്യവസ്ഥിതിയിൽ നിന്ന് മാറി കേരളമാകെ ഏതാണ്ട് പൂർണ്ണമായി തന്നെ അണുകുടുംബങ്ങളായി പരിണമിക്കുകയും ചെയ്തപ്പോൾ വീട്ടകങ്ങളിൽ ഒന്നോ രണ്ടോ ആയി ചുരുങ്ങിയ പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ എല്ലാ മത–സാമുദായികവിഭാഗങ്ങളിലും പെട്ട സമൂഹം കൂടുതൽ ജാഗരൂകരായി. പഠനകാര്യങ്ങളിൽ ആൺകുട്ടികളേക്കാൾ മിടുക്ക് തങ്ങൾക്കുണ്ടെന്ന് പിന്നീടുള്ള വർഷങ്ങളിലെ സ്കൂൾ-കോളേജ് തലങ്ങളിലെ ഉന്നതവിജയങ്ങളിലൂടെ പെൺകുട്ടികൾ തെളിയിക്കുകയും ചെയ്തു.

*മുസ്ലിംപെൺകുട്ടികൾക്ക് നിരവധി സാമുദായിക കാരണങ്ങൾകൊണ്ട് ഉന്നത വിദ്യാഭ്യാസത്തിൽ നിന്നും വിട്ടുനിൽക്കേണ്ടി വന്നു. എന്നാൽ ഈ അവസ്ഥയെ മറികടന്ന ടീച്ചറെപ്പോലുള്ളവരും ഏറെയുണ്ട്. അന്നത്തെ ക്യാമ്പസുകളിലെ മുസ്ലിംപെൺകുട്ടികളുടെ അവസ്ഥ എങ്ങനെ അടയാളപ്പെടുത്താം.*

സമുദായത്തിന്റെ അപ്രഖ്യാപിത വിലക്കുകളും മതനിയമങ്ങൾ എന്ന പേരിൽ അടിച്ചേൽപ്പിക്കപ്പെട്ട ആൺകോയ്മയുടെ അപ്രമാദിത്വവും മതപഠനത്തിനപ്പുറം പെൺകുട്ടികൾ

വിദ്യ ആർജ്ജിക്കേണ്ടതില്ല എ ന്ന ഒരു പൊതുധാരണ മുസ്ലിം സ്ത്രീകൾക്കിടയിൽ സൃഷ്ടിച്ചു. പ്രത്യേകിച്ചും മലബാറിൽ. അ തിന് അപവാദമായിരുന്നു ഞ ങ്ങളുടെ പ്രദേശമായ കൊടു ങ്ങല്ലൂർ . അക്കാലത്ത് തന്നെ വിദ്യാഭ്യാസരംഗത്ത് വളരെ പ്ര ഗത്ഭമതികളായ സ്ത്രീകൾ ഉന്ന തശ്രേണിയിലെത്തിയ ചരിത്രം കൊടുങ്ങല്ലൂരിനുണ്ട്.അതിന്റെ തുടർച്ചതന്നെയാവണം ഞാനട ക്കമുള്ളവർ ഉന്നതവിദ്യാഭ്യാസം നേടുകയും, തൊഴിലുകളിൽ ഏർപ്പെടുകയും ചെയ്തത്. എ ഴുപതുകൾ മുതൽ പൊതുവെ സമുദായത്തിൽ ഉണ്ടായ ഈ അവബോധം (എം.ഇ.എസ്സ്) തു ടങ്ങിയ പ്രസ്ഥാനങ്ങൾക്ക് അ തിൽ വലിയ പങ്കുണ്ട്) മലബാർ അടക്കമുള്ള പ്രദേശങ്ങളിൽ സ് ത്രീകളെ ഉന്നതവിദ്യാഭ്യാസത്തി ലേക്ക് കൈപിടിച്ച് കൊണ്ടുവരു വാൻ സഹായകമായി.

*സാമൂഹികയാഥാസ്ഥിതി കത്വം എന്നതിനേക്കാൾ 'സ്ത്രീ കൾ വീടിന്റെ വിളക്കാണ്, അതുകൊണ്ട് വിളക്ക് വീട്ടിൽ തന്നെയിരുന്നാൽ മതി' എന്ന കുടുംബധാർമ്മികതയായിരു ന്നല്ലോ അന്നത്തെ ഒരു പൊതു പ്രശ്നം. അതുകൊണ്ട് കാവ്യ ഭാവനയെ സാധൂകരിക്കുന്ന നല്ല കുടുംബിനികളാകുവാനാ യിരുന്നില്ലേ സമ്മർദ്ദം?*

ആ പഴയ കാവ്യസങ്കല്പം പ്രായോഗികജീവിതത്തിൽ വില പ്പോവില്ല എന്ന് സ്ത്രീകളും പൊതുസമൂഹവും മനസ്സിലാ ക്കിയതുകൊണ്ടാവും കുടുംബ ത്തിൽ മാത്രമല്ല സമൂഹത്തിന് മുഴുവൻ വെളിച്ചം പകരേണ്ട വി ളക്കാണ് സ്ത്രീയെന്ന് എല്ലാ സ മുദായങ്ങളും അംഗീകരിച്ചത്.

*സ്ത്രീശാക്തീകരണം, സ് ത്രീസമത്വം, ലിംഗനീതി ഉൾപ്പെ ടെയുള്ള സ്ത്രീപക്ഷസമീപന ങ്ങൾ പെൺകുട്ടികളുടെ ആധി ക്യമുള്ള പുതിയ ക്യാമ്പസുക ളിൽ എത്രമാത്രം പ്രസക്ത മാണ്?*

**സ്ത്രീസമത്വവും ലിംഗനീതിയും മുദ്രാവാക്യങ്ങൾ കൊണ്ട് നേടേണ്ടതല്ല. പുരുഷനും സ്ത്രീയും സമസൃഷ്ടികളാണെ ന്ന പ്രപഞ്ചനീതി സമൂഹം അംഗീകരിക്കുകയാണ് ആദ്യം വേണ്ടത്. ആൺകുട്ടികളും പെൺകുട്ടികളും ചെറുപ്പം മുതൽ ആ ബോധത്തോടെ വളരേണ്ടതുണ്ട്. കലാലയ ങ്ങൾ തന്നെയാണ് അതിന് മാതൃകയാവേണ്ടതും.**

സ്ത്രീസമത്വവും ലിംഗനീതി യും മുദ്രാവാക്യങ്ങൾ കൊണ്ട് നേടേണ്ടതല്ല. പുരുഷനും സ് ത്രീയും സമസൃഷ്ടികളാണെന്ന പ്രപഞ്ചനീതി സമൂഹം അംഗീ കരിക്കുകയാണ് ആദ്യം വേ ണ്ടത്. ആൺകുട്ടികളും പെൺ കുട്ടികളും ചെറുപ്പം മുതൽ ആ ബോധത്തോടെ വളരേണ്ട തുണ്ട്. കലാലയങ്ങൾ തന്നെയാ ണ് അതിന് മാതൃകയാവേണ്ട തും.

*ഇന്റേണൽ മാർക്കിന്റേത് അ ടക്കമുള്ള കാര്യങ്ങളിൽ ക്യാമ്പ സുകളിൽ വിദ്യാർത്ഥിനികൾ ചൂഷണം ചെയ്യപ്പെടുന്നു എന്ന ഉന്നതവിദ്യാഭ്യാസ കൗൺസിലി ന്റെ സമാഗതി റിപ്പോർട്ടിനെക്കു റിച്ച് എന്തുപറയുന്നു?*

ഇത്തരം കാര്യങ്ങളിൽ പെൺകുട്ടികൾ ചൂഷണം ചെയ്യ പ്പെടുകയോ പീഡിപ്പിക്കപ്പെടു കയോ ചെയ്യുന്ന സംഭവങ്ങൾ ചിലപ്പോഴെങ്കിലും ഉണ്ടാകുന്നു ണ്ട് എന്ന് തന്നെയാണ് എന്റെ വിശ്വാസം.

*ലിംഗസമത്വമുന്നയിച്ച് സമ രം നടക്കുന്ന ഫാറൂഖ് കോളേ ജിലേത് ഉൾപ്പെടെയുള്ള പ്രശ്ന ങ്ങളോട് ടീച്ചർ എങ്ങനെ പ്രതി കരിക്കുന്നു?*

ഫാറൂഖ് കോളേജ് സംഭവം ഊതിപെരുപ്പിക്കപ്പെട്ടു എന്ന് ത ന്നെയാണ് എന്റെ ബോധ്യം. മു സ്ലിംസമുദായത്തിന്റെ കാലലയ ങ്ങളിൽ മാത്രമല്ല, ഇതരസമുദാ യങ്ങളുടേതടക്കമുള്ള മാനേജ് മെന്റ് സ്ഥാപനങ്ങളിൽ ഒക്കെത ന്നെ ഇത്തരം ചില നിയന്ത്രണ ങ്ങൾ നിലനിൽക്കുന്നുണ്ട്. ലിം ഗനീതി എന്ന വലിയ ആശയ ത്തെ ഒരേ ബെഞ്ചിലിരുന്ന് പഠിക്കുക എന്നതിലേക്ക് മാത്ര മായി ചുരുക്കി കാണുന്നതിനോ ട് എനിക്ക് യോജിപ്പില്ല.

*ആൺകുട്ടികളുടേതിന് തു ല്യമായ ഹോസ്റ്റൽ, ലൈബ്രറി സമയങ്ങൾ അനുവദിക്കണമെ ന്നാവശ്യപ്പെട്ട് കാലിക്കറ്റ് യൂണി വേഴ്സിറ്റി ക്യാമ്പസുൾപ്പെടെയു ള്ളിടങ്ങളിൽ വിദ്യാർത്ഥിനീസമ രങ്ങൾ നടക്കുന്നുണ്ട്. സമരത്തി ന് കാരണമായ ഇത്തരം അസമ ത്വങ്ങൾ പൊതുവിദ്യാഭ്യാസന യങ്ങൾക്ക് എതിരല്ലേ?*

തീർച്ചയായും അതെ. പെൺ കുട്ടികളുടെ ഹോസ്റ്റലിലെ അ നീതിയും, പല രീതികളിലുള്ള വിവേചനവും കാലാകാലങ്ങളാ യി തുടരുന്നുണ്ട്. അതുപോലെ തന്നെയാണ് രാത്രികാലങ്ങളി ലെ ചില കരിനിയമങ്ങളും. പെൺകുട്ടികൾ രാത്രിയായാൽ ലൈബ്രറി ഉപയോഗിക്കാൻ പാ ടില്ലായെന്ന പ്രാകൃതചിന്തയും.

*അധ്യാപികയായതുകൊണ്ട് മാത്രം ടീച്ചർക്ക് ഏതെങ്കിലും*

*തരത്തിലുള്ള വിവേചനം നേരി ടേണ്ടിവന്നിട്ടുണ്ടോ? അല്ലെങ്കിൽ കോളേജുകളിൽ അധ്യാപകർ ക്കിടയിലെ ലിംഗസമത്വം എത്ര ത്തോളമുണ്ട്?*

അദ്ധ്യാപിക എന്ന നില യിൽ അത്തരം വിവേചനം എ നിക്ക് നേരിടേണ്ടി വന്നിട്ടില്ല. ഞാൻ ജോലി ചെയ്തിരുന്ന ക ലാലയം അക്കാര്യത്തിൽ മാതൃ കയായിരുന്നു എന്ന് വേണമെ ങ്കിൽ പറയാം. എന്റെ കൂടെ പ്ര വർത്തിച്ച അദ്ധ്യാപകരും മാന്യ തപുലർത്തിയവരാണ്. അപവാ ദങ്ങൾ ഇല്ലെന്നല്ല. പലയി ടത്തും അത്തരം അസമത്വങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് തന്നെയാ ണ് ഞാൻ കരുതുന്നത്.



**മ്യൂസ് മേരി**

വിദ്യാർത്ഥികൾ ക്ലാസ്സുകളിൽ ഇടകലർന്നിരിക്കാറുണ്ട്. പ്രത്യേകിച്ചും പി.ജി. ക്ലാസ്സുകളിൽ. എന്നാൽ നൂറ്റിപ്പത്തോളം കുട്ടികൾ ഇടകലർന്നിരിക്കുന്ന കോമൺ ക്ലാസ്സുകളിൽ അത് പലപ്പോഴും അനുവദിക്കാൻ കഴിയാറില്ല. നല്ല സൗഹൃദം വിദ്യാലയങ്ങളിൽ ദുരുപയോഗപ്പെടുത്തി ചൂഷണത്തിലേക്ക് എത്തുന്നതിന്റെ കഥകൾ ആൺ പെൺ വിദ്യാർത്ഥികളെ മാറ്റിയിരുത്താൻ പറയുന്നവർക്കുണ്ടാകാം. പക്ഷെ ചൂഷണം തടയാൻ നടപടി എടുക്കലാണ് സൗഹൃദം തടയുന്നതിനെക്കാളും ബുദ്ധിപരമായ തീരുമാനം. നല്ല സൗഹൃദങ്ങളെ ശരീരത്തിന്റെ ആവശ്യങ്ങളിലേക്ക് ചുരുക്കുന്നവരല്ല ബഹുഭൂരിപക്ഷം കുട്ടികളും. സഹവിദ്യാഭ്യാസം കോളേജുകളിൽ ആവശ്യമാണെന്ന് തന്നെയാണ് കരുതുന്നത്.

സമൂഹത്തിലെ സ്ത്രീപുരുഷ ബന്ധത്തിൽദൃശ്യമാകുന്ന അധികാര ഘടനയുടെ ഒരു മിനിയേച്ചർ രൂപം നമ്മുടെ കോളേജുകളിലും ഉണ്ട്. സൗഹൃദത്തിനപ്പുറം ആധിപത്യം ഉറപ്പിക്കാനുള്ള മൗലികാവകാശം ഉള്ളത് പോലെയാണ് പലപ്പോഴും ആൺകുട്ടികൾ പെരുമാറുന്നത്. പെൺകുട്ടികളെ ക്കൊണ്ട് അസൈന്മെന്റ് എഴുതിപ്പിക്കുന്നതിലും മറ്റും ഇത് പ്രകടമാകാറുണ്ട് . സംഘടനാപ്രവർത്തനങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങളിലും എല്ലാം കൂട്ട് ചേർന്ന് പ്രവർത്തിക്കുന്നതാണ് ആരോഗ്യപരമായബന്ധങ്ങൾക്ക് നല്ലത്. പെൺദ്വീപുകളും ആൺദ്വീപുകളും നമ്മുടെ സമൂഹത്തിനു ആവശ്യമില്ല. പക്ഷെ ഈ ആൺപെൺകൂട്ടായ്മ അധികാരഇടങ്ങളിലും വേണം. പലപ്പോഴും ഇരുപത് ശതമാനം മാത്രമുള്ള ആൺകുട്ടികൾ ഭൂരിപക്ഷമാകുന്ന കോളേജ് യൂണിയനുകളാണ് പല കോളേജുകളിലും നിലവിൽ വരുന്നത്. ഒരു ബെഞ്ചിൽ ഇരുന്നത് കൊണ്ട് മാത്രം സ്ത്രീ സ്വന്തം ഇടം കണ്ടെത്തിയെന്നോ സ്വാതന്ത്ര്യം നേടിയെന്നോ വിചാരിക്കുന്നില്ല. അധികാരത്തിന്റെ വ്യവഹാരഇടങ്ങളിൽ പോലും സ്ത്രീ തുല്യമായി ഇടപെടുന്ന സാഹചര്യം സംജാതമാകട്ടെ. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ മത ജാതി രാഷ്ട്രീയ സംഘടനകൾ വളരെ സമർത്ഥമായി സ്ത്രീകളെ അധികാരത്തിന്റെ ഉന്നത ശ്രേണികളിൽ നിന്നും മാറ്റി നിർത്തുന്നതായി കാണാം. അതിന്റെ ഒരു ചെറുരൂപം നമുക്ക് ക്യാമ്പസുകളിലും കാണാനാകും. ഒന്നിച്ചിരിക്കാനുള്ള അവകാശവാദം ഉപരിപ്ലവമാണ്. അധികാരത്തിൽ നിന്ന് മാറ്റി നിർത്തപെട്ടിട്ടു ഒന്നിച്ചിരിക്കാൻ അവകാശം മാത്രം നേടിയെടുക്കുന്നതിൽ കഴമ്പില്ല. ആൺചേതനയ്ക്ക് വലിയൊരു അഴിച്ച് പണി ആവശ്യമാണ് കേരളത്തിൽ. അത് പോലെ പെൺ മനസ്സുകൾക്കും. വിധേയത്വം പ്രകടിപ്പിക്കേണ്ട കാലം കഴിഞ്ഞു പോയിരിക്കുന്നു എന്ന് നമ്മുടെ പെൺകുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്.



അലീന എസ്.

സമീപകാലത്തായി കേരളത്തിലെ കലാലയങ്ങൾ വാർത്തകളിൽ ഇടം പിടിക്കുന്നതു നിരോധനങ്ങളുടെയും അവയുടെ ലംഘനത്തെ തുടർന്നുണ്ടാകുന്ന കോലാഹലങ്ങളുടെയും ഭാഗമായാണ്. ലോകത്തിനു മുൻപിൽ വിദ്യാഭ്യാസ മാതൃക കാണിച്ചു കൊടുത്ത ഒരു സംസ്ഥാനത്തിന്റെ സാംസ്കാരിക നിലവാരത്തിനു നിരക്കാത്ത സംഭവവികാസങ്ങളാണ് ഇവയിൽ പലതുമെന്നതാണ് പരിതാപകരം. വിദ്യാർത്ഥികളും അദ്ധ്യാപകരും എന്തു ചർച്ച ചെയ്യണം, എന്തു ഭക്ഷണം കഴിക്കണം, ഏതു വസ്ത്രം ധരിക്കണം, ഏതു വിധേന പെരുമാറണം തുടങ്ങി വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ പോലും അധികാരികളുടെ മത-രാഷ്ട്രീയ-കച്ചവട താൽപര്യങ്ങളുടെ ചട്ടക്കൂടിനുള്ളിൽ സ്ഥാപിക്കുവാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സമീപകാലത്തായി ഫറൂഖ് കോളേജിലും കേരളവർമ്മ കോളേജിലും ഫാത്തിമ മാതാ നാഷണൽ കോളേജിലും കാലടി യൂണിവേഴ്സിറ്റിയിലുമൊക്കെയുണ്ടാകുന്ന സംഭവങ്ങൾ ഇതിനുദാഹരണമാണ്. ഇതു കേവലം ഒറ്റപ്പെട്ട സംഭവങ്ങളല്ല. ജനാധിപത്യ സങ്കൽപ്പങ്ങളുടെ കേന്ദ്ര



# സ്വാതന്ത്ര്യവും, സമത്വവും, പരീക്ഷയ്ക്കുള്ളതാണ്, പ്രയോഗിക്കാൻ വേണ്ടിയല്ല !?

മെന്ന കലാലയ സങ്കൽപം കേര ളത്തിനു അന്യം നിന്നു പോകുന്ന പ്രവണതയിലേക്കാണ് ഈ സംഭവങ്ങൾ വിരൽചൂണ്ടു ന്നതു എന്നു പറയാതെ വയ്യ. എതിരഭിപ്രായങ്ങളോട് കല ഹിച്ചു കൊണ്ട്, ചർച്ച ചെയ്തും നിഷേധിച്ചും  പുതിയ പുതിയ ചിന്തകളിലേയ്ക്കുള്ള ചടുലമായ യുവത്വം കലാലയങ്ങൾക്ക് അന ഭിലഷണീയമാകുന്നു. പണ്ഡി തനും പാമരനും ആണും പെണ്ണു മെല്ലാം വ്യക്തികളായി മാത്രം പരിഗണിക്കപ്പെടുന്നു എന്ന സാഹചര്യം മാറുന്നു. ഫറൂഖ് കോളേജിലുൾപ്പെടെയുണ്ടായി രന്ന വിഷയങ്ങൾ ക്യാമ്പസ് ജനാധിപത്യം നേരിടുന്ന വെല്ലു വിളികളുടെ പ്രതിഫലനമാ ണെന്ന് പ്രബുദ്ധ കേരളം തിരിച്ച റിയണം.

വിദ്യാർത്ഥികളുടെ സൗഹൃദം എങ്ങനെയാകണം എന്നു മാനേ ജ്മെന്റ് തീരുമാനിച്ചിടത്താണ് ഫാറൂഖ് കോളേജ് സംഭവങ്ങൾ ആരംഭിക്കുന്നത്. അധികം ചർച്ച ചെയ്യപ്പെട്ടില്ലെങ്കിലും സമാനമായ അന്തരീക്ഷമാണ് കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിലും നിലനിന്നിരുന്നത്. ക്ലാസ് നടക്കാത്ത സമയത്തെല്ലാം പെൺകുട്ടികൾ quartangle എന്ന സ്ഥലത്തിരിക്കണമെന്നുൾപ്പെടെ യുള്ള നിരവധി നിയന്ത്രണങ്ങൾ അവിടെയുണ്ടായിരുന്നു. സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കുന്ന മാനേജ്മെന്റ് നിലപാടിനെതിരെ വിദ്യാർത്ഥികൾ ഒറ്റക്കെട്ടായി നട ത്തിയ സമരത്തെ തുടർന്നാണ് ആ അവസ്ഥയ്ക്ക് പരിഹാരമു ണ്ടായത്. സമീപകാലത്ത് കേരള ത്തിലെ ഉന്നത വിദ്യാഭ്യാസ മേഖ ലയെക്കുറിച്ച് പഠിച്ച മീനാക്ഷി ഗോപിനാഥൻ റിപ്പോർട്ടും കാമ്പ സ്സുകളിൽ ലിംഗവിവേചനം നില നിൽക്കുന്നുവെന്ന് ചൂണ്ടിക്കാണി ക്കുന്നു.

**സമത്വം നിഷേധിക്കപ്പെടുന്ന ക്യാമ്പസ്സുകൾ**

വിദ്യാർത്ഥികളുടെ മൗലിക മായ അവകാശങ്ങളും സ്വതന്ത്ര



മായ നിലനിൽപും ഉന്നതവിദ്യാ ഭ്യാസരംഗത്തു പോലും എത്ര ത്തോളം പ്രാപ്യമാണെന്നത് നിസ്സാരമായൊരു ചോദ്യമല്ല. ഉന്നതവിദ്യാഭ്യാസത്തിന്റെ തന്നെ ഉയർന്ന ഘട്ടമായ ഗവേഷണ മേഖലയിൽ ഈ ചോദ്യം കൂടു തൽ ഗൗരവസ്വഭാവം കൈക്കൊ ള്ളുന്നു. പഠന സമ്പ്രദായത്തിന്റെ തന്നെ പ്രത്യേകതകൾ മൂലം കൂടുതൽ സ്വതന്ത്രവും സ്വച്ഛവു മായ അന്തരീക്ഷം ഗവേഷണ ത്തിനു അനുപേക്ഷണീയമാണ്. പത്തു മണി മുതൽ നാലു മണി വരെയെന്ന സമയ ക്ലിപ്തത പാലിക്കപ്പെടാൻ സാധിക്കാത്ത കോഴ്സെന്ന നിലയിൽ പഠനാന്ത രീക്ഷം ഗവേഷകരെ സംബന്ധി ച്ചിടത്തോളം പ്രധാനമാണ്. മാത്ര മല്ല ഗവേഷണ മാർഗ്ഗദർശിയും (Supervising teacher) ഗവേഷക രുമായുള്ള ബന്ധവും കൂടുതൽ വ്യക്തിനിഷ്ഠം (subjective)മാണ്. ഈ പ്രത്യേകതകൾ പരിഗണിച്ചു

കൊണ്ടുള്ള സമ്പ്രദായങ്ങളല്ല സർവ്വകലാശാലകളിൽ പോലും നിലനിൽക്കുന്നത്. സാമൂഹ്യ-കുടുംബ സാഹചര്യങ്ങൾക്കു യോജിക്കുന്ന സമ്പ്രദായങ്ങളല്ല ഗവേഷക ജീവിതത്തിന്റേത്. വിവരശേഖരണത്തിനായും സെമിനാറുകളിലെ പങ്കാളിത്തത്തിനുമായി നടത്തേണ്ടി വരുന്ന നിരവധി യാത്രകളും രാത്രിയെന്നോ പകലെന്നോയില്ലാതെ ആവശ്യമായി വരുന്ന ലൈബ്രറി റഫറൻസുകളും പരിചിതരും അപരിചിതരുമായി പഠനാവശ്യത്തിനായി തന്നെയും നടത്തുന്ന ചർച്ചകളുമുൾപ്പെടെ ശരാശരി ഗവേഷണത്തിനു വേണ്ടുന്ന മിനിമം ആവശ്യകതകൾ മനസ്സിലാക്കുവാൻ പൊതുവെ കുടുംബങ്ങൾക്കും സമൂഹത്തിനും ബുദ്ധിമുട്ടാണ്. ഇത്രയൊക്കെ എന്തിനാ എന്ന ചോദ്യം ഒരിക്കലെങ്കിലും വേണ്ടപ്പെട്ടവരിൽ നിന്നും ഗവേഷകർക്കു നേരിടേണ്ടി വന്നേക്കാം. പെൺകുട്ടികളാണെങ്കിൽ ഈ ചോദ്യത്തിനു മറുപടി ഫലിപ്പിക്കുക തെല്ല് പ്രയാസവുമാണ്. ഗവേഷണത്തിന്റെ spirit മനസ്സിലാക്കുവാൻ പൊതുസമൂഹത്തിനോ കുടുംബത്തിനോ സാധിക്കാതെ വരുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. കാരണം സമൂഹത്തിന്റെ പൊതുബോധത്തിലേക്ക് ഗവേഷണമെന്തെന്ന് അറിവായിട്ടില്ല. ഈ നഷ്ടം കൂടി നികത്തപ്പെടേണ്ടത് സർവ്വകലാശാലയിലാണ്. എന്നാൽ സർവ്വകലാശാല അധികാരികൾ യാഥാസ്ഥിതികമായ ചട്ടക്കൂടിനുള്ളിൽ നിന്നു പുറത്തു വരാൻ ഗവേഷകരെ അനുവദിക്കുന്നില്ലയെന്നതാണ് സമീപകാലത്ത് കാലടിസർവ്വകലാശാലയിലെ ഹോസ്റ്റൽ സമരത്തെ കൈകാര്യം ചെയ്ത രീതി വെളിവാക്കുന്നത്. ഹോസ്റ്റൽ പ്രവേശനത്തിലെ ക്രമക്കേടുകൾക്കെതിരെ സമരം ചെയ്ത 23 ഗവേഷക വിദ്യാർത്ഥിനികളെ ജാമ്യമില്ലാ വകുപ്പ് ചുമത്തി തുറങ്കിലടയ്ക്കാൻ അന്ന് രജിസ്ട്രാർ തീരു

**വിവാഹിതരും അമ്മമാരുമായവരും അല്ലെങ്കിൽ വിവാഹിതരാവാനുള്ള സമ്മർദ്ദത്തിൽ നിൽക്കുന്നവരുമാണ് ബഹുഭൂരിപക്ഷം ഗവേഷക വിദ്യാർത്ഥിനികളും. കുടുംബപരവും വ്യക്തിപരവുമായ ധാരാളം ഉത്തരവാദിത്വങ്ങളുടെ സങ്കീർണ്ണതകൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഇവർ ഗവേഷണം നടത്തുന്നത്. ഈ സങ്കീർണ്ണതകൾ അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് സ്വതന്ത്രമായ വിജ്ഞാന നിർമ്മാണത്തിന്റെ അന്തരീക്ഷത്തിലേക്ക് ഗവേഷകരെ പ്രത്യേകിച്ച് വനിതാ ഗവേഷകരെ എത്തിക്കേണ്ട ഉത്തരവാദിത്വം സർവ്വകലാശാലയ്ക്കുണ്ട്.**



മാനിച്ചു. ഒരിക്കൽ പോലും ചർച്ചയ്ക്ക് വിളിക്കാതെയും വസ്തുതാ വിരുദ്ധമായ കാരണങ്ങൾ പറഞ്ഞും കേസ് ചുമത്തുക മാത്രമല്ല, പിന്നീട് ജാമ്യം ലഭിച്ച ഗർഭിണിയടക്കമുള്ള പെൺകുട്ടികൾ തിരിച്ച് യാത്രാ സൗകര്യം പോലുമില്ലാതെ അർദ്ധരാത്രി പ്രാന്തപ്രദേശത്തുള്ള മജിസ്ട്രേറ്റിന്റെ വീടിനു മുൻപിൽ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. മാത്രമല്ല, ഈ കേസിന്റെ പേരു പറഞ്ഞ് വീടുകളിലേക്ക് ഫോൺചെയ്തുകൊണ്ട് സമരം ചെയ്തവരെ സമ്മർദ്ദത്തിലാക്കുവാൻ ശ്രമിക്കുകയും ചെയ്തു. പെൺകുട്ടി എന്ന നിലയിൽ യഥാസ്ഥിക സമൂഹം കൽപിക്കുന്ന എല്ലാ പരിമിതികളും പരമാവധി ഉപയോഗിച്ചുകൊണ്ട് വിദ്യാർത്ഥിനി സമരത്തെ ഇല്ലാതാക്കുവാനുള്ള ശ്രമമാണ് ഒരു ജനാധിപത്യ സ്ഥാപനത്തിന്റെ അധികാരതലത്തിലിരിക്കുന്ന അഭ്യസ്ഥവിദ്യന്റെ ഭാഗത്തു നിന്നുണ്ടായത്.

വിവാഹിതരും അമ്മമാരുമായവരും അല്ലെങ്കിൽ വിവാഹിതരാവാനുള്ള സമ്മർദ്ദത്തിൽ നിൽക്കുന്നവരുമാണ് ബഹുഭുരിപക്ഷം ഗവേഷക വിദ്യാർത്ഥിനികളും. കുടുംബപരവും വ്യക്തിപരവുമായ ധാരാളം ഉത്തരവാദിത്വങ്ങളുടെ സങ്കീർണ്ണതകൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഇവർ ഗവേഷണം നടത്തുന്നത്. ഈ സങ്കീർണ്ണതകൾ അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട്

സ്വതന്ത്രമായ വിജ്ഞാന നിർമ്മാണത്തിന്റെ അന്തരീക്ഷത്തിലേക്ക് ഗവേഷകരെ പ്രത്യേകിച്ച് വനിതാ ഗവേഷകരെ എത്തിക്കേണ്ട ഉത്തരവാദിത്വം സർവ്വകലാശാലകൾക്കുണ്ട്. എന്നാൽ ഈ സങ്കീർണ്ണതകൾ കൂടി ദുരപയോഗപ്പെടുത്തി ഇവരെ തങ്ങളുടെ ചൊൽപ്പടിക്കു നിർത്തുവാനുള്ള തന്ത്രമാണ് അധികാരികൾ മെനയുന്നത്. കാലിക്കറ്റ്യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ പാമ്പു കടിയേറ്റ ഗവേഷകയും സമാനമായ പീഢാനുഭവങ്ങളാണ് നേരിടേണ്ടി വന്നത്. സ്വന്തം ഉത്തരവാദിത്വത്തിൽ ജീവിതം ചിട്ടപ്പെടുത്തുവാനുള്ള പ്രായവും പക്വതയുമെത്തിയവരായി വനിതാ ഗവേഷകരെ കാണുവാൻ അധികാരികൾ വിസ്സമ്മതിക്കുന്നു.

രാത്രി എത്ര മണി വരെ ലൈബ്രറി പ്രവർത്തിച്ചാലും എന്തെല്ലാം പരിപാടികളുണ്ടെങ്കിലും നിശ്ചിത സമയത്തിനു മുൻപ് ഹോസ്റ്റലിൽ കയറണം എന്ന ചട്ടം ഗവേഷക ഹോസ്റ്റലിൽ ഉൾപ്പെടെ നിലവിലിരിക്കുന്നു. സാധാരണ നിയമലംഘനത്തിനുള്ള ആദ്യ ശിക്ഷാനടപടി വീട്ടിൽ വിളിച്ചറിയിക്കുകയാണ്. നേരമിരുട്ടിയിട്ടും എന്തുചെയ്യുകയാണെന്ന് വീട്ടുകാരെ ബോദ്ധ്യപ്പെടുത്തി മാത്രം ഹോസ്റ്റലിൽ കഴിയേണ്ടി വരുന്ന അവസ്ഥ സങ്കൽപ്പിക്കാവുന്നതേയുള്ളൂ. ഗവേഷകസമരവുമായി ബന്ധപ്പെട്ട് പെട്ടെന്ന് മുഖ്യമന്ത്രിയെ സന്ദർശിക്കേണ്ടതിന് രാത്രി വണ്ടിക്ക് തിരുവനന്തപുരത്ത് പോകേണ്ട ഒരാവശ്യകത കഴിഞ്ഞ നവംബറിൽ കാലടി സർവ്വകലാശാലയിലെ ഗവേഷക വിദ്യാർത്ഥിനികൾക്കുണ്ടായി. എന്നാൽ 8 മണി കഴിഞ്ഞ് പുറത്തിറങ്ങണമെങ്കിൽ രജിസ്ട്രാറുടെയും ഡെപ്യൂട്ടി വാർഡന്റെയും അനുമതി കത്ത് വേണമെന്നും കാരണം അവരെ ബോദ്ധ്യപ്പെടുത്തണമെന്നും പറഞ്ഞ് ആ യാത്ര തടസ്സപ്പെടുത്തുകയുമുണ്ടായി. നിങ്ങൾ അച്ചടക്കം പരിശീലിക്കേണ്ട ആവശ്യകതയുണ്ടെന്നാണ് അന്ന് ഫോണിൽ രജിസ്ട്രാർ ഞാനടക്കമുള്ള ഗവേഷകരോട് നിരത്തിയ ന്യായം.

**സ്വതന്ത്ര വ്യക്തികളായി വികസിക്കുവാനുള്ള അവസരം സർവ്വകലാശാലയിൽ പോലും വിദ്യാർത്ഥിനികൾക്കു നിഷേധിക്കുന്നുവെന്നാണ് ഈ സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്. ആൺ–പെൺ വ്യത്യാസമില്ലാതെ വിജ്ഞാനാന്വേഷികളെന്ന ഒറ്റ അസ്ഥിത്വത്തിൽ വികസിക്കുവാൻ അനുവദിക്കുക, സാമ്പത്തിക സ്വാതന്ത്ര്യം നേടുവാനുതകുന്ന ഫെലോഷിപ്പ് നൽകിക്കൊണ്ടും മെച്ചപ്പെട്ട അക്കാദമിക് സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും സ്വതന്ത്രമായ ഗവേഷണാന്തരീക്ഷം ഒരുക്കുക, അമ്മമാരായ ഗവേഷകർക്കു കുഞ്ഞുങ്ങളെ ഒപ്പം നിർത്തുവാനുള്ള സൗകര്യമൊരുക്കുക തുടങ്ങി നിസ്സാരമായി പൂർത്തീകരിക്കാവുന്ന പൂർത്തീകരിക്കേണ്ട കടമകൾ നിർവ്വഹിക്കപ്പെടുന്നില്ല എന്നതാണ് വസ്തുത.**

സ്വതന്ത്രവ്യക്തികളായി വികസിക്കുവാനുള്ള അവസരം സർവ്വകലാശാലയിൽ പോലും വിദ്യാർത്ഥിനികൾക്കു നിഷേധിക്കുന്നുവെന്നാണ് ഈ സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്. ആൺ–പെൺ വ്യത്യാസമില്ലാതെ വിജ്ഞാന്വേഷികളെന്ന ഒറ്റ അസ്ഥിത്വത്തിൽ വികസിക്കുവാൻ അനുവദിക്കുക, സാമ്പത്തിക സ്വാതന്ത്ര്യം നേടുവാനുതകുന്ന ഫെലോഷിപ്പ് നൽകിക്കൊണ്ടും മെച്ചപ്പെട്ട അക്കാദമിക് സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും സ്വതന്ത്രമായ ഗവേഷണാന്തരീക്ഷം ഒരുക്കുക, അമ്മമാരായ ഗവേഷകർക്കു കുഞ്ഞുങ്ങളെ ഒപ്പം നിർത്തുവാനുള്ള സൗകര്യമൊരുക്കുക തുടങ്ങി നിസ്സാരമായി പൂർത്തീകരിക്കാവുന്ന, പൂർത്തീകരിക്കേണ്ട കടമകൾ നിർവ്വഹിക്കപ്പെടുന്നില്ല എന്നതാണ് വസ്തുത.

പലപ്പോഴും ഗവേഷകർക്ക് ഗവേഷണ മാർഗ്ഗദർശിയുമായി ആരോഗ്യകരമായ ബന്ധം നിലനിർത്തുവാൻ സാധിക്കാതെ പോകുന്നു. നിരവധി ചൂഷണങ്ങൾക്ക് വിധേയരാകുവാൻ സാദ്ധ്യതയുള്ള പഠനസാഹചര്യങ്ങൾ തുടങ്ങിയ പ്രതിസന്ധികളും വനിതാഗവേഷകർ നേരിടുന്നു. ഇവയൊക്കെ പരിഹരിക്കുവാൻ നിരവധി പദ്ധതികൾ നിലവിൽ വന്നെങ്കിലും അവയൊക്കെ ഫലം കാണാതെ പോയി എന്നതും ശ്രദ്ധേയമാണ്.

നീതിനിഷേധത്തിനെതിരെ പ്രതികരിക്കുവാനുള്ള പരിമിതമായ സാഹചര്യമെങ്കിലും ഇന്നു നിലനിൽക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്ത് ഈ അടുത്ത കാലത്തായി ഉണ്ടായ പൊളിച്ചെഴുത്തുകൾ കൂടുതൽ ഭയാനകമായ അന്തരീക്ഷത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. മാനേജ്മെന്റിനു മൃഗീയ ഭൂരിപക്ഷമുള്ള സ്വയംഭരണ കോളേജുകളിലാണ് Ferotic FMNC Kollam) വിദ്യാർത്ഥിസൗഹൃദങ്ങൾക്കു വിലക്കുവീണത്. സ്വയംഭരണ കോളേജിൽ സ്വാതന്ത്ര്യം നടത്തിപ്പുകാർക്കാണ് എന്നതാണ് ഇതു വ്യക്തമാക്കുന്നത്. എതിർശബ്ദ

ങ്ങളെയോ വിദ്യാർത്ഥിരാഷ്ട്രീയമോ അവകാശബോധമോ സ്വയംഭരണകോളേജിലെ വിദ്യാർത്ഥിക്കു വിധിച്ചിട്ടുള്ളതല്ല. അതുകൊണ്ടാണ് കൂട്ടുകാരിയോട് സംസാരിക്കുന്നവൻ പടിക്കു പുറത്താകുന്നത്. അല്ലെങ്കിൽ അങ്ങനെയുള്ള 'ധിക്കാരി'കളുടെ ഭാവി ഇന്റേണൽ മാർക്കിലൂടെ വെട്ടിചുരുക്കപ്പെടുന്നത്. സമാനമായ സാഹചര്യമായിരിക്കാം സ്വകാര്യ സർവ്വകലാശാലകളുടെ കടന്നു വരവിലൂടെ കേരളത്തിലെ സർവ്വകലാശാല സമൂഹത്തെയും കാത്തിരിക്കുന്നത്. നിരീക്ഷണ കാമറകളും പഞ്ചിംഗ് മെഷീനുകളും സ്ഥാപിച്ചുകൊണ്ട് നിരീക്ഷിക്കേണ്ട, അധിക സെക്യൂരിറ്റിമാരെ നിയമിച്ചുകൊണ്ടും രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകരുടെ പ്രവേശനം നിഷേധിച്ചുകൊണ്ടും സംരക്ഷിക്കപ്പെടേണ്ട വിഭാഗമായി ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികളെ പരിശീലിപ്പിച്ചെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങളും ഈ ആശങ്കയ്ക്ക് ബലം കൂട്ടുന്നു. ഇങ്ങനെ ചട്ടം പഠിപ്പിക്കുന്നവരിൽ, അരാഷ്ട്രീയവത്ക്കരിച്ചും സാമൂഹ്യജീവിതം നിഷേധിച്ചും നിശബ്ദരാക്കുന്നവരിൽ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ പോലും പ്പെടുമെന്നത് ഓർത്താൽ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാകും. ഇവരുൾപ്പെടെയുള്ള ഉന്നത ബിരുദധാരികൾക്ക് സ്വാതന്ത്ര്യവും സമത്വും സാഹോദര്യവും പരീക്ഷാ പേപ്പറിൽ പകർത്താനുള്ള ഉത്തരങ്ങൾ മാത്രമായിരിക്കും. ഷേക്സ്പിയറും ഷെല്ലിയും ഡിക്കൻസും ഗോർക്കിയും ആശാനും ബഷീറും ലളിതാംബിക അന്തർജനവുമെല്ലാം പകർന്നു നൽകിയ സ്വാതന്ത്ര്യത്തിന്റെ, മനുഷ്യബന്ധങ്ങളുടെ, സൗഹൃദത്തിന്റെ, പ്രണയത്തിന്റെയുമെല്ലാം ആദർശങ്ങൾ മാർക്കു വാങ്ങാനുള്ള വാചകങ്ങൾ മാത്രമാകും. ക്ലാസ് മുറികളിൽ പോലും പരിശീലിപ്പിക്കപ്പെടാൻ പറ്റാത്ത, പ്രയോഗക്ഷമത തീരെയില്ലാത്ത വരണ്ട വിജ്ഞാനവുമായി പുറത്തു വരുന്ന ഗവേഷണങ്ങളിൽ നിന്നു സമൂഹം എന്താണ് നേടുന്നത്?

***കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയും റിസേർച്ച് സ്കോളേർസ് അസോസിയേഷൻ കൺവീനറുമാണ് അലീന***

---



**ടി. പാർവതി**

കൂട്ടുകാരികളെ,നിങ്ങൾ ദേവിയായി അവതാരമെടുത്തു ഞങ്ങളെ അത്ഭുതപ്പെടുത്തേണ്ട.ഞങ്ങൾക്ക് കാഴ്ച വസ്തുക്കളുമാകേണ്ട.നിങ്ങൾ നിങ്ങളാകൂ. നിങ്ങൾ സ്വപ്നങ്ങളെ സാക്ഷാത്കരിക്കൂ. നിങ്ങൾ നിങ്ങളിലെ കഴിവുകളെ പരമാവധി സമൂഹത്തിനു പ്രയോജനകരമാകുന്ന വിധത്തിൽ ഉപയോഗിക്കൂ.ഞങ്ങൾ നിങ്ങൾക്കൊപ്പമുണ്ട്.അച്ഛനും സഹോദരനും ഭർത്താവും കാമുകനും ഉസ്താദുമാരും അധ്യാപകരും ചതിക്കുഴികൾ തീർക്കുന്ന ഈ ലോകത്ത് സൗഹൃദത്തിന്റെ അതിർവരമ്പു മാനിച്ചു സഹയാത്രികരായി നമുക്ക് മുന്നേറാം. ഫറൂഖ് കോളേജിലെ ദിനുവിനെ പോലെയുള്ള കുട്ടികൾ നമ്മുടെ മുന്നിലേക്ക് വെക്കുന്ന ആശയങ്ങളാണത്. ബന്ധങ്ങളിലെ നുണകളെയല്ല സത്യങ്ങളെ നമുക്ക് സ്വന്തമാക്കാം.ലോകം കാൺകെ ദൂരെ ദൂരെ ഇരിക്കുകയും ആരും ശ്രദ്ധിക്കുന്നില്ലെന്ന് ഉറപ്പായാൽ കടന്നു കയറുകയും ചെയ്യുന്ന പഴയ ലോകത്തിന്റെ നിയമത്തെ എന്നെന്നേക്കുമായി ഉപേക്ഷിക്കുകയാണ് ഈ പുതിയ തലമുറ. സത്യത്തിന്റെ, നേരിന്റെ ചിന്തകൾ ഇനി നമ്മെ നയിക്കട്ടെ. മതത്തിന്റെ, വർണ്ണത്തിന്റെ, ജാതിയുടെ, ലിംഗത്തിന്റെ പേരിലുള്ള വേർതിരിവുകൾ അധികാരത്തിന്റെ ആവശ്യമാണ്. നമുക്ക് വേണ്ടത് ഐക്യമാണ് . ആണായിട്ടും പെണ്ണായിട്ടും അല്ല മനുഷ്യരായി ജീവിക്കാൻ നമുക്ക് പൊരുതാം ....

---



**പി.കെ.ശ്രീമതി ടീച്ചർ**

വിദ്യാർത്ഥി വിദ്യാർത്ഥിനികളെ തിരശ്ശീലയിട്ട് മാറ്റിയിരുത്തുന്നതു പോലെയുള്ള സംഭവങ്ങൾ എവിടെയെങ്കിലും നടക്കുന്നുണ്ടെങ്കിൽ അതിനോടൊപ്പം ഒരിക്കലും യോജിക്കാനാവില്ല. സർവ്വകലാശാലകളിൽ മാത്രമല്ല പ്രീപ്രൈമറി തലത്തിൽ പോലും പെൺകുട്ടികളുടെ അവകാശം ഹനിക്കപ്പെടുകയും അവർക്കെതിരെ അക്രമങ്ങൾ നടക്കുകയും ചെയ്യുന്ന സമയത്ത് ശക്തമായ നടപടികൾ സത്വരമായി കൈക്കൊള്ളാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്. നിയമ നടപടികൾ തക്കസമയത്ത് എടുക്കുക എന്നതാണ് ഇതിനുള്ള പ്രതിവിധി

കവർസ്റ്റോറി




# ഒക്യുപയ് യുജിസി: വിപണിയാധിഷ്ഠിത വിദ്യാഭ്യാസ നയങ്ങൾക്കെതിരെ പ്രതിരോധം



അപരാജിത രാജ

**2006**ൽ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് മന്ത്രാലയം യുജിസി മുഖേന സെൻട്രൽ യൂണിവേഴ്സിറ്റികൾ കേന്ദ്രീകരിച്ചുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നടപ്പാക്കിയ നോൺ നെറ്റ് ഫെല്ലോഷിപ്പ് പദ്ധതി പ്രകാരം യുജിസിയുടെ നെറ്റ് – ജെ.ആർ.എഫ്. പരീക്ഷകളിൽ യോഗ്യത നോടാത്തവർക്കും ഗവേഷണം നടത്താൻ സാമ്പത്തിക സഹായം നൽകാൻ തീരുമാനിക്കുകയുണ്ടായി. അത് പ്രകാരം യൂണിവേഴ്സിറ്റിയുടെ റിസർച്ച് പ്രോഗ്രാമിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എം.ഫിൽ വിദ്യാർത്ഥികൾക്ക് അയ്യായിരം രൂപയും പിഎച്ച്ഡി വിദ്യാർത്ഥികൾക്ക് എണ്ണായിരം രൂപയും നൽകാൻ തീരുമാനമെടുത്തിരുന്നു. അനേകം വിദ്യാർത്ഥികൾക്ക് ഗവേഷണം തുടരാൻ ഈ സ്കോളർഷിപ്പ് ഉപകരിച്ചിരുന്നു. മുപ്പത്തിഅയ്യായിരം വിദ്യാർത്ഥികളുടെ ഗവേഷണ മോഹങ്ങൾക്ക് പാതിവഴിയിൽ തിരിച്ചടി നൽകിയിരിക്കുകയാണ് യുജിസി ഇപ്പോൾ വിവാദമായ ഫെല്ലോഷിപ്പ് നിർത്തലാക്കൽ തീരുമാനത്തിലൂടെ. വിതരണത്തിൽ സുതാര്യതയില്ലെന്ന ന്യായമാണ് സ്കോളർഷിപ്പ് നിർത്തലാക്കിയതിന് യുജിസി നൽകുന്നത്. എന്നാൽ വിദ്യാർത്ഥികൾ ആരോപിക്കുന്നത് യുജിസി തീരുമാനത്തിലൂടെ പ്രതിപാലിക്കുന്നത് ഗവൺമെന്റിന്റെ നിഗൂഢ തന്ത്രങ്ങളാണ് എന്നാണ്. 2005ലെ ദോഹ റൗണ്ട് ട്രേഡ് തീരുമാനപ്രകാരം WTO യ്ക്ക് ഇന്ത്യൻ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിപണി സാധ്യത കണ്ടെത്താൻ സഹായിക്കാം എന്ന യുപിഎ ഗവൺമെന്റിന്റെ വാഗ്ദാനം തന്നെയാണ് എൻഡിഎ ഗവൺമെന്റും ആവർത്തിക്കുന്നത്. WTO യിൽ അംഗങ്ങളായ 160 രാജ്യങ്ങൾക്ക് ഇന്ത്യയിലുട നീളം കോളേജുകളും, യൂണിവേഴ്സിറ്റികളും ടെക്നിക്കൽ ആന്റ് പ്രൊഫഷനൽ ഇൻസ്റ്റിറ്റ്യൂട്ടുകളും

ആരംഭിക്കാനായി വിദ്യാഭ്യാസ മാർക്കറ്റ് തുറക്കാനിരിക്കുകയാണ് ഗവൺമെന്റ്. ഇന്ത്യൻ വിദ്യാഭ്യാസ മേഖല കച്ചവടവത്ക്കരിക്കുന്ന ഈ തീരുമാനങ്ങൾക്കെതിരെ പ്രതിഷേധവുമായി ഒക്ടോബർ 21 മുതൽ വിദ്യാർത്ഥികൾ 'ഒക്യുപയ് യുജിസി' എന്ന പേരിൽ ഡൽഹിയിലുള്ള യുജിസി ആസ്ഥാനത്തിന് മുന്നിൽ കുത്തിയിരിപ്പ് സത്യാഗ്രഹം തുടങ്ങിയിരുന്നു. യുജിസിയിൽ നിന്ന് പാർലമെന്റിലേക്കുള്ള വിദ്യാർത്ഥികളുടെ മാർച്ചിനെ പോലീസ് മൃഗീയമായാണ് നേരിട്ടത്. പ്രത്യ

**സ്ത്രീ സമരക്കാരെ സംബന്ധിച്ചിടത്തോളം വിമോചനപരമായ ഒരു മുന്നേറ്റം തന്നെയായിരുന്നു അത്. പലരും ആദ്യമായി പങ്കെടുത്ത സമരം ആയിരുന്നു എന്നത് കൊണ്ടു തന്നെ അവരെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലൽ പകർന്ന് കൊടുത്തത് അനുഭവങ്ങളുടേയും അന്വേഷണങ്ങളുടേയും ഒരു പുതിയ പാഠം തന്നെയായിരുന്നു.**

ക്ഷത്തിൽ വിദ്യാർത്ഥി സമൂഹത്തെ മൊത്തമായി സ്വാധീനിക്കുന്ന പ്രശ്നമാണെങ്കിലും സമരത്തിൽ പങ്കെടുത്ത സ്ത്രീകൾ അനുഭവിച്ച ഇരട്ട അനീതിയുടെ ചിത്രമാണ് സംഘടിതയോട് സംസാരിച്ച ഒക്യുപയ് യുജിസി പ്രവർത്തകരിൽ നിന്ന് ലഭിച്ചത്. സമരത്തിനിറങ്ങുന്ന പുരുഷൻ അനുഭവിക്കുന്ന യാതനകളല്ല ഒരു സ്ത്രീയനുഭവിക്കുന്നത്. എല്ലാ സമര ചരിത്രങ്ങളുടേയും ഏടുകളിൽ സ്ത്രീകൾ അനുഭവിച്ച അല്ലെങ്കിൽ എന്നും സ്ത്രീകൾ മാത്രം അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങളുടെ കഥകൾ വായിക്കാനാകും. ഒക്യുപയ് യുജിസി സമര കഥയും അതിൽ നിന്ന് വ്യത്യസ്തമാകുന്നില്ല.

ഓൾ ഇന്ത്യാ സ്റ്റുഡന്റ്സ് ഫെഡറേഷൻ (AISF) JNUവിന്റെ യൂണിറ്റ് പ്രസിഡന്റ് **അപരാജിത രാജയുടെ വാക്കുകളിലൂടെ....**

*'ഒക്യുപയ് യുജിസി' ലിംഗനീതി ലക്ഷ്യമിട്ട് തുടങ്ങിയ സമരമല്ല. എങ്കിലും സ്ത്രീകളുടെ വർദ്ധിച്ച തോതിലുള്ള പ്രാതിനിധ്യം സമരത്തിന്റെ മുഖച്ഛായ മാറ്റിയിട്ടില്ലേ?*

ഒക്യുപയ് യുജിസി മുന്നേറ്റത്തിന് ലിംഗ സമത്വ ചർച്ചകളുമായി പ്രത്യക്ഷ ബന്ധം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ പോലും ഫെല്ലോഷിപ്പ് നിർത്തലാക്കിയതുമായി ബന്ധപ്പെട്ട ചർച്ചകളിലും വിലയിരുത്തലുകളിലും പൊതുജനത്തിന്റെ ശ്രദ്ധയാകർഷിക്കാൻ ഈ സമരപരിപാടിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് നിസ്സംശയം പറയാം. ഇതിന് എടുത്ത് പറയത്തക്ക ഒരു കാരണം ഈ സമരത്തിൽ വലിയ പങ്കാളിത്തം സ്ത്രീകളുടെതാണ് എന്നത് തന്നെയാണ്. സമരത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ യുജിസി ആസ്ഥാനത്തിനു മുൻപിൽ കുത്തിയിരിപ്പ് തുടങ്ങിയതോടെ പെൺകുട്ടികളുടെ പ്രാതിനിധ്യം സമരത്തെ കൂടുതൽ ജനകീയവും സ്ത്രീപക്ഷപരവും ആക്കി മാറ്റി. സമരത്തിൽ പങ്കെടുക്കുന്ന തിനുമപ്പുറം അതിന്റെ ആസൂത്രണത്തിലും കൂടിയാലോചനകളിലും പ്രചാരണ പരിപാടികളിലും പെൺകുട്ടികൾ വഹിച്ച പങ്ക് ശ്രദ്ധേയമാണ്.

*സാധാരണ രീതിയിൽ രാത്രികാലങ്ങളിൽ പെൺകുട്ടികൾക്കന്യമായ പൊതുഇടങ്ങൾ പിടിച്ചടക്കുക, അതും ഉന്നതാധികാരികളുടെ അടിച്ചമർത്തൽ നയങ്ങളെ വെല്ലുവിളിച്ച് കൊണ്ട്. ഒരുപക്ഷേ ജീവിതത്തിൽ തന്നെ ആദ്യമായി പ്രതിഷേധവുമായി പുറത്തിറങ്ങിയ വിദ്യാർത്ഥിനികളുടെ അനുഭവം എങ്ങനെയായിരുന്നു?*

സ്ത്രീസമരക്കാരെ സംബന്ധിച്ചിടത്തോളം വിമോചനപരമായ ഒരു മുന്നേറ്റം തന്നെയായിരുന്നു



അത്. പലരും ആദ്യമായി പങ്കെടുത്ത സമരം ആയിരുന്നു എന്നത് കൊണ്ടു തന്നെ അവരെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലൽ പകർന്ന് കൊടുത്തത് അനുഭവങ്ങളുടേയും അന്വേഷണങ്ങളുടേയും ഒരു പുതിയ പാഠം തന്നെയായിരുന്നു. പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും ദൃഢ നിശ്ചയത്തിന്റെയും പുതുഭൂമികയായി ഈ സമരം എന്നു പറയാം. സ്വച്ഛമായ രാത്രിതൻ സൗന്ദര്യം അനുഭവിച്ചിട്ടില്ലാത്തവർക്ക്, ഇരുൾ വീഴുമ്പോഴേ നാലുചുമരുകൾക്കുള്ളിലെ സുരക്ഷിതത്വത്തിലേക്ക് ഓടിക്കയറിക്കൊള്ളണം എന്ന് പഠിപ്പിക്കപ്പെട്ടിട്ടുള്ളവർക്ക്, ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ അവസാന അഭയകേന്ദ്രമായ യുജിസിക്ക് മുന്നിൽ പാതിരാവിൽ ഇരിക്കാനായി എന്നത് തന്നെ പുതുമയാർന്നതും അവിസ്മരണീയവുമായ അനുഭവമാണ്.

*സമരക്കാരെ പോലീസ് പല സമയത്തും അതിക്രൂരവും അപലപനീയവുമായ രീതിയിൽ ആണ് നേരിട്ടത്. ശാരീരികമായ പീഡനങ്ങൾ, മുറിവുകൾ തുടങ്ങിയവ വാക്കുകൾക്ക് പകർത്താനാവുന്നതിലും മേലെ. എങ്ങനെയാണ് അവിടെ സന്നിഹിതരായിരുന്ന സ്ത്രീകളുടെ അനുഭവത്തെ വർണ്ണിക്കാനാകുക?*




പോലീസ് സ്ത്രീ സമരക്കാരെ വളരെ ഭീകരമായി ആണ് നേരിട്ടത്. എങ്കിലും എല്ലാം അവഗണിച്ചുകൊണ്ട് വിദ്യാർത്ഥിനികൾ അവരുടെ നിലപാടുകളിൽ ഉറച്ചുനിൽക്കുകയും ഭരണയന്ത്രത്തെപ്പോലും ഭരിക്കുന്ന പുരുഷാധിപത്യ അക്രമണവാസനകളെ വെല്ലുവിളിക്കുകയും ചെയ്തു. പുരോഗമനരാഷ്ട്രീയസാധ്യതകളെ, അതിന്റെ ദൈനംദിനപ്രവർത്തനങ്ങളെ വരെ ചൊൽപ്പടിയിലാക്കാൻ വെമ്പുന്ന ഭരണകൂടഅതിക്രമങ്ങളെ ചോദ്യം ചെയ്യാൻ ഈ വിദ്യാർത്ഥിനികൾക്കായി എന്നത് ശ്രദ്ധേയമാണ്. സ്റ്റേറ്റിനെ പോലീസിനെ, യു.ജി.സിയെ എല്ലാം ചോദ്യം ചെയ്യുവാനുള്ള ഒരു അവസ്ഥ വിഭാവനം ചെയ്യാനും അത് പ്രായോഗികവത്കരിക്കാനും ഉള്ള സ്ത്രീകളുടെ ആർജ്ജവം സമൂഹത്തെ വിപ്ലവാത്മകമായ പൊളിച്ചെഴുത്തലുകളിലേക്ക് നയിക്കുവാനുള്ള നമ്മുടെ രാഷ്ട്രീയലക്ഷ്യത്തെ ത്വരിതപ്പെടുത്തുമെന്നതിൽ സംശയമില്ല.

*പെൺകുട്ടികൾ അനീതിയ്ക്കെതിരെ ശബ്ദിക്കുമ്പോഴും പ്രതിഷേധവുമായി നിരത്തിലിറങ്ങുമ്പോഴും അവർ ലിംഗപരമായ അടിച്ചമർത്തലുകൾക്കും പിഡനങ്ങൾക്കും കൂടെ വിധേയരാവുന്നു എന്ന് കാണാം. നിങ്ങളുടെ അത്തരത്തിലുള്ള അനുഭവങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് പങ്ക് വെക്കാമോ?*

സ്ത്രീകൾ നീതിക്കായ് സ്വരമുയർത്തുമ്പോൾ അവർ പലതരത്തിലുള്ള പ്രതിസന്ധികൾക്ക് നേരിടേണ്ടിവരുന്നുണ്ടെന്നത് വളരെയധികം ഞെട്ടിക്കുന്ന ഒരു വസ്തുതയാണ്. ഈ പ്രത്യേക ഘട്ടത്തിലും നമുക്കും അങ്ങനെയുള്ള പല പരീക്ഷണങ്ങളും തരണം ചെയ്യേണ്ടി വന്നിട്ടുണ്ട്. ഈ സമരപരിപാടിയുടെ പ്രത്യേകത ഒരു നിശ്ചിതസ്ഥലത്ത് രാവും പകലും ഉപരോധിക്കേണ്ടതുണ്ടായിരുന്നു. ദൽഹിയൂണിവേഴ്സിറ്റിയിലെ ഹോസ്റ്റൽ അന്തേവാസികളായിരുന്നു സമരക്കാരിൽ പലരും. വളരെ കണിശമായ ഹോസ്റ്റൽ നിയമങ്ങളും നിയന്ത്രണങ്ങളും സമയപരിധികളും വെച്ചിട്ടുള്ളത് കൊണ്ട് തന്നെ അതിനെ മറികടക്കുക എന്നത് ഇവരെ സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായിരുന്നു. അതിനും പുറമെ പോലീസുമായുള്ള ഏറ്റുമുട്ടലുകളിൽ സ്ത്രീകൾ പലപ്പോഴും ലൈംഗികാതിക്രമങ്ങൾക്ക് ഇരകളാകേണ്ടിവന്നിട്ടുണ്ട്. ഒരുദാഹരണത്തിന് ഡിസംബർ ഒൻപതിന് നടന്ന പാർലമെന്റ് മാർച്ചിനിടയ്ക്ക് സ്ത്രീ സമരക്കാരെ പോലീസ് തെരഞ്ഞ് പിടിച്ച് അക്രമിക്കുകയുണ്ടായിരുന്നു. ...... പോലീസുകാർ സ്ത്രീകളുടെ മാറിടം പിടിച്ചമർത്തുകയും ഗുഹ്യഭാഗങ്ങളിലേക്ക് ലാത്തി വെച്ച് കടത്തുകയും ചെയ്ത് കൊണ്ടിരുന്നു. ഇതുകൊണ്ടും തൃപ്തിവരാഞ്ഞാകാം പോലീസ് സ്റ്റേഷനിൽ ഞങ്ങളെ തടങ്കലിൽ വെച്ച സമയം അവർ വളരെ ആഭാസകരമായി ഞങ്ങളോട് പെരുമാറിയത്. ഞങ്ങളുടെ കീറിപറിഞ്ഞ വസ്ത്രങ്ങളെ ചൊല്ലിയും, അതിക്രൂരമായി മർദ്ദിക്കപ്പെട്ടതിനെ പറ്റിയും പുരുഷ പോലീസുകാർ നിഷ്ഠൂരമായി ഉപദ്രവിച്ചതിനെപ്പറ്റിയുമെല്ലാം പരാതി പറഞ്ഞപ്പോൾ ഒരു സീനിയർ പോ

ലീസ് ഓഫീസറിൽ നിന്ന് ഞങ്ങൾക്ക് കിട്ടിയ മറുപടി സ്ത്രീത്വത്തെ തന്നെ അപമാനിക്കുന്നതായിരുന്നു.

സ്ത്രീകൾ സമരത്തിനായി നടുറോഡിൽ ഇറങ്ങിയാൽ വസ്ത്രം കീറുന്നത് ഒരു പരാതിയായി കണക്കാക്കേണ്ടതില്ല. അതൊക്കെ സഹിക്കാൻ പറ്റുന്നവർ ഇറങ്ങിയാൽ മതി എന്നായിരുന്നു അവരുടെ ന്യായം.

*നൂതനമായ ഈ സമരാശയത്തെ ക്യാമ്പസിൽ ആൺ പെൺ വിദ്യാർത്ഥികൾ എങ്ങനെയാണ് ഏറ്റെടുത്തത്? എന്തായിരുന്നു അധ്യാപക സമൂഹത്തിന്റെ പ്രതികരണം?*

ഒക്യുപയ് യുജിസി അക്കാദമിക് സമൂഹത്തിന്റെ പല കോണുകളിൽ നിന്നും അഭിപ്രായ ഐക്യം നേടിയെടുക്കുന്നതിൽ വിജയിച്ചു എന്ന് തന്നെ പറയാം. ലിംഗവ്യത്യാസമില്ലാതെ വമ്പിച്ച പ്രാതിനിധ്യമാണ് ഉണ്ടായത്. സൂക്ഷ്മമായി വിലയിരുത്തിയാൽ രാജ്യത്തിന്റെ പലഭാഗത്തും സ്ത്രീകളാണ് ഈ മൂവ്മെന്റിന് നേതൃത്വം കൊടുത്തത് എന്ന് തന്നെ പറയാം. സ്റ്റുഡന്റ് ആക്ടിവിസത്തിന് ഒരു റോളുമില്ലാത്ത അലിഗർ മുസ്ലിം യൂണിവേഴ്സിറ്റിയിലും ജാമിയ മിലിയ യൂണിവേഴ്സിറ്റിയിൽ പോലും നമ്മുടെ സ്ത്രീസമരക്കാർ എല്ലാം ഭംഗിയായി സംഘടിപ്പിച്ചു.

ഫെല്ലോഷിപ്പ് പ്രശ്നം എല്ലാ വിദ്യാർത്ഥികളും അഭിമുഖീകരിക്കുന്ന പ്രശ്നമാണ്. അതുകൊണ്ട് തന്നെ നീതിക്ക് വേണ്ടിയുള്ള ഞങ്ങളുടെ മുന്നേറ്റത്തിൽ ഞങ്ങളുടെ ഗുരുനാഥർ വളരെ വലിയ പിന്തുണയാണ് നൽകിയത്. ദൽഹിയിലും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലുമുള്ള പല ടീച്ചേഴ്സ് അസോസിയേഷനുകളും ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചത് ഞങ്ങളിൽ വളരെ ആവേശമുണർത്തിയിട്ടുണ്ട്.

*ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് മിനിസ്റ്റർ ഒരു സ്ത്രീയായിരിക്കെ സ്വാഭാവികമായും ഒരു സ്ത്രീയിൽ നിന്ന് പ്രതീക്ഷിക്കാവുന്ന നീതി നിങ്ങൾക്ക് കിട്ടിയെന്ന് തോന്നുന്നുവോ?*

മന്ത്രി ആണോ പെണ്ണോ എന്ന് തരംതിരിവിനപ്പുറം, യാഥാസ്ഥിതിക ഉദ്യോഗസ്ഥ വൃന്ദത്തിൽ നിന്ന് നമുക്ക് പ്രതീക്ഷിക്കാവുന്ന നിർമമത, നിസ്സഹകരണം, എന്നിവ തന്നെയാണ് ഇവിടെയും ഉണ്ടായത്. എന്നാൽ അതൊരിക്കലും അവിശ്വസനീയമാകാതിരുന്നത് ഭരണകൂടനിസ്സംഗത ഇവിടെ മാത്രം വഴിമാറിനടക്കുമെന്ന അബദ്ധധാരണകൾ ഇല്ലാതിരുന്നത് കൊണ്ടാണ്. ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് മന്ത്രാലയവും മന്ത്രിയും സാധാരണപൗരന്റെ എല്ലാ അടിസ്ഥാനാവകാശങ്ങളെയും നിഷേധിക്കുന്ന സവർണ്ണ ബ്യൂറോക്രസിയുടെ വക്താക്കളായി മാറുകയാണുണ്ടായത്. ഞങ്ങളുമായി നടത്തിയ വളരെ ഹ്രസ്വമായ ആശയവിനിമയത്തിനിടയിൽ പോലും നീതിയെക്കുറിച്ച് നമ്മൾ രണ്ട് കൂട്ടരും വച്ച് പുലർത്തുന്ന സങ്കല്പങ്ങൾ വ്യത്യസ്തങ്ങളാണെന്ന് അവർ ഞങ്ങളെ ബോധ്യപ്പെടുത്തി. അവരുപയോഗിച്ചത് ഔദാര്യത്തിന്റെ ഭാഷയായിരുന്നു. ഞങ്ങളുടേത് അവകാശങ്ങളുടേയും പ്രതിരോധങ്ങളുടേയും ഭാഷയായിരുന്നു.

***ദില്ലി ജവഹർലാൽനെഹ്റു സർവ്വകലാശാലയിലെ AISF യൂണിറ്റ് പ്രസിഡണ്ടാണ് അപരാജിത രാജ്***



**ഒലീന**

ആധുനികസമൂഹം പുരോഗതിയുടെ നിരവധി പടവുകൾ താണ്ടി കഴിഞ്ഞ സമയത്ത് , മൂന്നാം ലിംഗങ്ങളും അലിംഗ പദവികളും വരെ അംഗീകരിക്കപ്പെട്ട സമയത്ത് കാലഹരണപെട്ട വിഷയമാണ് ഒരുമിച്ചു ഇരിക്കാമോ ഇല്ലയോ എന്നത്. ലിംഗനീതി കാലത്തിന്റെ ആവശ്യമാണ്. ക്യൂബ പോലെയുള്ള രാജ്യങ്ങളിൽ ജെണ്ടർ ബാങ്കുകൾ വരെയുണ്ട്.അങ്ങിനെയൊരു സമയത്താണ് കേരളം പോലെ നവോത്ഥാനം സംഭവിച്ച ഒരു സംസ്ഥാനത്ത് ഇപ്പോഴും നാം ആൺപെൺ വിവേചനം ശരിയോ തെറ്റോ എന്ന് ചർച്ച ചെയ്തിരിക്കേണ്ടി വരുന്നത്. ക്യാമ്പസ് സമൂഹത്തിന്റെ പരിച്ഛേദമാണ്. നവീനമായ ഊർജ്ജ സ്രോതസ്സ് ആണ് യുവത്വം. അതിനെ അട്ടിമറിച്ച് സമൂഹത്തെ പിന്നോട്ട് നയിക്കുന്നതിൽ ആർക്കോ ലാഭേച്ഛയുണ്ട്. ലിംഗനീതിക്കായുള്ള ചർച്ചകളെല്ലാം ശരീരകേന്ദ്രീകൃതമായ സ്വാതന്ത്ര്യമാണെന്ന പ്രതീതി സൃഷ്ടിക്കപ്പെടുന്നു. സ്ത്രീക്കും പുരുഷനും പൊതുവായ ഇടം വേണം. ചലനാത്മകമായ സമൂഹത്തിനു അത് അത്യന്താപേക്ഷിതമാണ്. എന്നാൽ സ്ത്രീപുരുഷ സൗഹൃദങ്ങളെ ആവശ്യമില്ലാതെ വളച്ചൊടിച്ചു കൊണ്ട് ലൈംഗികഅരാജകത്വം ഇവിടെ നിലനില്ക്കുന്നു എന്ന ധാരണ പരത്തുന്നവർ ചരിത്രത്തിൽ തന്നെ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. കോർപറേറ്റ് ഭീമന്മാർ നമ്മുടെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ റാഞ്ചുന്ന, സ്വയംഭരണസ്ഥാപനങ്ങളും സ്വകാര്യ യൂണിവേഴ്സിറ്റികളും വിദ്യാർത്ഥികളുടെ അവകാശങ്ങളെ കവരുന്ന ഭീതിദമായ അവസ്ഥ, പച്ചയായ ഈ യാഥാർത്ഥ്യങ്ങളിൽ നിന്നും പൊതുസമൂഹത്തിന്റെ ശ്രദ്ധ തിരിച്ചു വിടാനുള്ള ഇത്തരം നീക്കങ്ങളെ ചെറുക്കേണ്ടതുണ്ട്.

കവിത

# പെണ്ണ് –സുരക്ഷിതത്വം–ഭയം



ഭദ്ര അജിത്

എന്റെ കമ്പ്യൂട്ടറിൽ നിന്നും
ഞാൻ ഡിലീറ്റ് ചെയ്യുന്ന ഫയലുകളെല്ലാം
അമ്മയുടെ കമ്പ്യൂട്ടറിന്റെ
റീസൈക്കിൾബിന്നിൽ പോയി കിടക്കുന്നു.
കാലത്തെ ചായയോടൊപ്പം
പത്രത്തിലെ കറുത്ത മുഴുത്ത
അക്ഷരങ്ങൾ മാത്രം വായിച്ച്
അടുക്കളയിലേക്ക് തിരിച്ച് പോകുന്ന അമ്മ
ഏതോ ഒരു വാർത്തയിലേക്ക്
കമിഴ്ന്ന് വീഴുന്നു.
റീസൈക്കിൾ ബിന്നിൽ നിന്നും
ഫയലെടുത്ത് അമ്മ
സ്വന്തം കമ്പ്യൂട്ടറിൽ
റീ പോസ്റ്റ് ചെയ്യുന്നു
അടുക്കളയിൽ ചോറ്, ചപ്പാത്തി, കറികളോടൊപ്പം
അമ്മയുടെ കമ്പ്യൂട്ടറിൽ
അത്തരം ഫയലുകളുടെ
എണ്ണം പെരുകുന്നു.
ജോലി സ്ഥലത്തെത്തി
ചർച്ചകളോടൊപ്പം
ഫയലുകൾ പെർമനെന്റാകുന്നു.
ജ്യോതി ദീദിയും സൗമ്യ ചേച്ചിയും
അയലത്തെ പെൺകുട്ടിയും
അതിനപ്പുറത്തെ അത്തരം പെൺകുട്ടികളും
അമ്മയുടെ കമ്പ്യൂട്ടറിൽ ഫയലുകളായി മാറി മറ
യുന്നു.
'പെണ്ണ്' – 'സുരക്ഷിതത്വം' – 'ഭയം'
എന്ന 'വൈറസുകൾ'
'ബ്ലൂടൂത്ത് വഴി പടരുന്നു
എന്റെ കമ്പ്യൂട്ടർ
വീണ്ടും സ്ലോ ആകുന്നു.

---

കവിത



# ശാപശിലകൾ

നീതുനാരായണൻ

കണ്ണുപൂട്ടിയിറങ്ങുന്ന പാഠശാലയെ
കൂട്ടമണിയടിച്ചൊരാൾ വിളിച്ചുണർത്തി.
നെടുവീർപ്പിൽ വേദന. പ്രാർത്ഥനയായി
ഒന്നരനാഴിക ശാസ്ത്രസൂത്രങ്ങളും
ഭാഷാ കേളികളും കടം വാങ്ങി.
വന്നവർ വരുന്നവർ ഗൗരവത്തിൽ
വലിയ നോട്ടങ്ങളെറിഞ്ഞു പോയി.
അങ്ങിങ്ങായി നിന്നൊരു പൊന്തക്കാട്ടിൽ
ശാപം കിട്ടിയ ശിലകൾ അതിൽ
ഘനം പേറി അവശരായി നിലകൊണ്ടു.
പുണ്യാശ്രമത്തിന്റെ വിശ്രമപീഠത്തിൽ
കാലം നിവർത്തിയിരുന്ന മെതിയടികൾക്കു നേരെ
പുകഞ്ഞെത്തിയ വാർത്തകൾ
എരിതീയിൽ വേവുന്ന നുറുങ്ങുകളായി മാറി.
ശാപമോക്ഷത്തിന്റെ സുഗന്ധം വെയിലേറ്റു
കിടന്ന ശിലകളെ തേടിയെത്തി.
മെതിയടികൾ അവയെ  കണ്ടതേയില്ല
അവ ധൃതിയിൽ വരാന്തകൾ കയറിയിറങ്ങി
പാഠശാലയുടെ ഉള്ളറകളിൽ വെട്ടം കെട്ടിരിക്കുന്നു
കണ്ണുകൾ കാണിച്ചു തരുന്ന കാഴ്ചകളിൽ
വൈവിധ്യങ്ങളില്ല... വ്യത്യസ്തതകളില്ല.
ചിലതിൽ പൊന്തി നിൽക്കുന്ന വെറുങ്ങലിച്ച
കുറ്റിമുടികൾ മാത്രം. മറ്റു ചിലതിൽ
വിരിച്ചു കെട്ടിയ നീളൻ ചുരുളുകളും.
തലയറ്റു പോകുമാ കയറുമായി മെതിയടികൾ
പാഠശാലയുടെ നെഞ്ചത്ത് ആഞ്ഞുചവിട്ടി.
തുരുമ്പടിച്ച വേദമന്ത്രങ്ങളും തത്ത്വങ്ങളും
അടർന്നുവീണു നിലം പതിച്ചു.
അന്നുവരെ പഠിച്ച ബലാതിബല മന്ത്രങ്ങൾ
പാഴായി പോയി....
വിശപ്പും ദാഹവും ആർത്തുവന്നു.
കൊടുംക്രൂരമാം അക്രമനാരിനാൽ
മെതിയടികൾ പാഠശാലയെ വരിഞ്ഞുകെട്ടി.
നിസ്സഹായതയുടെ മുഖഭാവങ്ങളെ ഗൗനിക്കാതെ
മെതിയടികൾ പാഠശാലയെ വലിച്ചിറക്കി...
കാനനവാസം മുന്നിൽ കണ്ട പാഠശാലതൻ
നയനാദികൾ കരച്ചിലടക്കി നിന്നു.
സിന്ദൂരമണിയുവാൻ ഉയരുന്ന മൃദുകരങ്ങൾക്ക്
കൂടെ ഉയരുന്ന ബലിഷ്ഠതയുടെ കരങ്ങൾ
വെട്ടിമാറ്റേണ്ടവയാണെന്ന് പറഞ്ഞവരെ
മനസ്സിൽ ശപിച്ചു കൊണ്ട്...
വെളിച്ചം വരാൻ മടിക്കുന്ന അധോലോകത്തിന്റെ
മണ്ടൻ ന്യായങ്ങളിൽ നിന്നും പാഠശാല പടിയിറങ്ങി
സമത്വത്തിന്റെയും നിലനില്പിന്റെയും
സമരമുറകൾ... ഒളിപ്പോർ തന്ത്രങ്ങൾ
അഭ്യസിച്ച്... പാഠശാല സബലയായി തീർന്നു.
ആർജിതാറിവുകളെ പൂമ്പൊടിയാക്കി
ശാപശിലകൾ കുടഞ്ഞിട്ടു കൊണ്ട്
പാഠശാല പുതിയ യാത്രയ്ക്കൊരുങ്ങി.
പിറവിയുടെ പേരിൽ മാറ്റിനിർത്തിയ
ശാപശിലകൾ അറിവിന്റെ വെളിച്ചമേറ്റ്
മോചിതരായി....
അലക്കി വെളുപ്പിക്കാൻ ശീലിച്ച കൈകൾ
ഊന്നുവടിയാകാൻ തഴമ്പു വന്നു പതച്ച
കരങ്ങളുണ്ടാകുമെന്നവർ ആശ്വസിച്ചു..
ശാപശിലകളായ് തന്നെ....

# ചങ്ങലയ്ക്കിടേണ്ടത് സാമൂഹ്യവിരുദ്ധരെ, പെൺകുട്ടികളെയല്ല



നിലീന

പെൺപോരാട്ടങ്ങളുടെ ഭൂമികയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസ്. ചരിത്രത്തിലാദ്യമായി 'പെൺ ചാവേറുകളെ' ഭയന്ന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ പ്രവേശനം നിഷേധിച്ച ഒരു ഭീരുവായ വൈസ് ചാൻസിലറുടെ ഭരണാടയാളങ്ങൾ അവിടെ നിന്നിനിയും മാഞ്ഞ് തുടങ്ങിയിട്ടില്ല. ഒരു പക്ഷെ, ഉന്നതമായ അക്കഡമിക് നിലവാരവും സർഗാത്മകമായ ഒരു കാമ്പസ് അന്തരീക്ഷവും തന്നെയാകണം ഇവിടത്തെ പെണ്ണുങ്ങളെ പോരാളികളാക്കി മാറ്റുന്നത്. വിദ്യാർത്ഥി സമൂഹത്തിന്റെ എൺപതു ശതമാനം വരുന്നത് കൊണ്ട് തന്നെ വിദ്യാർത്ഥിനികളുടെ ഈ പോരാട്ടങ്ങളുണ്ടാക്കുന്ന മാറ്റങ്ങൾ അത്ര നിസാരമല്ല.

സമൂഹ ശ്രദ്ധ പിടിച്ച് പറ്റിയ 'പാമ്പ് സമരം' നടന്നത് ഏതാണ്ട് രണ്ട് വർഷം മുൻപാണ്. ഹോസ്റ്റലിൽ ഉറങ്ങിക്കിടന്നിരുന്ന വിദ്യാർഥിനിയെ പാമ്പ് കടിച്ചതിനെ തുടർന്ന് ലേഡീസ് ഹോസ്റ്റലിന്റെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി നൂറുകണക്കിനു പെൺകുട്ടികളാണ് അന്ന് യൂണിവേഴ്സിറ്റി ഭരണകാര്യാലയം ഉപരോധിച്ചത്. തുടർന്ന് ജില്ലാ കളക്റ്ററുടെ നേതൃത്വത്തിൽ നടന്ന ചർച്ചക്കൊടുവിൽ വൈസ് ചാൻസിലർ ഹോസ്റ്റലിലെ ശോചനീയാവസ്ഥയ്ക്ക് മാപ്പ് പറഞ്ഞതിനെ തുടർന്നാണ് ഇവിടത്തെ പെൺപോരാളികൾ അന്നുപരോധം അവസാനിപ്പിച്ചത്. തുടർന്ന് നടന്ന ഗവേഷക സമരങ്ങളായ 'വൈറ്റ് റോസ് 2' ആയാലും വായനാ സമരമായാലും 150ഓളം ദിനം നീണ്ട് നിന്ന ഒക്കുപ്പൈ കാമ്പസ് സമരമായാലും യൂണിവേഴ്സിറ്റി കാമ്പസിലെ പെൺകുട്ടികളുടെ പങ്കാളിത്തം വളരെ വലുതാണ്.

പക്ഷെ, നിരന്തരമായ ഇത്തരം ഇടപെടലുകൾ നടത്തിയിട്ടും എന്താണ് ഇന്ന് കാമ്പസിലെ പെൺകുട്ടികൾ നേരിടുന്ന അവസ്ഥ എന്നത് വളരെ വലിയ ഒരു ചോദ്യമാണ്. സുരക്ഷാപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇന്നത്തെ മാധ്യമങ്ങളിൽ സജീവ ചർച്ചയായി ഈ വിദ്യാർഥിനികൾ മാറുന്നത് ഇതിനുള്ള ഉത്തരങ്ങളിലൊന്നാണ്.

നിലവിൽ കൃത്യമായ ഒരു ചുറ്റുമതിൽ പോലുമില്ലാത്ത ഒരു ക്യാമ്പസ്സാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയ്ക്കുള്ളത്. നാനൂറിലധികം വിദ്യാർത്ഥിനികൾ തിങ്ങിഞെരുങ്ങിക്കഴിയുന്ന ഹോസ്റ്റലുകളും പാമ്പും പഴുതാരയും മുതൽ സാമൂഹ്യദ്രോഹികൾ വരെയുള്ളവർ കയറി നിരങ്ങുന്ന ചുറ്റുപാടുകളും നിരവധി ചർച്ചകൾക്ക് വിഷയമാവുകയും ചെയ്തു.

എട്ട് മണിയ്ക്ക് വിദ്യാർത്ഥിനികൾ ഹോസ്റ്റലിനുള്ളിൽ കയറണം. പത്ത് മണി വരെ പെർമിഷനോട് കൂടെ കയറാം. ഉന്നത

പഠനത്തിനായി വരുന്ന ഇരുപതുകളിലെത്തി നില്ക്കുന്ന ഈ രാജ്യത്തെ പൗരന്മാരോടാണ് ഈ കല്പനകളെന്നതോർക്കുക. കാമ്പസിന്റെ രാത്രികളും ആഘോഷങ്ങളും മിക്ക പെൺകുട്ടികൾക്കും അതു കൊണ്ട് തന്നെ അന്യമാണ്.

കേവലമായ സുരക്ഷാ ഭീഷണികൾ മാത്രമല്ല ഇത്തരം റെസ്ട്രിക്ഷൻസിനു പുറകിലുള്ളത്. പുറത്തിറങ്ങി നടക്കുന്ന, ഉറക്കെ ചിരിക്കുന്ന, വ്യത്യസ്തതകളെ ആഘോഷിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന യുവത്വത്തെ ഭയക്കുന്ന പഴയ 'യക്ഷി സിൻഡ്രമി'ന്റെ പുതിയ വകഭേദങ്ങൾ മാത്രമാണിത്.

പുറത്തെ തെറിവിളിയെയും നഗ്നതാ പ്രദർശനങ്ങളെയും പറ്റി പരാതിപ്പെടുമ്പോൾ തുറന്നിടുന്ന ജാലകങ്ങളെപ്പറ്റി തിരിച്ച് ചോദ്യങ്ങളുയരുന്നതും ഇതു കൊണ്ട് തന്നെ.

അധികൃതരുടെ ഈ മനോഭാവം ഇവിടത്തെ ചില വിദ്യാർഥികളിലേക്കെങ്കിലും പകർന്നിട്ടുണ്ട് എന്നതാണ് സങ്കടകരമായ ഒരു കാര്യം. ഉടുപ്പിന്റെ നീളമളന്നും, ഉറക്കെ ചിരിക്കുന്നവരെ കണ്ണുരുട്ടി പേടിപ്പിച്ചും, ആൺസുഹൃത്തുക്കളുള്ള പെൺകുട്ടികളെ 'ഉപദേശിച്ചും' നന്നാക്കാൻ മുതിരുന്ന ഇത്തരക്കാരിൽ നിന്ന് തന്നെയാണ് പിന്നെ കൈയ്യേറ്റങ്ങളും നേരിടേണ്ടി വരുന്നത്.

ഇതിന്റെ കൂടെയാണ് പുറത്തു നിന്നുള്ളവരുടെ പരാക്രമങ്ങളും. ചുറ്റുമതിലിന്റെയും തെരുവു വിളക്കുകളുടെയും അഭാവവും കാമ്പസിനകത്തു കൂടെ പോകുന്ന പബ്ലിക് റോഡുകളും ഇത്തരക്കാർക്ക് നല്ല സൗകര്യമാണ് ഒരുക്കുന്നത്. കമന്റടികളിൽ നിന്ന്

**എട്ട് മണിയ്ക്ക് വിദ്യാർഥിനികൾ ഹൊസ്റ്റലിനുള്ളിൽ കയറണം. പത്ത് മണി വരെ പെർമിഷനോട് കൂടെ കയറാം. ഉന്നതപഠനത്തിനായി വരുന്ന ഇരുപതുകളിലെത്തി നില്ക്കുന്ന ഈ രാജ്യത്തെ പൗരന്മാരോടാണ് ഈ കല്പനകളെന്നതോർക്കുക. ക്യാമ്പസ്സിന്റെ രാത്രികളും ആഘോഷങ്ങളും മിക്ക പെൺകുട്ടികൾക്കും അതു കൊണ്ട് തന്നെ അന്യമാണ്.**

കയറിപ്പിടിത്തം വരെ അതെത്തി നില്ക്കുമ്പോഴും യൂണിവേഴ്സിറ്റി പാർക്ക് പൊതുജനങ്ങൾക്കായി ഒരുക്കുന്നതിലാണ് അധികാരികളുടെ ശ്രദ്ധ. ഹോസ്റ്റലുകളിൽ ഒരു ബൾബ് മാറ്റിയിടാൻ അപേക്ഷിക്കുമ്പോൾ 'അതൊക്കെ വീട്ടിൽ നിന്നെടുത്തിട്ട് വേണ്ടേ വരാൻ' എന്ന് ചോദിക്കുന്നവർ തന്നെ ലക്ഷങ്ങൾ മുടക്കി പാർക്കിലെ പുൽത്തകിടികൾക്ക് മേൽ വെട്ടം വീഴാൻ അലങ്കാര വെളിച്ചങ്ങൾ സ്ഥാപിക്കുന്നു.

നിലവിൽ ഡിപ്പാർട്മെന്റുകളിലും സെൻട്രൽ ലൈബ്രറികളിലും ഒഴിച്ച് കാമ്പസിലെവിടെയും ഒരു റെസ്റ്ററൂം സംവിധാനം ഇല്ല. ക്ലാസ് സമയം കഴിഞ്ഞ് വിദ്യാർഥികൾക്ക് ഒന്ന് മൂത്രമൊഴിക്കണമെങ്കിൽ ഹോസ്റ്റൽ വരെ ഓടിയെത്തണം. കേരളത്തിൽ താരതമ്യേന ലിംഗ സമത്വം ലഭിക്കുന്നുവെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന ഒരു കാമ്പസിൽ തന്നെയാണ് ഈ അവസ്ഥകളും. ചുരുക്കത്തിൽ ആണിടങ്ങളായ പൊതു ഇടങ്ങളിൽ ഒരു പെണ്ണ് നേരിടുന്ന എല്ലാ പരിമിതികളും പ്രശ്നങ്ങളും സ്വന്തം കാമ്പസിലും അനുഭവിക്കേണ്ടി വരുന്നുവെന്നർഥം.

പരിചിതമല്ലാത്ത സ്ഥലങ്ങളെ ക്കുറിച്ച് കെട്ടുകഥകളിറക്കുന്നത് ഒരു പതിവാണ് നമ്മുടെ സമൂഹത്തിൽ. അതു കൊണ്ട് തന്നെ ഏറ്റവും കൂടുതൽ അശ്ലീല കഥകളിൽ ആഘോഷിക്കപ്പെടുന്ന ഒരു സ്ഥലമാണ് പെൺ ഹോസ്റ്റലുകൾ. ഈ കഥകളിൽ നിന്നുരുത്തിരിയുന്ന പൊതുബോധത്തിന്റെ പ്രതിഫലനമാണ് ഹോസ്റ്റൽ വിദ്യാർഥിനികൾ 'സെക്സിന് അവൈലബിൾ' ആണോ എന്ന ചോദ്യം ചോദിക്കാൻ ചിലരെ പ്രേരിപ്പിക്കുന്നത്. അതിന്റെ തന്നെ മറ്റൊരു വകഭേദമാണ് ഹോസ്റ്റലിൽ അതിക്രമിച്ച് കയറുന്നവർ 'നിങ്ങളുടെ സുഹൃത്തുക്കൾ തന്നെയായിരിക്കും' എന്ന് പറഞ്ഞ് ചിരിച്ച് തള്ളുന്ന അധികാരികളിലും കാണുന്നത്.

ഇതിനെതിരായി ചുരുക്കം ചിലരെങ്കിലും ശബ്ദമുയർത്താറുണ്ട്. എന്നാലവർ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. പരാതിക്കാരുടെ ഐഡന്റിറ്റി ഒരിക്കലും ശ്രദ്ധയോടെയല്ല അധികൃതർ കൈകാര്യം ചെയ്യുന്നത്. പൊതുസഭകളിൽ ചർച്ച ചെയ്യപ്പെടുക വഴി കുട്ടികൾക്കുണ്ടാകുന്ന മാനസിക സംഘർഷം പതിവ് സംഭവമാണിവിടെ. കഴിഞ്ഞ

സമരകാലയളവിലായിരുന്നു അക്രമം കാട്ടിയ ഒരു പറ്റം വിദ്യാർഥികളുടെ വീഡിയോ ഷൂട്ട് ചെയ്ത ഒരു റിസേർച്ച് സ്കോളറെ നഗ്ന ചിത്രങ്ങൾ ഇന്റർനെറ്റിലിട്ട് ഉപദ്രവിക്കുമെന്ന് ഭീഷണിപ്പെടുത്തിയത്. സമരങ്ങളിൽ പങ്കെടുക്കുന്ന പെൺകുട്ടികളെപ്പറ്റി അപവാദം പ്രചരിപ്പിക്കുന്നതും ഈ വിദ്യാർഥിനികളെ പിന്തുടർന്ന് അവഹേളിക്കുന്നതുമൊക്കെ കാമ്പസിൽ പതിവ് സംഭവങ്ങളായിരുന്നു. പുറത്ത് നിന്ന് വന്നവർ വിദ്യാർഥിനികളുടെ ഫോട്ടോ എടുക്കുന്നതിനെപ്പറ്റി പരാതിപ്പെട്ടപ്പോൾ ആ എടുത്തവരുടെ ഫോട്ടോ കിട്ടിയാലേ നടപടി എടുക്കാൻ കഴിയുകയുള്ളൂ എന്ന നിലപാടെടുത്ത അധികാരികളോട് പിന്നെന്ത് പരാതിപ്പെടാൻ.

കാമ്പസിലെ സുരക്ഷാ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ചവതരിപ്പിക്കപ്പെട്ട സീമന്തിനി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നും വർധിച്ച് വരുന്ന സുരക്ഷാ ഭീഷണികളെ അടിയന്തരമായി നേരിടണമെന്നും ആവശ്യപ്പെട്ട് 600ഓളം വിദ്യാർഥിനികൾ ഒപ്പിട്ട ഒരു മാസ് മെമ്മോറാണ്ടം ഗവർണർക്കും ഹൈക്കോടതി ചീഫ് ജസ്റ്റിസിനും സമർപ്പിച്ചത് ഇത്തരമൊരു സാഹചര്യത്തിലാണ്. എന്നാൽ സർവകലാശയുടെ പേര് അപകീർത്തിപ്പെടുത്തി എന്നാരോപിച്ച് ചില വിദ്യാർത്ഥി സംഘടനകൾ ഈ പെറ്റീഷൻ നല്കാൻ നേതൃത്വം നല്കിയ വിദ്യാർത്ഥിനികളെ അക്രമിക്കുകയായിരുന്നു. സെനറ്റിൽ ഈ വിദ്യാർത്ഥിനികൾക്കെതിരെ അന്വേഷണം പ്രഖ്യാപിച്ച് നടപടി എടുക്കണമെന്ന് പ്രമേയം പാസാക്കിയതും ഈ സംഘടനകളും അധികാരികളും



ചേർന്നാണ്.

കള്ളക്കേസുകൾ കൊടുത്തും ഭീഷണിപ്പെടുത്തിയും പരാതിപ്പെടാൻ തയാറാകുന്നവരെക്കൂടെ നിരുത്സാഹപ്പെടുത്തുന്ന ഇത്തരം സമീപനങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണുണ്ടാക്കുക.

ഇതോടൊപ്പം തന്നെ എടുത്ത് പറയേണ്ട ഒരു കാര്യമാണ് സൈബർ ബുള്ളിയിംഗ്. നിലവിൽ കാമ്പസിലെ വിദ്യാർത്ഥിനികളിൽ പലരും നവ മാധ്യമങ്ങളിൽ സജീവമായി ഇടപെടുന്നവരാണ്. അത്തരക്കാരെ തിരഞ്ഞ് പിടിച്ച് വ്യക്തിഹത്യ ചെയ്യുന്ന പ്രവണത വ്യാപകമാണ്. പോലീസിന്റെ ലാത്തിച്ചാർജിൽ പരിക്കേറ്റ ഒരു വിദ്യാർത്ഥിരാഷ്ട്രീയ പ്രവർത്തകയുടെ ചിത്രമടക്കം വളരെ മോശം ഭാഷയിൽ കമന്റടിച്ചും ഷെയർ ചെയ്തും പ്രചരിപ്പിച്ച സംഭവം ഈയടുത്താണ് നടന്നത്. കൂടാതെ വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ കാമ്പസിലെ വിദ്യാർത്ഥിനികളെക്കുറിച്ച് വളരെ മോശമായി സംസാരിക്കുന്നതും കണ്ട് വരുന്നു.

ഇത്രയൊക്കെയായിട്ടും ഇനിയും കണ്ണ് തുറക്കാൻ അധികാരികൾ തയ്യാറല്ല. വിദ്യാർത്ഥിനികളെ ആറു മണിക്ക് മുന്നേ ഹോസ്റ്റലിൽ കയറ്റിയാൽ പ്രശ്നങ്ങൾ തീരുമെന്ന കടുംപിടിത്തതിൽ തന്നെയാണവരിപ്പഴും ഉള്ളത്.

തങ്ങളുടെ ഓഹരി ആകാശത്തിനും ഭൂമിക്കും വേണ്ടി ഇനിയും പോരാട്ടങ്ങളിവർ നയിക്കേണ്ടി വരുമെന്നതിൽ സംശയമില്ല.

സുരക്ഷ സംരക്ഷണത്തിലേക്ക് വഴി മാറിപ്പോകാതിരിക്കാനായിരിക്കും ഇവിടെ ഇനി പാട് പെടുക.

ഫേസ്ബുക്കിൽ ശ്രദ്ധിക്കപ്പെട്ട 'യക്ഷി' എന്ന പേജിൽ കണ്ട വരികൾ തന്നെയാണ് പറയാനുള്ളത്.

'സന്ധ്യയാകും മുന്നേ എണ്ണമെടുത്ത് കൂട്ടിൽ കേറ്റാൻ നിങ്ങൾ ക്യാമ്പസിലേക്ക് പുല്ലു മേയാൻ വിട്ട കാലികളൊന്നുമല്ല പെമ്പിള്ളേർ'.

*കോഴിക്കോട് സർവ്വകലാശാല ജേർണലിസം വിദ്യാർത്ഥിയാണ് നിലീന.*

# കാൽച്ചങ്ങലയാകുന്ന സുരക്ഷ



ദിവ്യ നിലമ്പൂർ

ഫാറൂഖ് കോളേജിൽ ലിംഗസമത്വത്തിന് വേണ്ടി സംസാരിച്ച ഒൻപതോളം വിദ്യാർത്ഥികളെ പുറത്താക്കിയപ്പോൾ ആ കുട്ടികളെ കാണുന്നതിനും അധികൃതരോട് സംസാരിക്കുന്നതിനും വേണ്ടി ഞങ്ങൾ കുറച്ചുപേർ ഫാറൂഖ് കോളേജ് സന്ദർശിച്ചിരുന്നു. തങ്ങളുടെ വശം ന്യായീകരിച്ച് സംസാരിച്ച ഫാറൂഖ് കോളേജ് അധികൃതർ ക്യാമ്പസിലെ ആൺ-പെൺ വേർതിരിവിന് ഉള്ള ന്യായമായി പറഞ്ഞത് പെൺകുട്ടികളുടെ സുരക്ഷ ആണ്.

ക്യാന്റീനിൽ പെൺകുട്ടികൾക്ക് സ്വസ്ഥമായി ഇരുന്ന് ഭക്ഷണം കഴിക്കാൻ വേണ്ടിയാണ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ സ്ഥാനം നൽകിയത് എന്നാണ് അവരുടെ വാദം. മെയിൻ എൻട്രൻസിന് സമീപം ഉള്ള ബെഞ്ചിൽ ഇരിക്കാൻ ശ്രമിച്ച പെൺകുട്ടികളെ മുഴുവൻ ആട്ടിയോടിച്ച് അവിടെ ബോയ്സ് എന്ന ബോർഡ് വെച്ചത് എന്തിനായിരുന്നു എന്ന ചോദ്യത്തിന്റെ ഉത്തരവും സുരക്ഷയായിരുന്നു. അതിന് തൊട്ടടുത്ത് ബോയ്സ് ഹോസ്റ്റൽ ആയതുകൊണ്ട് പെൺകുട്ടികൾ അവിടെ ഇരിക്കുന്നത് സുരക്ഷിതമല്ലത്രേ.

സുരക്ഷ എന്ന പേരിൽ സ്ത്രീക്ക് നൽകുന്ന ചില ആനുകൂ




ഫാറൂഖ് കോളേജിലെ പ്രശ്നത്തിൽ സോഷ്യൽ മീഡിയയിൽ പ്രചരിച്ച കാർട്ടൂൺ




**പെൺകുട്ടികളുടെ ഹോസ്ററലിൽ കമ്പ്യൂട്ടർലാബ് സംവിധാനം ഉണ്ടാക്കുക എന്നത് വളരെ നല്ല കാര്യമാണ് എന്ന് ഒറ്റ നോട്ടത്തിൽ തോന്നും. എന്നാൽ തിരുവനന്തപുരം സി.ഇ.ടി എഞ്ചിനീയറിംഗ് കോളേജിൽ, പെൺകുട്ടികൾക്കും ക്യാമ്പസിലെ ലൈബ്രറിഉപയോഗിക്കാൻകഴിയുന്ന രീതിയിൽ ഹോസ്റ്റൽ curfew time മാറ്റണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് പെൺകുട്ടികൾ സമരരംഗത്തേക്ക് ഇറങ്ങിയപ്പോൾ ആ സമരത്തെ തകർക്കുന്നതിന് വേണ്ടിയാണ് അധികൃതർ ഹോസ്പിറ്റലിൽ  പെൺകുട്ടികൾക്ക് വേണ്ടി കമ്പ്യൂട്ടർ ലാബ് പണിതത്. അതായത് സ്വകാര്യഇടത്തിൽ തന്നെ സ്ത്രീകൾക്ക് സ്വകാര്യങ്ങൾ ഒരുക്കിത്തരുന്നത് അവർ പൊതുവിടങ്ങളിലേക്ക് ഇറങ്ങാതിരിക്കാൻ വേണ്ടിത്തന്നെയാണ്.**

ല്യങ്ങൾ പലപ്പോഴും വളരെ വലിയ ഒരു തന്ത്രമാണ് എന്ന് തിരിച്ചറിയാൻ നമുക്ക് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പെണ്ണിനെ പൊതുധാരയിൽ നിന്ന് മാറ്റി നിർത്തുകയും ഒരു സ്വകാര്യ ഇടത്തിലേക്ക് അവളെ ഒതുക്കുകയും ചെയ്യുക എന്ന തന്ത്രമാണ് യഥാർത്ഥത്തിൽ നടപ്പിലാക്കപ്പെടുന്നത്.

പെൺകുട്ടികളുടെ ഹോസ്ററലിൽ കമ്പ്യൂട്ടർലാബ് സംവിധാനം ഉണ്ടാക്കുക എന്നത് വളരെ നല്ല കാര്യമാണ് എന്ന് ഒറ്റ നോട്ടത്തിൽ തോന്നും. എന്നാൽ തിരുവനന്തപുരം സി.ഇ.ടി എഞ്ചിനീയറിംഗ് കോളേജിൽ, പെൺകുട്ടികൾക്കും ക്യാമ്പസിലെ ലൈബ്രറി ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ഹോസ്റ്റൽ curfew time മാറ്റണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് പെൺകുട്ടികൾ സമരരംഗത്തേക്ക് ഇറങ്ങിയപ്പോൾ ആ സമരത്തെ തകർക്കുന്നതിന് വേണ്ടിയാണ് അധികൃതർ ഹോസ്റ്ററലിൽ  പെൺകുട്ടികൾക്ക് വേണ്ടി കമ്പ്യൂട്ടർലാബ് പണിതത്. അതായത് സ്വകാര്യഇടത്തിൽ തന്നെ സ്ത്രീകൾക്ക് സൗകര്യങ്ങൾ ഒരുക്കിത്തരുന്നത് അവർ പൊതുവിടങ്ങളിലേക്ക് ഇറങ്ങാതിരിക്കാൻ വേണ്ടിത്തന്നെയാണ്. സ്വകാര്യത സ്ത്രീയുടെ അവകാശമാണ് എന്ന് വീണ്ടും വീണ്ടും സ്ത്രീകളെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നതിൽ ഒരു വലിയ ചതിയുണ്ട് എന്ന് തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഈ സ്വകാര്യത സ്ത്രീക്ക് എന്തൊക്കെ ഗതികേടുകളാണ് ഉണ്ടാക്കിവെച്ചിട്ടുള്ളത് എന്ന് ഒന്ന് പരിശോധിക്കേണ്ടതാണ്.

മാറുമറക്കൽ സമരത്തിലൂടെ സ്ത്രീയുടെ മാറിന് കൈവന്ന സ്വകാര്യത മൂലം, ഇപ്പോൾ ഒരു

**ആർത്തവത്തിനും പ്രസവത്തിനും സ്വകാര്യത കൽപ്പിച്ച് അശുദ്ധി കൽപ്പിച്ച് സൗകര്യപൂർവ്വം സ്ത്രീയെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നതും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ കാര്യമാണ്. സ്ത്രീസുരക്ഷക്കുവേണ്ടി ട്രയിനുകളിൽ ലേഡീസ് കമ്പാർട്ട്മെന്റ് ഉള്ളതുകൊണ്ട് ഗുണത്തേക്കാളേറെ ദോഷമാണ് ഉള്ളത് എന്ന് വ്യക്തം, സൗമ്യക്ക് സംഭവിച്ചതു പോലുള്ള ദുരന്തങ്ങൾക്കുള്ള സാധ്യത ഇപ്പോഴും നമ്മുടെ ലേഡീസ് കോച്ചുകളിൽ ഉണ്ട്.**

പൊതുസ്ഥലത്ത് ഇരുന്ന് (അത് ബസോ ട്രയിനോ ആയാൽ പോലും) കുഞ്ഞിന് മുല കൊടുക്കാൻ കഴിയാത്ത ഗതികേടിലായിപ്പോയി നമ്മുടെ സ്ത്രീകൾ. കുഞ്ഞിനെ മുലയൂട്ടുന്ന കാലയളവിൽ സ്ത്രീ സ്വകാര്യ ഇടത്തിൽ തന്നെ ഒതുങ്ങാൻ നിർബന്ധിക്കപ്പെടുന്നു.

ചൂടുകാലത്ത് ഷർട്ടും ബനിയനും ഒക്കെ ഊരിക്കളഞ്ഞ് പാർക്കിലോ ബീച്ചിലോ ഇരുന്ന് കാറ്റുകൊള്ളുന്ന പുരുഷനെ നോക്കി അസൂയപ്പെടുക മാത്രമേ ഇന്ന് നമ്മുടെ നാട്ടിലെ സ്ത്രീക്ക് ചെയ്യാൻ കഴിയൂ. സ്ത്രീശരീരത്തിന്റെ സ്വകാര്യത അവളുടെ അവകാശമാണ് എന്ന് പറഞ്ഞുകൊണ്ട്, ശരീരം പൊതുവിടത്തിൽ മൂടിവെക്കുന്നതാണ് സ്വാതന്ത്ര്യം എന്ന് സ്ത്രീകളെ മുഴുവൻ തെറ്റിദ്ധരിപ്പിക്കുകയാണ് യഥാർത്ഥത്തിൽ മാറുമറയ്ക്കൽ സമരം ചെയ്തത്. എന്നിട്ടും ഇപ്പോഴും നാം അതിനെ മഹത്തായ സ്ത്രീവിമോചനസമരമായി ആഘോഷിച്ചു കൊണ്ടിരിക്കുന്നു. പർദ്ദ ധരിക്കാനും ശിരോവസ്ത്രം ധരിക്കാനും ഉള്ള സ്ത്രീയുടെ അവകാശത്തിനു വേണ്ടി സ്ത്രീകളേക്കാൾ ആവേശത്തോടെ എന്തുകൊണ്ട് പുരുഷന്മാർ സംസാരിച്ചു കൊണ്ടേയിരിക്കുന്നു എന്ന് ആലോചിച്ചാൽ അതിനുള്ളിലെ ഗൂഢോദ്ദേശ്യവും പിടികിട്ടും.

ആർത്തവത്തിനും പ്രസവത്തിനും സ്വകാര്യത കൽപ്പിച്ച് അശുദ്ധി കൽപ്പിച്ച് സൗകര്യപൂർവ്വം സ്ത്രീയെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നതും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ കാര്യമാണ്.

സ്ത്രീസുരക്ഷക്കുവേണ്ടി ട്രയിനുകളിൽ ലേഡീസ് കമ്പാർട്ട്മെന്റ് ഉള്ളതുകൊണ്ട് ഗുണത്തേക്കാളേറെ ദോഷമാണ് ഉള്ളത് എന്ന് വ്യക്തം, സൗമ്യക്ക് സംഭവിച്ചതു പോലുള്ള ദുരന്തങ്ങൾക്കുള്ള സാധ്യത ഇപ്പോഴും നമ്മുടെ ലേഡീസ് കോച്ചുകളിൽ ഉണ്ട്.

ജൈവികമായും പ്രകൃതിപരമായും ആണും പെണ്ണും സ്വഭാവികമായി ഒന്നിച്ച് ഇടപഴകി വളരേണ്ടവരും ജീവിക്കേണ്ടവരുമാണ്. എന്നാൽ സ്വാഭാവികതയെ തകർത്തുകൊണ്ട് തീർത്തും മനുഷ്യവിരുദ്ധവും പ്രകൃതിവിരുദ്ധവുമായി നാം പെണ്ണിനേയും ആണിനേയും രണ്ട് ചേരികളാക്കി മാറ്റി നിർത്തിക്കൊണ്ടേയിരിക്കുന്നു. സ്കൂളുകളിലും കോളേജിലും ബസിലും ട്രയിനിലും എല്ലാം. അതിന്റെ തുടർച്ചയായി സ്ത്രീക്ക് സ്വകാര്യ ഇടവും പുരുഷന് പൊതുഇടവും എന്ന് കൂടി കൂട്ടിച്ചേർക്കപ്പെടുന്നു. പുരുഷന് ബാധകമേയല്ലാത്ത സ്വകാര്യത സ്ത്രീയുടെ അവകാശമാണ് എന്ന നുണ അവളോട് വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടുമിരിക്കുന്നു.

സ്ത്രീവിവേചനത്തിന്റെ തുടക്കം ആൺ-പെൺ വേർതിരിവിലാണ്. അതുകൊണ്ട് തന്നെ സ്ത്രീസ്വാതന്ത്ര്യത്തിന് വേണ്ടി സംസാരിക്കുമ്പോൾ ആരോഗ്യകരമായ ആൺ-പെൺ ബന്ധത്തിനു



വേണ്ടിയും സംസാരിക്കേണ്ടി വ രും. അടുത്തിരുന്ന് പഠിക്കാനും ഭക്ഷണം കഴിക്കാനും നാടകം ക ളിക്കാനും എല്ലാം ഉള്ള സ്വാത ന്ത്ര്യത്തിന് വേണ്ടി ഫാറൂഖ്കോ ളേജിൽ നിന്ന് ഉയർന്നുവന്ന ശ ബ്ദങ്ങൾ, അതുകൊണ്ടു തന്നെ, സ്ത്രീവിമോചന സമരചരിത്ര ത്തിന്റെ ഭാഗം തന്നെയാണ്. ക്യാ മ്പസുകളിൽ നിന്ന് സ്കൂളുകളി ലേക്ക് ആ ശബ്ദം പടരേണ്ടതുണ്ട്. സ്കൂളുകളിൽ ആൺ-പെൺ ചേ രി തിരിവ് ഇല്ലാതെ കുട്ടികളെ ഒ ന്നിച്ചിരുത്തി പഠിപ്പിക്കണമെന്ന് ശക്തമായി ആവശ്യപ്പെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മ നസ്സും വ്യക്തിത്വവും രൂപപ്പെടു ന്ന സ്കൂൾ കാലഘട്ടത്തിൽ ത ന്നെയാണ് ആരോഗ്യകരമായ ആൺ-പെൺ ബന്ധങ്ങൾ രൂപ പ്പെടേണ്ടത്. അതിനു വേണ്ടി ഇ നിയും ശബ്ദങ്ങൾ ഉയർന്നു വ രട്ടെ.

*പുല്ലങ്ങോട് ജി.എച്ച്.എസ് സ്കൂളിൽ അദ്ധ്യാപികയാണ് ദിവ്യ.*



**ജെ. ദേവിക**

ക്യാംപസുകളിൽ ഉന്നത വിദ്യാഭ്യാസം കാര്യക്ഷമതയോട് ബന്ധപ്പെടുത്തിയാണ് വിലയിരുത്തുന്നത് പൗരത്വത്തിനോട് ബന്ധപ്പെടുത്തിയല്ല. കാര്യക്ഷമമായി കാര്യങ്ങളെ വിലയിരുത്തേണ്ടവരും പെൺകുട്ടികളെ ഉന്നതിയിലേക്ക് നയിക്കേണ്ടവരും തന്നെയാണ് ലിംഗനീതി പെൺകുട്ടികൾക്ക് നിഷേധിക്കുന്നത് എന്നത് ഒരു തരത്തിലും അംഗീക്കരിക്കാനാവില്ല .



**സിസ്റ്റർ ജെസ്മി**

ലിംഗനീതിയെക്കാളും ഞാൻ താത്പര്യപ്പെടുന്ന വാക്ക് ജെൻണ്ടർ ജസ്റ്റിസ് ആ ണ്. ജെൻണ്ടർ എന്നത് ഒരു കൾചറൽ കൺസെപ്റ്റ് ആണ്. ശരീരത്തിനോട് ബ ന്ധപ്പെടുത്തി അതിനെ വിവക്ഷിക്കാനുള്ള പ്രവണത ഉള്ളത് കൊണ്ടാണ് ജെൻണ്ടർ എന്ന് ഉപയോഗിക്കലാണ് ശരിയെന്നു കരുതുന്നത് . ജെൻണ്ടർ ജസ്റ്റി സ് നടപ്പിലാകണമെങ്കിൽ ചെറുപ്പത്തിലെ ആൺകുട്ടികളെയും പെൺകുട്ടികളെ യും ഒരുമിച്ചിരിക്കാൻ അനുവദിക്കണം. യൂണിഫോം പോലും ഒരുപോലെയാക്ക ണം. മനുഷ്യരാണെന്ന സങ്കല്പത്തിൽ അവർ വളരട്ടെ. എല്ലാ മനുഷ്യാവകാശങ്ങ ളും ഇരുകൂട്ടർക്കും ഒരുപോലെ അനുഭവിക്കാൻ അവസരം ഉണ്ടാകണം. പുരുഷ ന്മാരില്ലാത്ത വിചിത്ര ലോകത്തല്ല പെൺകുട്ടികൾ ജീവിക്കേണ്ടത്. ലേഡീസ് ഓൺലി കോളേജുകളിലുള്ള പ്രശ്നം അവിടത്തെ പെൺകുട്ടികൾ പുരുഷ ലോ കത്തെ അഭിമുഖീകരിക്കാൻ ഭയപ്പെടുന്ന അവസ്ഥയിലേക്ക് എത്തുന്നു എന്നതാ ണ്. മീശയുള്ള ഇൻവിജിലേറ്ററെ പോലും ഭയപ്പാടോടെ നോക്കുന്ന പെൺകുട്ടി കളെ ഞാൻ കണ്ടിട്ടുണ്ട് . കോ എട്യുക്കേഷനിലൂടെ മാത്രമേ ഇത് മാറ്റിയെടുക്കാ നാകൂ. അപ്പുറം ഇപ്പുറം ഇരിക്കാനും സംശയത്തോടെ പരസ്പരം വീക്ഷിക്കാനുമ ല്ല നമ്മൾ നമ്മുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം നല്കുന്നത്. മറിച്ചു നല്ല മനു ഷ്യരായി വളരാൻ പഠിപ്പിക്കാൻ ആണ്.



**ഡോ. ഷീന ഷുക്കൂർ**

വിദ്യാഭ്യാസത്തിന്റെയും സാംസ്കാരിക വളർച്ചയുടെയും ഉപോൽപ്പന്നമാണ് ലിംഗനീതിയും സ്ത്രീശാക്തീകരണവും. നിർഭാഗ്യകരമെന്നു പറയട്ടെ, സാമൂഹികവളർച്ചയുടെ ഏതാണ്ടെല്ലാ സൂചകങ്ങളിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ മുന്നിൽ നില്ക്കുന്ന കേരളത്തിൽ നിന്ന് ലിംഗ നീതിയുമായി ബന്ധപ്പെട്ടു പുറത്തു വരുന്ന വാർത്തകൾ അത്യന്തം വേദനിപ്പിക്കുന്നതാണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് നിലനില്ക്കുന്ന തീക്ഷണമായ ലിംഗവിവേചനം ക്ലാസ്മുറിയിൽ ഇട കലർന്നിരിക്കുന്നതിലേക്കായി ചുരുക്കപെടുന്നത് ശരിയല്ല. ഒരു ക്ലാസ് മുറിയിൽ സദാചാരബോധത്തോടെ എങ്ങിനെ പെരുമാറണം എന്ന് തിരിച്ചറിയാനുള്ള കഴിവ് നമ്മുടെ കുട്ടികൾക്കുണ്ട്. കാന്റീനിലും ലൈബ്രറിയിലുമെല്ലാം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ഇടം എന്ന സങ്കല്പം അത്യന്തം പ്രതിലോമകരവും പിന്തിരിപ്പനുമാണെന്ന കാര്യത്തിൽ സംശയമില്ല.

# സർവ്വരാജ്യസ്ത്രീകളെ സംഘടിക്കുവിൻ....

## അർജന്റീനയുടെ തെരുവിൽ സ്ത്രീകളുടെ വൻ പ്രതിഷേധം




സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളിൽ പ്രതിഷേധിച്ച് ജൂൺമാസത്തിൽ ആയിരക്കണക്കിന് സ്ത്രീകൾ ബ്യൂനസ് എയർസ് നഗരവീഥികളിൽ പ്രകടനം നടത്തി. പതിനാലു വയസ്സുകാരിയും ഗർഭിണിയുമായിരുന്ന പെൺകുട്ടിയെ കാമുകൻ മർദ്ദിച്ചു കൊന്ന സംഭവമായിരുന്നു പ്രതിഷേധത്തിനു പിന്നിലെ പെട്ടെന്നുള്ള കാരണം. കൊല്ലപ്പെട്ട സ്ത്രീകളുടെയും കുട്ടികളുടെയും ചിത്രങ്ങളും പേരുകളും ഉയർത്തിപ്പിടിച്ചായിരുന്നു പ്രകടനം. 2014ൽ മാത്രം അർജന്റീനയിൽ 277 ഓളം കൊല്ലപ്പെട്ടതായാണ് കണക്ക്.

## ടർക്കിയിൽ സ്ത്രീ ജീവിതങ്ങൾ കൂടുതൽ ദുഷ്ക്കരമാവുന്നോ?




ബലാൽസംഗശ്രമം ചെറുക്കുന്നതിനിടെ കുത്തേററു മരിച്ച ഒസ്ഗേചാൻ അസ്‌ലൻ എന്ന ഇരുപതുകാരിയുടെ അതിദാരുണ കൊലപാതകത്തിനെതിരെ ടർക്കിയിൽ വമ്പൻ പ്രതിഷേധം അരങ്ങേറി. “രാജ്യത്തിന്റെ ഗതി പിമ്പോട്ടോ”? “ടർക്കിയിൽ സ്ത്രീജീവിതങ്ങൾ കൂടുതൽ ദുഷ്ക്കരമാവുന്നോ തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിയായിരുന്നു മാർച്ച് 2015 ൽ ഈ പ്രകടനം നടന്നത്.

## കറുത്തജീവിതങ്ങൾക്കും വിലയുണ്ട്




*അമേരിക്കൻ വർണ്ണവെറിയുടെ ഫലമായി പോലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ട കറുത്തവർഗ്ഗക്കാരുടെ മരണങ്ങളിൽ പ്രതിഷേധിച്ച് ബ്ലാക്ക് ഔട്ട് കലക്ടീവ് മെയ് 21, 2015 ന് സാൻഫ്രാൻസിസ്കോയിൽ നടത്തിയ പ്രകടനം. കൊല്ലപ്പെട്ട സ്ത്രീകളുടെ പേരുകളും ഫോട്ടോകളും അടങ്ങിയ പോസ്റ്ററുകൾ പ്രദർശിപ്പിച്ചായിരുന്നു പ്രകടനം. “അവളുടെ പേരു പറയൂ” എന്ന മുദ്രാവാക്യത്തിലൂടെ ഭരണകൂടഭീകരതയ്ക്ക് ഇരയായവരുടെ ജീവിതങ്ങൾ സമൂഹത്തിനു മുന്നിൽ ദൃശ്യമാക്കുക എന്നതുകൂടിയായിരുന്നു പ്രകടനങ്ങളുടെ ലക്ഷ്യം.*

# 2015ൽ ലോകത്തിന്റെ പലഭാഗങ്ങളിലും ഉയർന്ന പോരാട്ട വഴികളിലൂടെ

## ഭരണഘടനയിൽ സ്ത്രീകളുടെ അവകാശങ്ങളും ഉൾപ്പെടുത്തണം

പുതുതായി രൂപീകരിക്കുന്ന ഭരണഘടനയിൽ സ്ത്രീകളുടെ അവകാശങ്ങളും ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ആഗസ്റ്റിൽ കാഠ്മണ്ഡുവിലെ തെരുവിൽ സ്ത്രീകൾ കിടന്നു പ്രതിഷേധിച്ചു. സ്ത്രീകളുടെ പ്രത്യുൽപാദനാധികാരങ്ങൾ കുറച്ചതും, സ്വത്തവകാശം നിഷേധിച്ചതും, മാതാപിതാക്കളിൽ ഒരാളെങ്കിലും നേപ്പാളിയായാൽ പൗരത്വം ലഭിക്കുമെന്ന 2006ലെ നിയമം എടുത്തുകളഞ്ഞതുമായിരുന്നു അവർ  ഉന്നയിച്ച മുഖ്യപരാതികൾ.




## അതിർത്തികൾ ലംഘിക്കുന്ന സ്ത്രീസാഹോദര്യങ്ങൾ

അന്താരാഷ്ട്ര വനിതാദിനത്തിൽ ഇസ്രേയലിലെയും പലസ്തീനിലേയും സ്ത്രീകൾ രാമള്ളയെയും ജെറുസലേമിനേയും വേർതിരിക്കുന്ന ഖലന്ദിയ ചെക്ക്പോസ്റ്റിനു നേരെ പ്രകടനം നടത്തി. ഇസ്രായേലിന്റെ കടന്നുകയറ്റങ്ങളിലും ഈ പ്രദേശത്തു നടക്കുന്ന കൂട്ടക്കുരുതികളിലും പ്രതിഷേധിച്ചു കൊണ്ടായിരുന്നു പ്രകടനം. പലസ്തീനിന്റെ ഭാഗത്ത് ഖലന്ദിയ അഭയാർത്ഥിക്യാമ്പിലെ സ്ത്രീകളും ഇസ്രായേൽ ഭാഗത്തുനിന്നു ജെറുസലേം, ഹൈഫ, ടെൽ അവീവ്, ഷെഫ, അമർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ളവരും 'സമത്വം വേണം, വർണ്ണവെറി വേണ്ട' , 'അധിനിവേശത്തിൽ ആവശ്യത്തിനു പേർ മരണപ്പെട്ടിരിക്കുന്നു' തുടങ്ങിയ മുദ്രാവാക്യങ്ങളടങ്ങിയ പോസ്റ്ററുകളുമായാണ് പ്രകടനം നയിച്ചത്. ഇസ്രായേലി പോലീസ് അവർക്കു നേരെ കണ്ണീർവാതകവും കുരുമുളകുപൊടിയും പ്രയോഗിക്കുകയുണ്ടായി.



## മുലകളാണ് ആയുധങ്ങളല്ല



ഹോങ്കോങ്ങിലെ തെരുവുകളിൽ 2015 ആഗസ്റ്റ് മാസത്തിൽ മുലക്കച്ചകളണിഞ്ഞ സ്ത്രീകളും പുരുഷന്മാരും പ്രതിഷേധവുമായി മുന്നോട്ടുവന്നു. ൻങ്ങ് ലായ്-യിങ്ങ് എന്ന മുപ്പതുകാരി താൻ പങ്കെടുത്ത പ്രതിഷേധപ്രകടനത്തിനിടയിൽ തന്റെ മുലയിൽ സ്പർശിച്ച പോലീസുകാരനെതിരെ നിയമനടപടികൾ ആരംഭിച്ചപ്പോൾ സ്വന്തം മുലകൾ പോലീസുകാരനു നേരെ പ്രയോഗിച്ചു എന്ന കുറ്റം അവർക്ക് നേരെ തിരിച്ചു ചുമത്തപ്പെടുകയാണുണ്ടായത്. മൂന്നുമാസവും പതിനഞ്ചുദിവസവും നീണ്ടുനിൽക്കുന്ന ജയിൽ വാസമായിരുന്നു അവർക്ക് ലഭിച്ച ശിക്ഷ. ഇരുന്നൂറോളം ആളുകളാണ് 'മുല നടത്തം' എന്നു പേരിട്ട പ്രതിഷേധ പ്രകടനത്തിൽ പങ്കാളികളായത്.

**കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് തിരുവനന്തപുരത്ത് ഹോസ്റ്റൽ സമയത്തിലെ തുല്യതയ്ക്കുവേണ്ടി തുടങ്ങിയ സമരമാണ് ബ്രേക്ക് ദി കർഫ്യൂ. 260 പെൺകുട്ടികൾ ഹോസ്റ്റൽ സമയം കഴിഞ്ഞും ക്യാമ്പസിലിരുന്ന് പ്രതിരോധിച്ചാണ് സമരം തുടങ്ങുന്നത്.**





ഐശ്വര്യ കെ.കെ.

# തകർക്കൂ , ക്യാമ്പസ്സിലെ കർഫ്യൂകൾ!

**ഇന്ന് 600 പെൺകുട്ടികൾ ക്യാമ്പസിൽ നേരിടുന്ന പ്രശ്നങ്ങളിൽ പരാതിപ്പെടാൻ കാണിച്ച ധൈര്യം 2013ൽ തുടങ്ങിയ ക്യാംപയിനുകളുടെ ഫലമാണ്. സാധാരണ യുക്തിയിൽ ഈ പരാതിപ്പെടൽ വലിയ ധൈര്യമായി തോന്നിയില്ലെന്നുവരാം. പക്ഷേ നമ്മുടെ നാട്ടിലെ പെൺകുട്ടികളെ നാക്കുകെട്ടിയിട്ടാണ് വളർത്തുന്നത്. ആ കെട്ടു പൊട്ടിക്കുക എന്നത് ശ്രമകരമായ ജോലിതന്നെയാണ്. കെട്ടു പൊട്ടിയെങ്കിൽ അവർ ഇനിയും ഉറക്കെ ശബ്ദിക്കും. പ്രതിരോധിക്കും. കൂടുതൽ കെട്ടുകൾ പൊട്ടിക്കാൻ സഹായിക്കും.**

ക്യാമ്പസ്സുകളിലെ സ്ത്രീപക്ഷ സമരങ്ങൾ ഈ കാലഘട്ടത്തിന്റെ ഉത്പന്നമല്ല. കാലങ്ങളായി നടന്നു വരുന്ന സാമൂഹ്യ മുന്നേറ്റങ്ങളുടെ ഫലമാണെന്നു വേണം കരുതാൻ. അതുപോലെ ക്യാമ്പസ്സുകളിൽ നിന്നുയരുന്ന ശബ്ദങ്ങളിൽ ഒന്നുപോലും ഒരിക്കലും പരാജയപ്പെട്ടിട്ടുമില്ല. കാരണം അവ ഓരോന്നും പുതിയ ചുവടുവെപ്പുകൾക്ക് ഊർജമാണ്. ആ സമരങ്ങളിലെല്ലാം പങ്കെടുത്തവരും ആ സമയത്ത് സമരത്തെക്കുറിച്ച് ഏതെങ്കിലും രീതിയിൽ ചർച്ച ചെയ്തവരും മുന്നേറ്റത്തിന്റെ ഭാഗമാണ്.

കാലിക്കറ്റ് സർവ്വകലാശാലയിലെ ഇന്നു കാണുന്ന സമരങ്ങളുടെയൊക്കെ തുടക്കം 2013ൽ ഒരു പെൺകുട്ടിക്ക് പാമ്പുകടിയേറ്റതിൽ നിന്നാണ്. ക്യാമ്പസ് സുര

ക്ഷിതമാക്കണമെന്ന ആവശ്യവു മായാണ് ആദ്യ ഉപരോധം നടന്ന തെന്ന് അറിയുന്നു. ഇന്ന് 600 പെൺകുട്ടികൾ ക്യാമ്പസിൽ നേരിടുന്ന പ്രശ്നങ്ങളിൽ പരാതി പ്പെടാൻ കാണിച്ച ധൈര്യം 2013ൽ തുടങ്ങിയ ക്യാംപയിനുക ളുടെ ഫലമാണ്. സാധാരണ യുക്തിയിൽ ഈ പരാതിപ്പെടൽ വലിയ ധൈര്യമായി തോന്നിയി ല്ലെന്നുവരാം. പക്ഷേ നമ്മുടെ നാട്ടിലെ പെൺകുട്ടികളെ നാക്കു കെട്ടിയിട്ടാണ് വളർത്തുന്നത്. ആ കെട്ടു പൊട്ടിക്കുക എന്നത് ശ്രമ കരമായ ജോലിതന്നെയാണ്. കെട്ടു പൊട്ടിയെങ്കിൽ അവർ ഇനിയും ഉറക്കെ ശബ്ദിക്കും. പ്രതിരോധിക്കും. കൂടുതൽ കെട്ടു കൾ പൊട്ടിക്കാൻ സഹായിക്കും.

കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് തിരുവ നന്തപുരത്ത് ഹോസ്റ്റൽ സമയത്തിലെ തുല്യത യ്ക്കുവേണ്ടി തുടങ്ങിയ സമരമാണ് ബ്രേക്ക് ദി കർഫ്യൂ . 260 പെൺകു ട്ടികൾ ഹോസ്റ്റൽ സമയം കഴിഞ്ഞും ക്യാമ്പസിലിരുന്ന് പ്രതി രോധിച്ചാണ് സമരം തുടങ്ങുന്നത്. എങ്കിലും ആ ദിവസത്തിലേക്ക് എത്തിക്കാൻ ഒന്നോ രണ്ടോ മാസത്തെ പല രീതിയിലുള്ള ക്യാംപെ യിനുകൾ നടന്നിരുന്നു. ഇപ്പോഴും സമരവും ക്യാംപെയിനുകളും തുട രുന്നു. സമരത്തിന്റെ ഏറ്റവും വലിയ വിജയം വിദ്യാർത്ഥിനി/ വിദ്യാർത്ഥികളിലും രക്ഷിതാക്ക ളിലും അദ്ധ്യാപകരിലും സമാന്ത രമായി നടക്കുന്ന ക്യാംപയിനു കൾ ആയിരുന്നു. സ്വീകരിച്ച സമ രമാർഗം ദൃശ്യമായ ഫലത്തേ ക്കാൾ വളരെ വലിയ മാറ്റം പെൺകുട്ടികളിൽ ഉണ്ടാക്കി NIT Calicut ന്റെ സമയമാറ്റം ബ്രേക്ക് ദി കർഫ്യൂ ന്റെ ആദ്യത്തെ പ്രകട മായ വിജയമായിരുന്നു.

തുടർന്ന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലും ഹോസ്റ്റൽ സമയത്തിനായുള്ള സമരം നട ന്നു. കുറച്ച് സമയത്തിനുള്ളിൽ തന്നെ സമരം വിജയം കണ്ടു.

ബ്രേക്ക് ദി കർഫ്യൂവിന്റെ NDTVൽ വന്ന വാർത്തയിൽ നിന്നാണ് പിഞ്ച്റതോഡ്: ബ്രേക്ക് ദി ഹോസ്റ്റൽ ലോക്സ് എന്ന ഫേസ് ബുക്ക് പേജ് തുട ങ്ങുന്നത്. ഡൽഹിയിലെ ജാമിയ മില്യയിൽ തുടങ്ങിയ ഈ ക്യാംപെയിൻ ഡൽഹിയിൽ മാത്രമല്ല പൂനെയിലേക്കും ഹൈദരാബാദിലേക്കും പടർന്നു. അത് വിജയകരമായും വളരെ വ്യത്യസ്തമായും മുൻപോട്ട് പോകുന്നു.

മഹാരാജാസ് കോളേജിൽ SFI യുടെ നേതൃത്വത്തിൽ നടന്ന ആർത്തവസമരവും ഒത്തിരി ചർച്ചകൾ ഉണ്ടാക്കി. സാനിറ്ററി പാഡിൽ എഴുതിക്കൊണ്ടുള്ള ക്യാംപെയിൻ കേരളത്തിൽ ആദ്യം ചെയ്തത് മഹാരാജാ സിൽ ആയിരുന്നു. ഈ സമരം ക്യാമ്പസിനെ തുറന്ന ചർച്ചകളി ലേക്കു കൊണ്ടുപോകുന്നതിൽ കാര്യമായ പങ്കുവഹിച്ചു.

ഈ സൂചിപ്പിച്ച കൂട്ടായ സമര ങ്ങളിൽ നിന്നു വ്യത്യസ്തമായി ഫറൂഖ് കോളേജിൽ ദിനുവിന്റെ ഒറ്റയ്ക്കുള്ള സമരവും വന്നു. ലിംഗവിവേചനങ്ങൾക്കെതിരെയു ള്ള ആ സമരത്തെ പലതരത്തിൽ വളച്ചൊടിക്കാൻ ശ്രമിച്ചുവെ ങ്കിലും മാധ്യമങ്ങളും പൊതുജ നവും ഈ വിഷയത്തെക്കുറിച്ചു ള്ള ചർച്ചകളിൽ ശ്രദ്ധ ചെലു ത്തി. അതുതന്നെയാണ് അതിലെ വിജയവും. മാത്രമല്ല കോളേ ജിലെ അന്തരീക്ഷവും മാറാൻ തുടങ്ങിയിരിക്കുന്നു.

ക്യാമ്പസുകളിലൂടെ കടന്നു പോയ ഓരോ സമരങ്ങളും ഇനി വരാനിരിക്കുന്ന സമരങ്ങളും മികച്ച ഉന്നതവിദ്യാഭ്യാസ മേഖ ലയെ കേരളത്തിൽ ഉണ്ടാക്കുമെ ന്നതിന് സംശയമില്ല. ഓരോ സമ രങ്ങളും ഓരോ ക്യാമ്പസി ന്റെയും ഒപ്പം സമൂഹത്തിന്റെ അനീതിയുടെ ഓരോ കണവും ചോദ്യം ചെയ്യപ്പെടട്ടെ. തിരുത്ത പ്പെടട്ടെ.




*തിരുവനന്തപുരം സി.ഇ.ടി പൂർവ്വവിദ്യാർത്ഥിയാണ് ഐശ്വര്യ.*



ഇന്ദു മേനോൻ

വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സദാചാര ബോധം അവർ ജീവിച്ച സമൂഹത്തിലെ സദാചാര പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ്. ആൺകുട്ടികളും പെൺകുട്ടികളും കൂടി കലർന്നിരുന്നാൽ എന്തെങ്കിലും അനിഷ്ടകരമായി സംഭവിക്കുമെന്നത് പ്രാകൃതമായ ചിന്താഗതിയാണ്. ഇന്നത്തെ കുട്ടികൾക്ക് വ്യക്തമായ സദാചാരബോധവും ആത്മ നിയന്ത്രണവും എല്ലാം ഉണ്ട് . ഒരു ബന്ധം എങ്ങിനെ മുന്നോട്ട് കൊണ്ട് പോകണമെന്നും നിലനിർത്തണമെന്നും എവിടെ നിയന്ത്രിക്കണമെന്നും തീരുമാനിക്കാനുള്ള ബോധം അവർക്കുണ്ട്. അകറ്റി നിർത്തിയത് കൊണ്ട് മാത്രം സദാചാരം നിലനിർത്താൻ പറ്റുമെന്ന് പറയുന്നവർ സാഹചര്യങ്ങളുടെ അഭാവമാണ് തങ്ങളുടെ സദാചാരബോധം എന്ന് വിളംബരം ചെയ്യുകയാണ് ചെയ്യുന്നത്. ആരോഗ്യപരമായ ബന്ധങ്ങൾ സമൂഹത്തിൽ നിലനില്ക്കാൻ അതിന്റെ പരിച്ഛേദമായ ക്യാമ്പസുകളിലും ഇടപഴകി ജീവിക്കാൻ അവരെ അനുവദിക്കണം. ഇനി ഏതെങ്കിലും തരത്തിലുള്ള സ്വാതന്ത്ര്യ ദുരുപയോഗം അവർ ലക്ഷ്യമിടുന്നുന്ടെങ്കിൽ ക്ലാസ്സ്മുറികളിലോ ലൈബ്രറിയിലോ കാന്റീനിലോ അവരെ മാറ്റിയിരുത്തിയിട്ട് കാര്യമില്ല. അതല്ല അതിനുള്ള പരിഹാരം. ലിംഗ വിവേചനവും ലിംഗപരമായ വേർതിരിവും രണ്ടായി തന്നെ കാണേണ്ടതുണ്ട്. അകറ്റി ഇരുത്തുന്നത് ലിംഗവിവേചനമല്ല ലിംഗപരമായ വേർതിരിവ് ആണ്. ഒരു പ്രത്യേക ലിംഗത്തിൽപെട്ടതു കൊണ്ട് മാത്രം ഒരാളെ വിവേചിക്കുന്നുണ്ടെങ്കിൽ അതാണ് ലിംഗ വിവേചനം. പെൺകുട്ടി ആയതു കൊണ്ട് അല്ലെങ്കിൽ ആൺകുട്ടി ആയതു കൊണ്ട് ക്യാമ്പസിൽ ഒരു വിദ്യാർത്ഥി വിവേചനം നേരിടുന്നുണ്ടെങ്കിൽ അത് എതിർക്കപ്പെടേണ്ടതാണ്.



ഷാഹിന കെ. കെ.

ക്യാമ്പസുകളിലെ ലിംഗനീതയെ ചൊല്ലിയുള്ള സംവാദം പഴയതാണ്. സോഷ്യൽ മീഡിയയിൽ തരംഗമുണ്ടാക്കി ഫറൂഖ് കോളേജിന്റെ നേർക്ക് മാത്രം ചളി വാരി എറിഞ്ഞു എന്നത് വാസ്തവവിരുദ്ധമാണ്. സി.ഇ.ടിയിലും ലിംഗവിവേചനത്തിനെതിരെ ശബ്ദമുയർന്നിട്ടുണ്ട്. ഫറൂഖ്കോളേജിലെ പോലെയുള്ള പ്രശ്നങ്ങൾ മറ്റു പലേടത്തും ഉണ്ടെങ്കിലും ഫറൂഖ് കോളേജിലെ പോലെയൊരു നടപടി വേറെ എവിടെയും ഉണ്ടായിട്ടില്ല. വിദ്യാർത്ഥികളെ ആരും മോശമായ അവസ്ഥയിൽ കണ്ടതിനെ ചൊല്ലിയായിരുന്നില്ല നടപടി. കോടതി ഉത്തരവിനെതിരെ പോലും മാനേജ്മെന്റ് യുദ്ധം പ്രഖ്യാപിച്ചു. ജനാധിപത്യപരമായി നേരിടേണ്ടതിനു പകരം കേട്ടുകേൾവിയില്ലാത്ത നടപടിയാണ് കോളേജ് കൈക്കൊണ്ടത്. കോളേജുകളിൽ രാഷ്ട്രീയം ഇല്ലാതായതും സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങളുടെ അതി പ്രസരവും വിദ്യാർത്ഥികളുടെ സംഘടിത ശക്തിയെ പ്രതിലോമകരമായി ബാധിച്ചിട്ടുണ്ട്. മോറൽ പോലീസിംഗ് ഒരു അവകാശമായി കോളേജ് അധികൃതർ കാണുന്നു. വോട്ടവകാശം നേടിയവരെയാണ് നിയന്ത്രണത്തിന്റെ കുരുക്കുകളിൽ അവർ പെടുത്തുന്നത് . രക്ഷിതാക്കളുടെ പൈസക്ക് അനുസരിച്ചുള്ള ഉല്പന്നം ആണ് പല വിദ്യാഭ്യാസ സ്ഥാപനങ്ങളും പടച്ചു വിടാൻ ശ്രമിക്കുന്നത്. അവിടെ ഹനിക്കപെടുന്നത് വിദ്യാർത്ഥികളുടെ മൗലിക അവകാശങ്ങളും.

കവർസ്റ്റോറി

# മിന്നൽപ്പിണരുകളും പുൽക്കൊടിത്തുമ്പുകളും






ഡോ. രോഷ്നി സ്വപ്ന

*"Don't fall in love with an educated magical delusional, crazy woman. Don't fall in love with a woman who thinks, who knows what she knows and also knows how to fly; a woman sure of itself". (Martha Rivera - Garrido)*

ഈ അടുത്ത കാലത്ത് ഫെയ്സ്ബുക്കിൽ പ്രചരിച്ച ഒരു കവിതാ ശകലമാണിത്. മാർതാ റിവേര ഗാരിദോ എന്ന സ്പാനിഷ് കവയത്രിയുടേതാണ് ഈ കവിത. പെണ്ണിന്റെ അറിവും ഉത്കണ്ഠകളും മാന്ത്രികതയും വശ്യതയും ഭയക്കുന്ന സമൂഹമാണിതിലെ പ്രമേയം. ഉറച്ച ശബ്ദത്തിലവൾ സംസാരിച്ചു തുടങ്ങിയാൽ ദുർബ്ബലമായി പോകുന്ന തന്റെ സ്വൈര്യത്തെ ഭയക്കുന്ന അവൻ ഈ കവിതയിലെവിടെയോ ഉണ്ട്. അദൃശ്യതയിൽ നിന്ന് ദൃശ്യതയിലേക്ക് സ്ത്രീ ആഴ്ന്നിറങ്ങി നോക്കുമ്പോൾ ഉരുകിയൊലിക്കുന്ന ലാവകളെ കാണുന്നുവെന്നും, അനന്തതയുടെയും അഗാധതയുടെയും ഒച്ചകൾ സ്ത്രീയോടു പറയുന്നത്. 'സ്ത്രീയേ, നിന്റ ഉടലിൽ അല്ല, ഉയിരിലാണ് നീ' എന്നുമാണ്. ഈ വാക്യം മുഴങ്ങുമ്പോഴേക്കും കടൽ കീഴ്മേൽ മറിയുന്നു. ഉടലിൽ നിന്നവൾ സ്വതന്ത്രയായി ഉടൽബോധങ്ങളെ എരിച്ചു കളയാനുള്ള കവിതാഗ്നി അവൾക്കു കിട്ടണം. കവിതയോ, സംഗീതമോ, ചിത്രമോ എന്തുമാകട്ടെ, ആഴങ്ങളിൽ നിന്ന് വേരു കിളിർത്ത്, ആത്മാവിനെ വരിഞ്ഞുകെട്ടി, കൈകൾ കാലുകളായും, കാഴ്ചയായും സ്വയമനുഭവിക്കുന്ന പെണ്ണിന് ഉടലല്ല സർഗ്ഗാത്മകതയുടെ ഇടം. സ്ത്രീയെ തൊടുമ്പോൾ ആകാശം മാത്രമല്ല, ഭൂമിയും കടലും ദിക്കുകളും സ്പർശിക്കപ്പെടുന്നു.

പെണ്ണിന്റെ ഉടൽ, വെളുത്ത പർവ്വതങ്ങൾ!

വിരലുകൾക്ക് തൊടാനാവാത്തത്രക്ക്

തൊലിച്ചുളിവുകൾക്ക് അളക്കാനാവാത്ത ദൂരം

തീർത്ത്

അവ അജ്ഞാതമായി നില കൊള്ളുന്നു.

എന്ന് നെരൂദയുടെ കവിത.

ആത്മബോധം കൈവന്നാൽ ആസക്തികൾക്കെന്തു സ്ഥാനം. പക്ഷെ 'അവൾ' പറഞ്ഞാൽ, 'അവൾ' തീരുമാനിച്ചാൽ, അവൾ 'ചിന്തിച്ചാൽ' അംഗീകരിക്കാൻ മടിക്കുന്ന ഒരു പൊതുബോധം ഇന്നും നിലനിൽക്കുന്നുണ്ട്. നാൽപ്പതുശതമാനം പേരും ഈ പൊതുബോധത്തിനടിമകളാണ്. പുരുഷാധിപത്യവർഗ്ഗബോധമാണ് ഈ അവസ്ഥയിലേക്കവരെ നയിക്കുന്നത്. ഇക്കൂട്ടത്തിൽ ഏറിയ ശതമാനം പുരുഷന്മാരും, കുറഞ്ഞ തോതിൽ സ്ത്രീകൾ തന്നെയുമുണ്ട്.

സ്റ്റാഫ്റൂമിൽ, അദ്ധ്യാപകരുടെ മീറ്റിംഗിൽ 'മാഷ്'മാർക്കു മുന്നിൽ സംസാരിക്കുന്നുവെന്നു പഴി കേൾക്കുന്ന ഒരു കൂട്ടുകാരിയുണ്ടെനിക്ക്, സ്കൂൾ അദ്ധ്യാപികയായി. ആണദ്ധ്യാപകർ പറയും മുമ്പ് ടീച്ചറെന്തിന് സംസാരിക്കുന്നുവെന്ന് സഹഅദ്ധ്യാപികമാർ കൂടി പറഞ്ഞു തുടങ്ങിയതോടെ അവൾ ഒറ്റപ്പെട്ടു. സ്കൂളിലെ കുളിമുറികൾ പെൺകുട്ടികളെക്കൊണ്ടു മാത്രം വൃത്തിയാക്കിക്കുക, ആൺകുട്ടിളെ അത്തരം പ്രവൃത്തികളിൽ നിന്ന് മാറ്റി നിർത്തുക, പോലുള്ള നീക്കങ്ങൾക്കെതിരെ പ്രതികരിക്കലാണ് അവളുടെ കുറ്റം. കുട്ടികൾക്ക് തിയ്യറ്റർ ക്യാമ്പ്, സഹവാസ ക്യാമ്പ് എന്നിവ സംഘടിപ്പിക്കലും 'അഹമ്മതി'യുടെ അടയാളങ്ങൾ. പോരെങ്കിൽ കവിതകൾ എഴുതിയിരുന്ന പെൺകുട്ടി, വിദേശത്തു ജോലിയുള്ള ഇണ എന്നിവയൊക്കെ ഈ ഒറ്റപ്പെടുത്തലിന്റെ യോഗ്യതകൾ .

ഇത്തരം ഒരുപാടുദാഹരണങ്ങളുണ്ട്. ആത്മബോധം കൈവരിച്ച സ്ത്രീ അഹങ്കാരിയാണ്. ഇക്കൂട്ടർക്കു പുറമേക്ക് സ്ത്രീവാദം പറയുന്ന പുരുഷന്റെ തനി നിറം, സ്ത്രീയുടെ ഉടലിനോടുള്ള ഒളിഞ്ഞുനോട്ട ആർത്തികൾ തന്നെയെന്ന് തിരിച്ചറിഞ്ഞാൽ അവൻ പിന്നെ അവളുടെ 'സദാചാര' ത്തിലാവും ചെളിവാരിയെറിയുക. പിന്നെ 'സ്ത്രീവാദങ്ങൾ' പെരുക്കുകയായി.

വ്യക്തിപരമായി ഇത്തരം പുരുഷന്മാരെ അർഹിക്കുന്ന അവഗണന കൊടുത്ത് കാഴ്ചയിൽ പോലും സ്ഥാനം കൊടുക്കരുത് എന്നാണെന്റെ അഭിപ്രായം. മേലുദ്യോഗസ്ഥ ഒരു സ്ത്രീയായി പോയതിൽ വിരലറ്റങ്ങൾ കിരുകിരുപ്പിക്കുന്ന ഒരാളെ ഞാൻ കണ്ടിട്ടുണ്ട്. 'ഓ, അവളുടെയൊരടുക്കള ഭരണം' എന്ന് സ്വയം പുച്ഛിച്ച് ഉള്ള സൗന്ദര്യം വികൃതമാക്കുന്ന പുരുഷന്മാരേയും അറിയാം. അത് പുറമേക്ക് കാണുന്ന 'ഉടലല്ല'. ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഉടൽ ആണ്. 'അവന്റെ' നോട്ടത്തിൽ/ ഒളിഞ്ഞു നോട്ടത്തിലല്ല അതു പൂക്കുന്നത്.

'എനിക്ക് എത്ര ഉടലുണ്ട്' എന്ന് പുരുഷനോടു ചോദിക്കുന്ന ഒരു കവിതയുണ്ട് എന്റെ വായനയിൽ.

'ഞാൻ
എന്റെ ഉടൽ
എന്റെ ഉടലിൽ നിഴൽ
എനിക്കുള്ളിലെ ഞാൻ'.....

അതൊ, 'നാലാമവൾ' ആണെന്ന് ഞാൻ പറയുന്നു. നിന്നോടൊപ്പം നടക്കുന്ന മൂന്നാമൻ ആര് എന്നേ എലിയറ്റ് ചോദിച്ചുള്ളൂ. പക്ഷേ എന്റെ എഴുത്തിന്റെ ഓരോ ഘട്ടത്തിലും ആ നാലാമവളെ അനുഭവിക്കാനെനിക്കു കഴിയുന്നുണ്ട്. 'ഇവളൊരു വെറും പെണ്ണ്' എന്നു പുച്ഛിക്കുന്നവരെ പുറം കാൽ കൊണ്ടു തട്ടിയെറിയാനും ആത്മാവിനു മുറിവേൽക്കുമ്പോൾ ഉപേക്ഷിച്ചു പോരാനും ആ 'നാലാമവൾ' ആണെന്നെ പ്രേരിപ്പിക്കുന്നത്. അവളില്ലെങ്കിൽ ഞാനില്ല. എഴുത്തിന്റെ ഓരോ ഘട്ടത്തിലും ആ നാലാമവളെ അനുഭവിക്കാൻ കഴിയുന്നു. ഞാൻ വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത എന്റെ തന്നെ ഭാഗം ആണവൾ. ഇവളെ സ്ത്രീക്കും, പുരുഷനും ബോധപൂർവ്വം മറക്കുകാണ് പതിവ്.

കാരണം ഈ സാന്നിദ്ധ്യം നേർരേഖകളിലെന്നെ നടത്തുന്നില്ല. റെയിൽ പാളങ്ങളുടെ കൂർത്ത മുനകളിൽ തൊലി ഉരുമ്മി മുറിവുകളിൽ ആനന്ദിക്കാൻ ആണ് ഇവർക്കിഷ്ടം. ഒരുടൽ വേണമെന്നില്ല അവൾക്ക്. എന്റെ സർഗ്ഗാത്മകതയുടെ എല്ലാ രഹസ്യങ്ങളും ഈ നാലാമവളിലാണ്.

ഈ ഇടത്തെ ഭയക്കുന്നുണ്ട് മേൽപറഞ്ഞ വിഭാഗത്തിലെ പുരുഷന്മാർ. സ്ത്രീയുടെ പദവി, അംഗീകാരങ്ങൾ, ധൈഷണികത, ബൗദ്ധികത, എഴുത്ത്, അഭിരുചി ഒക്കെത്തന്നെ ഇത്തരക്കാരെ അസ്വസ്ഥരാക്കും, അരക്ഷിതരാക്കും. ആത്മബോധത്തിനപ്പുറം ഒരാസക്തിക്കും ഇളക്കാനാവില്ല സ്ത്രീസ്ഥൈര്യത്തെ. അത് നമ്മുടെ പൊതുസമൂഹം എന്നാണ് തിരിച്ചറിയുക? സ്വതന്ത്രയായ സ്ത്രീയെ നിഷേധങ്ങളുടെ കാവൽക്കാരിയായി മുദ്രകുത്തുക, സർഗ്ഗാത്മകയായ സ്ത്രീയെ നിഷേധങ്ങളുടെ കാവൽക്കാരിയായി ചിത്രീകരിക്കുക, സ്വതന്ത്രമായ ഇടപെടലുകളും തെരഞ്ഞെടുപ്പുകളും നടത്തുന്ന സ്ത്രീകളെ സദാചാര വിരുദ്ധകളായി അടയാളപ്പെടുത്തുക. പ്രണയവും, ഉന്മാദവും അനുഭവിക്കുന്ന സ്ത്രീകളെ വ്യഭിചാരിണകളെന്ന് അനുമാനിക്കുക തുടങ്ങിയ വിനോദങ്ങൾ കൈമുതലായവർ നമുക്ക് ചുറ്റും സദാ പതുങ്ങിയിരിപ്പുണ്ട്. ഒരു പക്ഷെ ഭയമായിരിക്കും അവർക്ക്, പെണ്ണിന്റെ പിളർന്ന നാവിന്റെ ആസക്തചുംബനങ്ങളേറ്റാൽ, ഒരിക്കലുമവന് സ്വന്തം അഹന്തകളിലേക്ക് മടങ്ങാനാവുകയില്ലായിരിക്കാം. മാർത്താ റിവേറ തുടർന്നെഴുതുന്നു.

**Don't fall in love with a woman who is intense, entertaining, inside and irreverent. Don't wish to fall in love with a woman like that. Because when you fall in love with a woman like that, whether she stays with you or not, whether she loves you or not, from a woman like that,**

**you never come back.**

*മലയാളം സർവ്വകലാശാലയിലെ അദ്ധ്യാപികയാണ് രോഷ്നി സ്വപ്ന.*

പ്രകൃതിയെന്ന് പറയുന്നത് സ്ത്രീയും പുരുഷനും ചേർന്നതാണ്. അത് മനസ്സിലാക്കി മുന്നോട്ട് പോവുകയാണ് സമൂഹത്തിന്റെ പുരോഗതിക്കായി വേണ്ടത്. ഒരുമിച്ചിരിക്കുന്നതിനെതിരെ നടപടിയെടുക്കുന്നത് ലിംഗവിവേചനം ആയി കണക്കാക്കാൻ വയ്യ. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുമിച്ച് നടക്കാനും പഠിക്കാനും എല്ലാം സ്വാതന്ത്ര്യമുണ്ട്. നിർബന്ധിച്ച് നമ്മൾ ആരേയും ഇരുത്തേണ്ടതില്ല. കാരണം എല്ലാ പെൺകുട്ടികളും അത് ആഗ്രഹിക്കണമെന്നില്ല.



**കാഞ്ചനമാല**



**കെ.ആർ.മീര**

ആൺപെൺ വിവേചനം വളരെ അനാരോഗ്യകരമായ കാഴ്ചപ്പാടാണ്. വേർതിരിക്കലുകൾ കൊണ്ട് കുട്ടികളുടെ വ്യക്തിത്വവികാസത്തെ മുരടിപ്പിക്കാൻ മാത്രമേ ആകൂ. ആൺപെൺ ഇടപെടലുകൾക്ക് ആരോഗ്യപരമായ അവസരം സൃഷ്ടിച്ചാൽ മാത്രമേ ലൈംഗികാതിക്രമങ്ങൾക്ക് തടയിടാനാകൂ. പെൺകുട്ടികൾ പൊതിഞ്ഞു സംരക്ഷിക്കപ്പെടേണ്ടവരോ അടച്ചു വെക്കേണ്ടവരോ അല്ല. തുല്യാവകാശങ്ങളുള്ള പൗരന്മാരാണ് ആണും പെണ്ണും എന്ന് ആദ്യമേ പറഞ്ഞ് പഠിപ്പിച്ചില്ലെങ്കിൽ അതിന് കഴിയുന്നില്ലെങ്കിൽ, ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാകും എന്നത് തീർച്ച.






വി.യു.അമീറ



# ജന്റർ ജസ്റ്റിസും ചീഫ് ജസ്റ്റിസും

എന്തുതന്നെയായാലും സായിപ്പിനെ ഉദ്ധരിച്ച് തുടങ്ങിയാൽ കാര്യത്തിനൊരു രാശിയുണ്ട്. നാടുകാണാൻ വന്ന സായിപ്പ് ചോദിച്ചു; ഇവിടെ സ്ത്രീയും പുരുഷനും വെവ്വേറെ ഗ്രൂപ്പുകളായാണല്ലോ നടക്കുന്നത്, നിങ്ങൾ സ്വവർഗരതിക്കാരാണോ? സായിപ്പിന്റെ സംശയം അസ്ഥാനത്തല്ലെന്ന് തെളിയിക്കാൻ കച്ചകെട്ടിയിറിങ്ങിയിരിക്കുന്ന മതദേഹങ്ങളെ കേൾക്കുമ്പോൾ ഇക്കാര്യത്തിൽ ഒരു ലിംഗസമത്വനവോത്ഥാനം വേണ്ടേയെന്ന് തോന്നിപ്പോയാൽ കുറ്റംപറയരുത്. സകലലിംഗസമത്വചർച്ചകളിലും സ്ത്രീലിംഗം ദ്വിതീയമാണെന്നാണ് പുരുഷകേസരീവാദം. ലിംഗപ്രത്യയം പ്രയോഗിച്ചാൽ സാമൂഹ്യഘടനയുടെ വ്യാകരണം വ്യാപകമായി തെറ്റുമെന്ന് മതവൈയാകരണന്മാർ അഭിപ്രായപ്പെടുമ്പോൾ ബ്ലിങ്കസ്യയാകുകയല്ലാതെ എന്ത് നിവൃത്തി!

ലിംഗസമത്വമാണോ ലിംഗനീതിയാണോ ശരി എന്നത് ചർച്ചയ്ക്കെടുക്കും മുമ്പെ ഒരു കാര്യം ചോദിക്കട്ടെ. സമത്വവും നീതിയും പുലരണമെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടോ? വാർത്താചാനലുകളിലെ രാത്രിചർച്ചകളിൽ ഊന്നിപറയുന്ന സുന്ദരമായ നടക്കാത്ത സ്വപ്നത്തിന്റെ കിയാമത്ത് നാളിലും സാക്ഷാത്കരിക്കപ്പെടാത്ത പ്രസ്താവനയുടെ ലേറ്റസ്റ്റ് വേർഷൻ ഇറക്കാനാണ് ഉദ്ദേശ്യമെങ്കിൽ തേക്കിൻകാട് മൈതാനിയിൽ പ്രധാനമന്ത്രിയുടെ പ്രസംഗം തർജ്ജമ ചെയ്ത യുവനേതാവിന്റെ അവസ്ഥയിലാകും നിങ്ങൾ. ഒന്നും കേൾക്കുവാനാകുന്നില്ലെന്ന് പറഞ്ഞ് രക്ഷപ്പെടുകയാണ് നല്ലത്.

മനുഷ്യചരിത്രത്തോളം പഴക്കമുള്ള ചിന്തയാണ് ലിംഗസമത്വം. അതുപുലരാനൊരു ഉട്ടോപ്യ ഒരു കാലത്തും വന്നില്ലെന്ന് മാത്രം. കോഴിക്കോട് ഫാറൂഖ്കോളേജിലെ ക്ലാസുമുറിയിൽ നിന്ന് പുറത്തുവിട്ട ഭൂതം ആ വാക്കിനെ വടക്കോട്ട് നിന്ന് തെക്കോട്ടെടുത്തിരിക്കുന്നു. ചേരിതിരഞ്ഞും ബഹളും വെച്ചും സ്റ്റാറ്റസിട്ടും അതിന് പൊങ്കാലയിട്ടും നാം നടത്തിയ ലിംഗനീതി വാചാടോപങ്ങൾ പൊതുധാരയിൽ വഴിയാധാരമായി നിൽക്കുകയല്ലേ....

എന്തിനാണ് ഒറ്റബെഞ്ചിൽ ഒരുമിച്ചിരുന്ന് സാഹിത്യം പഠിക്കാൻ ശ്രമിച്ചത് കുട്ടികളെ നിങ്ങൾ!? വൈകാരികതയും പ്രണയവുമൊക്കെ ആലുവാ ശിവരാത്രിക്ക് കണ്ട പരിചയം പോലുമില്ലാത്ത ആ അന്തരീക്ഷത്തിൽ ചേർന്നിരിക്കൽ നിങ്ങളെ ഇക്കിളിപ്പെടുത്തില്ലേ. ആണെന്നും പെണ്ണെന്നുമുള്ള ബോധമുണ്ടാക്കില്ലേ. പ്രസ്തുതബോധ്യത്തിന്റെ ആഫ്റ്റർ ഇഫക്ട് ലൈംഗീകത മാത്രമാണെന്ന വിവരവിജ്ഞാനം യൗവ്വനം വന്നുദിച്ചിട്ടും ആർജിച്ചിട്ടില്ല അല്ലേ? ആകയാൽ നീ ജാരസന്തതിയെ പ്രസവിക്കുമെന്നും തന്തയില്ലാത്ത കുഞ്ഞുങ്ങൾ ക്യാമ്പസുകളിൽ അംഗനവാടിയുണ്ടാക്കുമെന്നുമുള്ള ആപ്തവാക്യം വായിച്ചിട്ടില്ലേ. അതൊന്നും നമ്മുടെ ധാർമ്മിക ബോധത്തിന്റെ പരിധിയ്ക്കകത്തല്ലല്ലോ.

വിദ്യാഭ്യാസമന്ത്രി വിവരക്കേടു പറയില്ല. അതുകൊണ്ടാണല്ലോ ആ വകുപ്പ് മന്ത്രിയായത്. നിലവിളക്ക് കൊളുത്തലിനെക്കുറിച്ച് പറഞ്ഞത് സ്വാഭിപ്രായം മാത്രമാണ്. അതിനെ വിവരത്തിന്റെ എക്കൗണ്ടിൽ ചേർക്കരുത്.

ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചിരിക്കേണ്ടെന്ന് പറഞ്ഞത്. ഏത് വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന പ്രസ്താവനയാണെന്നത് ചരിത്രം ഇതുവരെ രേഖപ്പെടുത്തിയിട്ടില്ല. പണ്ട് ടിയാന്റെ പാർട്ടിക്കാരനായ വേറൊരു വിദ്യാഭ്യാസ മന്ത്രി. പതിനേഴാം തിയ്യതി സെക്കന്റ് സാറ്റർഡേ എന്താഴ്ചയാണെന്ന് പത്രസമ്മേളനത്തിൽ ചോദിച്ചത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നൊന്നും ചോദിക്കരുത്. കഥയിൽ ചോദ്യമില്ല. രേഖപ്പെടുത്താത്ത ഇത്തരം പ്രസ്താവനകളുടേത് കൂടിയാണ് ചരിത്രം.

ചീഫ് ജസ്റ്റിസ് എന്നത് പോലെ ഏതാണ്ടൊരു പദമാണ് ജന്റർ ജസ്റ്റിസ്. മൂപ്പരേത് കോടതിയിലാ എന്ന് ചോദിക്കുന്നവരും ഉണ്ട്. കോടതിയിലുണ്ട് കോളേജിലില്ല എന്ന് കടങ്കഥയുണ്ടാക്കി രസിക്കാവുന്ന ഒരു ജസ്റ്റിസാണിത്. ലൈബ്രറിയിൽ, വരാന്തയിൽ തണൽമരച്ചോട്ടിൽ ഒക്കെ നിറച്ച് എഴുതിവെച്ചിട്ടുണ്ട് ജന്ററിന്റെ പേര്. അവിടെ മാത്രം ഇരുന്ന് തയമ്പിച്ചാൽ മതി എന്ന് യു.ജി.സി സദാചാരവാദികൾ ആഹ്വാനം ചെയ്തിട്ടുമുണ്ട്. കേട്ടപാതി കേൾക്കേണ്ട പാതി ഞമ്മന്റെ കോളേജിലും ബേണ്ട തൊട്ട ഹലാക്കിന്റെ അവുലും കഞ്ഞിയുമെന്ന് മൂശാട്ട പറഞ്ഞും തിരുത്തിയും അഭിപ്രായകോപ്രായങ്ങളിൽ അഭിരമിക്കുന്ന സ്ഥാപനമേധാവികളുമുണ്ട്. തൊട്ടുകൂടായ്മ പാകം ചെയ്യുന്ന ഉന്നതവിദ്യാഭ്യാസമെന്ന അടുക്കള തിരിച്ചുപിടിക്കേണ്ടതുണ്ടെന്ന് ആർക്കെങ്കിലും തോന്നുന്നുവെങ്കിൽ അതങ്ങ് പാറങ്ങാനം പള്ളീച്ചെന്ന് പറഞ്ഞാ മതി. ദീപസ്തംഭം മഹാശ്ചര്യം, ഞമ്മക്കും കിട്ടണം ഒമ്പത് മണീന്റെ ചർച്ച.

ഹോസ്റ്റലിലും ലൈബ്രറിയിലും വിദ്യാർത്ഥിനികൾക്ക് തുല്യനീതി എന്നൊക്കെ പറഞ്ഞ് സമരങ്ങൾ നടക്കുന്നുണ്ട്. പണ്ട് മാറുമറയ്ക്കാനൊക്കെ സമരം നടത്തിയവരാണ്. എന്തുതോന്നി

**ചീഫ് ജസ്റ്റിസ് എന്നത് പോലെ ഏതാണ്ടൊരു പദമാണ് ജന്റർ ജസ്റ്റിസ്. മൂപ്പരേത് കോടതിയിലാ എന്ന് ചോദിക്കുന്നവരും ഉണ്ട്. കോടതിയിലുണ്ട് കോളേജിലില്ല എന്ന് കടങ്കഥയുണ്ടാക്കി രസിക്കാവുന്ന ഒരു ജസ്റ്റിസാണിത്. ലൈബ്രറിയിൽ, വരാന്തയിൽ തണൽമരച്ചോട്ടിൽ ഒക്കെ നിറച്ച് എഴുതിവെച്ചിട്ടുണ്ട് ജന്ററിന്റെ പേര്. അവിടെ മാത്രം ഇരുന്ന് തയമ്പിച്ചാൽ മതി എന്ന് യു.ജി.സി സദാചാരവാദികൾ ആഹ്വാനം ചെയ്തിട്ടുമുണ്ട്.**

വാസത്തിനും ഇവളുമാർ സമരം നടത്തും. അതൊന്നും നമ്മുടെ വേദപുസ്തകത്തിലുള്ള സമ്പ്രദായങ്ങളല്ല. ആ ദായക്രമത്തിൽ നിന്നല്ല സമൂഹം ആ ഘടന സ്വീകരിച്ചത്. ഗവേഷണം ചെയ്യുന്ന പെൺകുട്ടികൾക്ക് വൈകുന്നേരത്തെ ലൈബ്രറി വേണമെന്ന വാദം അസ്സൽ സ്ത്രീവിരുദ്ധതയാണ് ഉൽപാദിപ്പിക്കുന്നത്. അതൊരുമാതിരി കുഞ്ഞൂഞ്ഞിനെ തെറിപറഞ്ഞ് കോൺഗ്രസിൽ നിന്ന് ചാടിപ്പോയ സഖാവ് സോഷ്യൽ മീഡിയയിൽ കുറിച്ചതിനേക്കാൾ സ്വല്പം കടന്ന കയ്യാണ്. ത്രിസന്ധ്യാനേരത്ത് ലൈബ്രറിയിൽ പോണത് തറവാട്ടിൽ പിറന്ന പെണ്ണുങ്ങൾക്ക് ചേർന്നതല്ല. ചാരിത്ര്യം നശിപ്പിച്ചുകൊണ്ടുള്ള ഗവേഷണത്തിനൊന്നും ചരിത്രത്തിൽ സ്ഥാനമില്ല. അതേ ന്യായമാണ് ഹോസ്റ്റലിൽ തിരിച്ചു കയറുന്ന സമയത്തിന്റെ കാര്യത്തിലുമുള്ളത്. തിരിച്ചു കയറിയില്ലേൽ പൂട്ടാൻ മറക്കും. കാലത്ത് തുറന്ന് വിടേണ്ടതുണ്ട്. പണ്ട് കോഴിക്കോട് സർവ്വകലാശാലയിൽ ഒരു വിദ്വാൻ വി.സിയായി വന്നകാലത്ത് പാതിരാത്രിവരെ ലേഡീസ് ഹോസ്റ്റലിന്റെ വാതിൽ മലർക്കെ തുറന്നിടാൻ ഉത്തരവിട്ടതാണ്. അതൊക്കെ പുല്ലുപോലെ ചെറുത്തുതോൽപിച്ചവനാണീ... നെട്ടൂരാനോടാണോടാകളി!

ക്യാമ്പസ്സുകളിൽ ലിംഗവിവേചനം നേരിടുന്നുണ്ടെന്ന് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ സമാഗതി റിപ്പോർട്ടിലുണ്ട്. ഇന്റേണൽ മാർക്കിന്റെ പേരിൽ വിദ്യാർത്ഥിനികൾക്ക് മാനഹാനി സംഭവിക്കുന്നുണ്ടെന്നും റിപ്പോർട്ട് പറയുന്നുണ്ട്. അങ്ങനെ എത്രയോ റിപ്പോർട്ടുകൾ കണ്ടയാളാ ഈ കുലുങ്ങാത്ത കേളൻ എന്നറിയാമോ. പുരുഷാധിപത്യ സമൂഹമാണിതെന്ന് രായ്ക്ക് രാമാനം പുലമ്പുന്ന ഫെമിനിസ്റ്റുകളുള്ള നാടല്ലേ; അതുകൊണ്ട് അശോകന് ക്ഷീണമാകാം.

ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട്, കസ്തൂരിരംഗൻ റിപ്പോർട്ട്, ഉമ്മൻ വി. ഉമ്മൻ കമ്മറ്റി റിപ്പോർട്ട് ഒറ്റക്കാര്യത്തിൽ ഇത്രയും റിപ്പോർട്ടുകൾ വന്നിട്ടും പരിസ്ഥിതി പാലം കടക്കാത്ത സമത്വ സുന്ദര കേരളമല്ലേ. സമാഗതി റിപ്പോർട്ടിനെക്കുറിച്ച് പഠിയ്ക്കാൻ മറ്റൊരു കമ്മറ്റിയെ നിയോഗിക്കുന്നത് വരെ നമുക്കിനി വിശ്രമമില്ല. ലിംഗസമത്വം, വിവേചനം എന്നൊന്നും പറയാത്ത പരിപാവനമായൊരു റിപ്പോർട്ട് വെയ്ക്കൂ..... അപ്പോ നോക്കാം!

ക്യാമ്പസ്സുകളിലുൾപ്പെടെ സമൂഹത്തിൽ ലിംഗസമത്വം സാധ്യമാകുന്ന പ്രക്രിയ കുടുംബത്തിൽ നിന്ന് തുടങ്ങേണ്ടതാണ്. മതധാർമ്മികതയുടേയും യാഥാസ്ഥിതിക മൂല്യങ്ങളുടേയും വേരുകൾ മണ്ണിനടിയിൽ ഇഴപിരിഞ്ഞു കിടക്കുന്ന കുടുംബമെന്ന വടവൃക്ഷത്തിന് വളമാകുന്നത് സ്ത്രീകൾ പ്രസവിക്കാൻ മാത്രമുള്ളവരാണെന്നത് അടക്കമുള്ള വിഘടവാദങ്ങളാണ്. കാന്തൻമാരുടെ പുരമാണ് കാന്തപുരം; കാന്തകളുടേതാണെന്ന് തെറ്റിദ്ധരിക്കുമെങ്കിലും.

*പൊന്നാനി എം.ഇ.എസ്. കോളേജ് അദ്ധ്യാപികയാണ് വി.യു.അമീറ*



**അഡ്വ.സ്വപ്ന**

ഭൗതികതയുടെ സത്യസന്ധമായ വാക്കാണ് തുല്യത. മനുഷ്യ ജീവിതത്തിൽ ഒരു തരത്തിലുള്ള വിഭാഗീയതയും അനുവദനീയമല്ല. വർഗ്ഗീയമായോ ലിംഗഭേദപരമായോ പ്രായവ്യത്യാസ സംബന്ധമായോ ഉണ്ടാകുന്ന വ്യത്യസ്തതകൾ മനുഷ്യനിർമ്മിതം മാത്രമാണ്. ജനിക്കുന്നതും വളരുന്നതും നടക്കുന്നതും ശ്വസിക്കുന്നതും ഭക്ഷിക്കുന്നതും ഒരുപോലെ ആകയാൽ വ്യത്യസ്തതയുടെ ആവശ്യമുണ്ടാകുന്നില്ല.

സാംസ്കാരിക നവോത്ഥാനത്തെ കൊട്ടിഘോഷിക്കുന്ന ഈ ആധുനിക കാല ഘട്ടത്തിലും ലിംഗഭേദപരമായ വ്യത്യസ്തതകൾ നിത്യേന എന്നോണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇതിന്റെ കാരണമെന്തെന്നാൽ, ബുദ്ധിപരമായും വിദ്യാഭ്യാസപരമായുമുള്ള സ്ത്രീമുന്നേറ്റത്തെ കണ്ട് പുരുഷനുണ്ടായ അകാരണ ഭയത്തിൽ നിന്ന് സ്ത്രീകളെ ഒതുക്കി പിടിയ്ക്കാനുള്ള ശ്രമം വർത്തമാനകാലത്ത് വന്നു കൊണ്ടിരുന്നു.

ഇതിന്റെ ഭാഗമായി തന്നെയാണ് കുടുംബ ജീവിതത്തിന്റെ സ്വകാര്യതയിലും പുരുഷാധിപത്യത്തിന്റെ അസഹ്യതകൾ സ്ത്രീകൾ സഹിച്ചുകൊണ്ടിരിക്കുന്നത്. ആൺകുട്ടികളും പെൺകുട്ടികളും അടങ്ങുന്ന കുടുംബജീവിതത്തിലെ രക്ഷിതാക്കൾ പോലും മനസ്സറിയാതെ കാഴ്ചപ്പാട് വ്യത്യസ്തമായി പോകുന്നു.

ബാലവാടികളിൽ നിന്ന് തന്നെ ഈ ആൺപെൺ വ്യത്യാസത്തിനു സമൂലമായ പരിവർത്തനം വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കുട്ടികളെ ഇടകലർത്തി ഇരുത്തി അവരിൽ സൗഹൃദം വളർത്തിയെടുത്താൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന മനസ്സിന്റെ പ്രണയ സംബന്ധമായ പ്രേമചേഷ്ടകളില്ലാതെ സ്ത്രീപുരുഷബന്ധത്തിന്റെ നവോത്ഥാനം സാദ്ധ്യമാകും.

ഈ അടുത്ത കാലത്തായി ഉയർന്ന ക്ലാസ്സുകളിലെ പെൺകുട്ടികളെയും ആൺകുട്ടികളെയും അകറ്റി നിർത്താനുള്ള ശ്രമത്തിനു പിന്നിൽ സദുദ് ദേശപരമായ ചിന്തയല്ല എന്നത് വ്യക്തമാണ്.

ഒരുമിച്ചു കളിക്കുകയും ഒരുമിച്ചു പഠിക്കുകയും ഒരുമിച്ച് വളരുകയും ഒരുമിച്ചു തൊഴിൽ ചെയ്യുകയും ചെയ്ത് ആഹ്ലാദപരമായ കെട്ടുറപ്പുള്ള ഒരു സമൂഹജീവിതം സാധ്യമാക്കാനാണ് നമ്മൾ ശ്രമിക്കേണ്ടത് .



**ഡോ.ഖദീജ മുംതാസ്**

ഫാറൂഖ് കോളേജിൽ ലിംഗസമത്വത്തെപ്പറ്റിയും മനുഷ്യാവകാശങ്ങളെപ്പറ്റിയും ഉയർന്ന ആശയങ്ങൾ പുലർത്തുന്ന യുവാവ് കോളേജിന്റെ അച്ചടക്കത്തെ ലംഘിച്ചു എന്ന പേരിൽ കുറ്റവാളിയായി. ആരോഗ്യകരമായ ആൺപെൺ ബന്ധങ്ങളെ അനുവദിക്കാത്ത അധികാരികൾ പൊതുസമൂഹചർച്ചകളിൽ വിമർശന വിധേയമായി. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഒരു പുരോഗമനരാഷ്ട്രീയ പ്രസ്ഥാനത്തിലെ പെൺകുട്ടികൾക്ക് ക്യാമ്പസിനകത്തുള്ളവരും പുറത്തുള്ളവരുമായ പുരുഷന്മാരിൽ നിന്ന് സുരക്ഷയേകാത്ത അധികാരികൾക്കെതിരെ ശബ്ദമുയർത്തേണ്ടി വന്നു. പുറമേ പരസ്പര വൈരുദ്ധ്യമുണ്ടെന്ന് തോന്നിക്കുന്ന രണ്ടു സംഭവങ്ങൾ. വേർതിരിവുകളും മതിലുകളും ഒഴിവാക്കണമെന്ന് ആദ്യസംഭവത്തിലുൾപ്പെട്ട യുവത്വം. മതിലുകളും സുരക്ഷയും തരാത്തതെന്ത് എന്ന് രണ്ടാം വിഭാഗം. രണ്ടിലും ശബ്ദമുയർത്തിയവർ ഒരു പോലെ പുരോഗമനചിന്താഗതിക്കാർ എന്തുകൊണ്ടിങ്ങനെ?

ലിംഗസമത്വത്തെപ്പറ്റിയോ ലിംഗനീതിയെപ്പറ്റിയോ തികച്ചും നിരക്ഷരർ ഭൂരിപക്ഷമായ സമൂഹത്തിൽ കലാശാലകളിൽ മാത്രം സ്ത്രീസ്വാതന്ത്ര്യവും തുല്യ അവസരങ്ങളും തികച്ചും അസംഭാവ്യം. കുടുംബത്തിനകത്തെ അസമത്വങ്ങളും സമൂഹമനസ്ഥിതിയും പ്രാഥമിക വിദ്യാഭ്യാസ സംവിധാനങ്ങളും മാറാത്തിടത്തോളം അതങ്ങിനെത്തന്നെ നിലനിൽക്കുകയും ചെയ്യും. വിപണിയുടെ സ്ത്രീ ശരീരവത്ക്കരണവും, പ്രണയത്തെ പുറന്തള്ളി ലൈംഗികാസക്തിയെ പ്രഘോഷിക്കുന്ന കലാഭാസങ്ങളും സ്ഥിതി കൂടുതൽ ദയനീയമാക്കിക്കൊണ്ടേയിരിക്കും. മതസമുദായ നേതാക്കൾ സ്ത്രീകളെ ചങ്ങലക്കിടൂ എന്നാക്രോശിച്ചുകൊണ്ടിരിക്കും. മതിലുകൾക്കകത്ത് സുരക്ഷിതരായിരിക്കുന്നത് സ്ത്രീക്ക് മുടന്തൻ പരിഹാരമായി നിലനിൽക്കുകയും ചെയ്യും. നമ്മുടെ പേരുകളിൽ നിന്ന് തുടങ്ങേണ്ടതുണ്ട് അഴിച്ചുപണി. അതിനു തയ്യാറാകുമോ നാം?



രേഖ രാജ്

ആൺകുട്ടികളും പെൺകുട്ടികളും ക്യാമ്പസ് ഇടങ്ങളിൽ ഇടപഴകുന്നത് ആരോഗ്യപരമായ സമൂഹനിർമ്മിതിക്ക് ആവശ്യമാണ്. ചൂഷണങ്ങൾ നടക്കുന്നുണ്ടെങ്കിൽ അതിനെതിരെയുള്ള നടപടികൾ ശക്തമാക്കുകയാണ് വേണ്ടത്. അതിനു പകരം പുരുഷോഫോബിയ സ്ത്രീകളിൽ ഉണ്ടാക്കിക്കൊണ്ട് സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്രത്തിനു തുരങ്കം വെക്കുകയല്ല വേണ്ടത്. സ്ത്രീ ഇരുൾ വീണതിനു ശേഷം പുറത്തിറങ്ങിയാൽ ബലാത്സംഗം ചെയ്യപ്പെടുന്ന അവസ്ഥ ഉണ്ടെങ്കിൽ അവൾ കൂടുതൽ കൂടുതൽ പൊതുസ്ഥലങ്ങൾ കയ്യടക്കുകയാണ് വേണ്ടത്. അതുപോലെത്തന്നെ ക്യാമ്പസുകളിലും കൂടുതൽ ഇടപഴകി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇടയിലുള്ള കൗതുകവും നിഗൂഢതയും കുറയുകയാണ് വേണ്ടത്. എങ്കിൽ മാത്രമേ ഭാവിയിൽ വളരെ നല്ല ഒരു സമൂഹം നമുക്ക് സ്വപ്നം കാണാൻ കഴിയൂ.

'നിങ്ങൾക്കൊരു മിടുക്കനായ ആൺകുട്ടി ഉണ്ടാകട്ടെ' എന്ന കാലപ്പഴക്കം ചെന്ന ആശംസാ വാചകത്തിൽ തുടങ്ങുന്നു ഒരു തലമുറക്കിടയിലെ നമ്മുടെ ലിംഗവിവേചനം. ലിംഗ സമത്വത്തിന്റെ ആദ്യ പാഠങ്ങൾ തുടങ്ങേണ്ടത് കുടുംബങ്ങളിൽ നിന്നും അത് തുടരേണ്ടത് വിദ്യാലയങ്ങളിൽ നിന്നുമാണ്. നിലവിലുള്ള സർവ്വ സാമൂഹിക പ്രശ്നങ്ങൾക്കും നമുക്ക് മുന്നിൽ കാണുന്ന ഏറ്റവും പ്രധാനപ്പെട്ടതും പ്രതീക്ഷയർപ്പിക്കാവുന്നതുമായ പരിഹാര മാർഗ്ഗം ശരിയായ വിദ്യാഭ്യാസം നൽകുക എന്നത് തന്നെയാണ്. കരുത്തരായ ആൺകുട്ടികളേയും അടക്കവും ഒതുക്കവും ഉള്ള പെൺകുട്ടികളേയും അല്ല, മറിച്ച് ആത്മവിശ്വാസവും ആത്മാഭിമാനവും പരസ്പര ബഹുമാനവും സഹജീവി സ്നേഹമുള്ള നല്ല മനുഷ്യരെയാണ് ഈ മണ്ണിനാവശ്യം. അത് കണ്ണുരുട്ടലിന്റെയോ ഭയപ്പെടുത്തലിന്റെയോ ബലത്തിലല്ലാതെ സ്നേഹ ഭാഷയിൽ ഈ ഭൂമിക്കായി നൽകാൻ കലാലയങ്ങൾക്ക് സാധിക്കണം.



സിതാര കൃഷ്ണകുമാർ



വി.പി.റെജീന

അസഹിഷ്ണുതക്കെതിരായ എല്ലാ പ്രതിരോധങ്ങളും ശക്തിപ്പെടേണ്ട സമയമാണിതെന്ന് ഞാൻ കരുതുന്നു. അത് എവിടെ നിന്നുള്ളതായാലും, ആരിൽ നിന്നുള്ളതായാലും. കാരണം സഹിഷ്ണുതയില്ലാത്ത ലോകം അക്രമത്തിന്റെ കേന്ദ്രമായിരിക്കും. അഭിപ്രായം പറയാനും പ്രകടിപ്പിക്കാനുമുള്ള അവകാശം മൗലികമാണ്. അതിനോട് യോജിക്കാം വിയോജിക്കാം . അത് ആരോഗ്യപരമല്ലാത്തിടത്തോളം മൗലികാവകാശം ലംഘിക്കപ്പെടുന്നു. എനിക്ക് നേരെ ഉണ്ടായതും അതു തന്നെയാണ്. ഞാൻ പോരാടുന്നത് എന്റെ മതവിശ്വാസത്തിനകത്ത് നിന്ന് കൊണ്ടാണ്. അതിനകത്തെ പൗരോഹിത്യത്തിനും സ്ത്രീവിരുദ്ധതയ്ക്കുമെതിരിൽ ആണത്. ഇത് കാലങ്ങളായി ആഴത്തിൽ വേരോടിയതാണ്. അതു കൊണ്ട് തന്നെയാണ് അതിനെതിരിലുള്ള ചെറു ശബ്ദം പോലും ഇവർക്ക് അസഹനീയമാവുന്നത്. എനിക്കെതിരിലുള്ള അവരുടെ ആക്രോശങ്ങൾ എന്നെ തരിമ്പും ഭയപ്പെടുത്തുമില്ല. കാരണം ഇനിയും ഇനിയും ഏറെ പറയാനുണ്ട്. ശബ്ദമില്ലാത്തവർക്കു വേണ്ടി എഴുതേണ്ടതുണ്ട്.ആഴത്തിൽ വേരോടിയെന്ന് പറയുന്ന സ്ത്രീ വിരുദ്ധതയുടെ ഉദാഹരണങ്ങളാണ് ഇന്നിപ്പോൾ നമ്മുടെ കാമ്പസുകളിൽ നിന്നും കേൾക്കുന്ന വർത്തമാനങ്ങൾ. മനുഷ്യനെ പരസ്പരം ആദരിക്കാൻ പഠിപ്പിക്കേണ്ട സാംസ്കാരിക കേന്ദ്രങ്ങൾ കൂടിയായ കലാലയങ്ങൾ തന്നെ സമൂഹത്തിന്റെ നേർപാതിയോട് ഇത്തരത്തിൽ പെരുമാറുമ്പോൾ മറ്റിടങ്ങളിലെ കാര്യങ്ങൾ പറയേണ്ടതുണ്ടോ? ഇവിടങ്ങളിൽ പെൺകട്ടികൾക്കെതിരിൽ നടമാടുന്ന അതിക്രമങ്ങൾ പുറത്തു കൊണ്ടുവന്ന മീനാക്ഷി ഗോപിനാഥൻ കമ്മിറ്റി റിപ്പോർട്ട് വേണ്ട വിധത്തിൽ ചർച്ച ചെയ്യാൻ പോലും 'സാംസ്കാരിക' കേരളം തയ്യാറായില്ല.വിദ്യാർത്ഥിനികൾ ഇതിനെ ധീരമായി നേരിടുകയും നീതിയിലധിഷ്ഠിതമായ പഠനാന്തരീക്ഷത്തിന് വേണ്ടി പൊരുതുകയും ചെയ്തില്ല എങ്കിൽ കലാലയങ്ങളിൽ നിന്ന് അവർ പുറന്തള്ളപ്പെടുന്ന കാലം വിദൂരമല്ല.





# സൗഹൃദം

റിസ്‌വാന ഇ.

ഉച്ചയൂണിനു
ചമ്മന്തിയും മീനച്ചാറും
പരസ്പരം കൊടുത്തതിന്
രണ്ടു ചോറ്റു പാത്രങ്ങളെ
ക്ലാസ്സിൽ നിന്ന് പുറത്താക്കി.

നാലു മണി നേരത്ത്
ഗേറ്റ് കടന്നൊപ്പം വന്ന
വെയിലിനെയും മഴയേയും
വാച്ച്മാൻ പിടിച്ചു വെച്ചു

വരാന്തയിൽ
അടുത്തടുത്തു നിവർത്തി വെച്ച
രണ്ടു കുടകളെ
ഓഫീസിലേക്ക് വിളിപ്പിച്ചു

നോട്ടീസ് ബോർഡിന്റെ
ചില്ലുകൂടിനുള്ളിൽ
വേർതിരിച്ചിട്ട
ആൺ പെൺ ഇടങ്ങളെപ്പറ്റി
തടിച്ച കണ്ണട
കോട്ടും ടൈയുമിട്ട്
ക്ലാസെടുത്തു.

കാന്റീനിലടുത്തടുത്തിരുന്ന
ആൺപെൺ ചായകളെ
കണ്ടു പിടിക്കാൻ
ഒളികണ്ണുകൾ തുറന്നു

പരിപ്പുവടയേയും
പഴം പൊരിയേയും
രണ്ടു തട്ടുകളിലാക്കി മാറ്റി
വെച്ചു.

ആൺ ചിന്തകൾ
പെൺ ചിന്തകളെ
കണ്ടു മുട്ടാതിരിക്കാൻ
മതിലു കെട്ടാനുള്ള കരാറുമായി

എന്നിട്ടും
പഴയ സിമന്റുബെഞ്ചിൽ
ആൺ ചീനിയും പെൺ
വാകയും
കൈകോർത്ത്
സൗഹൃദത്തിന്റെ പൂക്കൾ
കൊഴിച്ചു കൊണ്ടിരുന്നു.

പെൺപക്ഷം



അജിത കെ.

# ഹിന്ദുത്വത്തിന്റെ പുതിയ മുഖം

അടുത്തകാലത്ത് കേരളരാഷ്ട്രീയത്തിലുണ്ടായ ഒരു പ്രധാന നീക്കം ജനകീയ ശ്രദ്ധ വേണ്ടത്ര ആകർഷിച്ചിട്ടുണ്ടോയെന്ന് അറിയില്ല. ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷസ്ഥാനത്തായിരുന്ന ശ്രീ.വി.മുരളീധരനെ മാറ്റി വിശ്വഹിന്ദുപരിഷത്തിന്റെ (ഹിന്ദു ഐക്യവേദി) നേതാവായ ശ്രീ.കുമ്മനം രാജശേഖരനെ തൽസ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുകയാണ്. ഒരു വ്യക്തിയെ മാറ്റി മറ്റൊരു വ്യക്തിയെ പ്രതിഷ്ഠിച്ച പ്രാധാന്യം മാത്രമല്ല ഈ നീക്കത്തിനു പുറകിൽ.

ശ്രീ. മുരളീധരന്റെ ഇത്രയും കാലത്തെ ബി.ജെ.പി. നേതൃസ്ഥാനം ബി.ജി.പിക്ക് കേരളത്തിൽ ഒരു സൗമ്യമായ മുഖഭാവമാണ് നൽകിയത്. കേരളത്തിന്റെ മതേതര സംസ്ക്കാരത്തെ മാനിച്ചു കൊണ്ടുള്ള ഒരു നിലപാടാണ് ഇക്കാലം വരെ ബി.ജെ.പി പ്രത്യക്ഷത്തിലെങ്കിലും എടുത്തിരുന്നത്. അഥവാ അങ്ങനെയൊരു പ്രതിച്ഛായയാണ് അന്ന് നിലനിർത്താൻ ശ്രമിച്ചിരുന്നത്.

പക്ഷെ, ശ്രീ.കുമ്മനത്തിന്റെ രംഗപ്രവേശത്തോടെ ബി.ജെ.പിയുടെ മുഖഭാവം തന്നെ മാറിയിരിക്കയാണ്. തുടക്കത്തിൽത്തന്നെ ഹൈന്ദവക്ഷേത്രങ്ങളുടെ അടുത്ത് മറ്റ് മതത്തിലെ കച്ചവടക്കാരുണ്ടാകരുതെന്ന് പറഞ്ഞതിലൂടെ തന്റെ ഹിന്ദുത്വനയങ്ങളുടെ വർഗ്ഗീയ (ഭീകര) ഭാവം കുമ്മനം പുറത്തെടുക്കാൻ തുടങ്ങുകയാണെന്ന് വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ആർ.എസ്.എസ്., വിശ്വഹിന്ദുപരിഷത്, ബജ്രംഗ്ദൾ തുടങ്ങിയ വർഗ്ഗീയ ഫാസിസ്റ്റ് സംഘങ്ങൾക്ക് മുൻതൂക്കം ലഭിക്കുന്ന, ഒരു ആക്രമണോത്സുകമായ ഹിന്ദുത്വ പ്രചരണപരിപാടിയാണ് അടുത്ത തെരഞ്ഞെടുപ്പിൽ അരങ്ങേറാൻ പോകുന്നതെന്നത് പകൽപോലെ സുനിശ്ചിതമാണ്. അങ്ങനെ കേരളനിയമസഭയിൽ ഒരു അക്കൗണ്ട് തുറക്കാനുള്ള തീവ്രയത്നത്തിലാണ് ബി.ജെ.പി.

മറുവശത്ത് ഈ വർഗ്ഗീയ ഫാസിസ്റ്റ് കടന്നാക്രമണത്തെ ചെറുക്കാനുള്ള ശക്തികളാരൊക്കെയാണ്. ഇപ്പോൾ ഭരണത്തിലിരിക്കുന്ന യു.ഡി.എഫ് അഴിമതിയുടെയും കെടുകാര്യസ്ഥതയുടേയും ചീഞ്ഞുനാറ്റത്തിൽ പുളയുന്ന ഒരു മുന്നണിയാണത്. എൽ.ഡി.എഫ്-സി.പി.എ നേതൃത്വം കൊടുക്കുന്ന ഈ മുന്നണി -വർഗ്ഗീയശക്തികളോടും വർഗ്ഗീയ മൂല്യങ്ങളോടും എല്ലാവിധ വിട്ടുവീഴ്ചകളും ചെയ്ത് ഒത്തുതീർപ്പുകളുണ്ടാക്കി എങ്ങനെയെങ്കിലും അധികാരം പിടിച്ചുപറ്റണമെന്ന് ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നു.

ഇവരുടെ എല്ലാവരുടേയുമിടയിൽ വർഗ്ഗീയവിഷത്തിന്റെ എല്ലാ ദുരന്തങ്ങളും പേറേണ്ടി വരുന്ന ഹിന്ദുവും മുസ്ലിമും ക്രൈസ്തവരും ദലിതരും ആദിവാസികളും മറ്റുമായ സാധാരണ ജനങ്ങൾ എന്തുചെയ്യണം? വരാൻ പോകുന്ന തെരഞ്ഞെടുപ്പ് യുദ്ധത്തിന്റെ അന്തിമഫലമെന്തായിരിക്കും? ജനാധിപത്യത്തിലും മതേതരത്വത്തിലും മനുഷ്യനന്മയിലും വിശ്വസിക്കുന്ന ഞങ്ങളെപ്പോലുള്ളവർ ഈ വരാൻ പോകുന്ന വൻവിപത്തിന്റെ എങ്ങനെ നേരിടണം?

വർഗ്ഗീയ ഫാസിസം- അത് ഹിന്ദുവിന്റെതായാലും ഇസ്ലാമിന്റേതായാലും ക്രൈസ്തവരുടേതായാലും ജനങ്ങൾക്കെതിരാണ്. സ്ത്രീകൾക്കെതിരാണ്. ഇതിനെ ചെറുത്തു തോൽപ്പിക്കുകയല്ലാതെ നമുക്കെന്തുവഴി.



# വാസ്തവം



ഡോ.ജാൻസി ജോസ്

ഈജിപ്തിൽ നാല്പത്തിമൂന്ന് വർഷം ആൺവേഷം കെട്ടി അമ്മയ്ക്ക് മക്കളെ പോറ്റേണ്ടി വന്നു. ഗവൺമെന്റ് പുരസ്കാരവും കൊടുത്തു. നമ്മുടെ നാട്ടിലാണെങ്കിൽ! ആൺപെൺ വേഷങ്ങൾക്കൊന്നും ഇവിടെ പിടിച്ചുനില്ക്കാനാവില്ല. നാൽക്കാലികളെ പോലും വെറുടെ വിടാത്ത നാടല്ലേ ഇത്. വല്ല പുലിയുടെയും വേഷം കെട്ടിയാൽ വനംവകുപ്പിനെ മാത്രം പേടിച്ചാൽമതിയല്ലോ. വകുപ്പ് കാടായതുകൊണ്ട് മനസ്സ് മേടാണെന്ന് കരുതുകയുമില്ല. നാടുനന്നാക്കാൻ ഇറങ്ങുന്നവരും നാടുകാക്കാനിറങ്ങുന്നവരും ഒരുപോലെ പെണ്ണിനെ ഭുജിക്കുന്നതാണ് ഇവിടെ കാണുന്നത്. പട്ടാളക്കാരൻ ട്രെയിനിൽവെച്ച് മദ്യം നല്കി പെൺകുട്ടിയെ പീഡിപ്പിക്കുന്നു. തോറ്റവർ ജയിച്ചവരുടെ പെൺകുട്ടിയെ കൂട്ടമായി ബലാത്സംഗം ചെയ്യുന്നു (വാരണാസി) ഇവിടെയാരും തോൽക്കാൻ പാടില്ലെന്നോ ജയിക്കാൻപാടില്ലെന്നോ വരുമോ? അതോ പെൺകുട്ടികളുള്ള അച്ഛൻമാർ മത്സരിക്കാൻ പാടില്ല എന്നുവരുമോ? ഇത്തരം നാല്ക്കാലികളെ മുക്കാലിയിൽ കെട്ടിയടിച്ചിട്ട് വേണം ശിക്ഷ തീരുമാനിക്കാൻ. കറുത്തനാടോടിക്ക് വെളുത്ത കുട്ടിയുണ്ടാകില്ലെന്ന വിശ്വാസമല്ലേ നമുക്കുള്ളത്. അങ്ങനെയുണ്ടാകുന്നെങ്കിൽ കാരണക്കാർ നമ്മളാണെന്ന വിശ്വാസവും നമുക്കുണ്ടാകണം. അടിസ്ഥാനവർഗ്ഗത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിക്കാതെ സർക്കാർ ശമ്പളവും എം.പിമാരുടെ ശമ്പളവും കൂട്ടുന്ന ഗവൺമെന്റ് ജനങ്ങളുടെ ഗവൺമെന്റല്ല. രാഷ്ട്രീയ പാർട്ടികൾ വയസ്സന്മാർ കയ്യടക്കിവെക്കുന്നു എന്ന പരാതിക്ക് പകുതി ആശ്വാസമുണ്ടാകുന്നു. പ്ലീനത്തിൽ യുവാക്കൾക്ക് കൂടുതൽ പ്രാതിനിധ്യത്തിന് തീരുമാനം വന്നിരിക്കുന്നു. മണ്ടയില്ലാത്ത ചെറുപ്പക്കാരും ചിന്തയില്ലാത്ത വയസ്സന്മാരും ഒരുപോലെയാണ്. അവർ രണ്ടുകൂട്ടരും താഴെയിറങ്ങട്ടെ. ചുറുചുറുക്കും ജനസേവ ചെയ്യുന്നതുമായ വയസ്സന്മാരും ചെറുപ്പക്കാരും പാർട്ടിയെ നയിക്കട്ടെ. അതവിടെ നില്ക്കട്ടെ! ഉയർന്ന പദവി കിട്ടുന്ന പൗരന്മാരാക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നതിനിടെ രാജസ്ഥാനിലെ കോട്ട ജില്ലയിൽ 30 വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തു. കൗമാരക്കാരുടെ സ്വപ്നങ്ങൾ ഹനിച്ച് പ്രായോഗിക ജീവിതത്തിന്റെ ഭാണ്ഡക്കെട്ട് തലയിൽവെച്ചുകൊടുത്തത് കൊണ്ടാണ് അവരങ്ങനെ ചെയ്തത്. എന്തായാലും ഒന്നുറപ്പാണ്. പഠിപ്പിച്ചാൽ വിദ്യാർത്ഥികൾ; പഠിച്ചില്ലെങ്കിൽ മാതാപിതാക്കൾ. ഇവരിലാരെങ്കിലും സ്വയം ഹനിക്കുന്ന കാലമാണിത്. മതവിശ്വാസികളെയും ഭാരിച്ച ശമ്പളം വാങ്ങുന്നവരെയും മാത്രം (ശമ്പളവും വാങ്ങി വാലും പൊക്കി തേരാപാരാ നടക്കുന്നതു കാണുമ്പോൾ നാണം തോന്നുന്നു.) നിർമ്മിച്ചെടുക്കാതെ മക്കളെ മനുഷ്യരാക്കാനുള്ള ഒരു പള്ളിക്കൂടം തുടങ്ങാൻ ഗവൺമെന്റ് തയ്യാറാകണം. കഴിഞ്ഞകാലത്തിൽ നിന്നും അടുത്തകാലത്തിലേക്ക് പോകുമ്പോൾ ജാഗ്രതൈ ജാഗ്രതൈ!

ഉപ്പും മുളകും



ഗീത

# സഹവിദ്യാഭ്യാസം എന്ന മനുഷ്യാവകാശം

ഐക്യരാഷ്ട്രസഭ അംഗീകരിച്ച മനുഷ്യാവകാശങ്ങളിൽ സഹവിദ്യാഭ്യാസവും ഉൾപ്പെടുന്നു. പെണ്ണുങ്ങൾ രാഷ്ട്രപൗരരായിപ്പോലും അംഗീകരിക്കപ്പെടാതിരുന്ന ഒരവസ്ഥയിൽ വിദ്യാഭ്യാസപദ്ധതിയിൽ പങ്കാളികളാകാൻ പെണ്ണുങ്ങൾക്കും അവകാശമുണ്ടെന്ന പ്രഖ്യാപനമായിരുന്നു ഐക്യരാഷ്ട്രസഭ നടത്തിയത്. ഇന്ത്യൻ ഭരണഘടന ഇതംഗീകരിച്ചു. എല്ലാരംഗത്തെയും ലിംഗവിവേചനത്തിന് എതിരുമാണ്.

എന്നാൽ വിദ്യാഭ്യാസം, സാക്ഷരത, തൊഴിൽ, ആരോഗ്യം എന്നീ മേഖലകളിൽ അഭിനന്ദനീയമായ പുരോഗതി കൈവരിച്ച കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അവസ്ഥയെന്താണ്? പാഠ്യപദ്ധതികൾ സൂക്ഷ്മമായി പരിശോധിച്ചാൽ പ്രൈമറിതലം മുതൽ ഉന്നതവിദ്യാഭ്യാസതലം വരെ അവ എത്രത്തോളം സ്ത്രീവിരുദ്ധമാണെന്നു വ്യക്തമാകും. കഴിഞ്ഞ രണ്ടുദശകങ്ങളിലെ സ്ത്രീ ഇടപെടലുകൾ ഇതിൽ കുറേയേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമായിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി പാഠ്യപദ്ധതികൾ പുരുഷാധികാരപരം തന്നെയായി നിലനിൽക്കുന്നു.

അതിനപ്പുറത്തേക്കു കടന്നാലോ? വീടിനുള്ളിലെ അധികാരബന്ധങ്ങളുടെ യുക്തി തന്നെയാണ് വിദ്യാസകാബന്ധുകൾക്കകത്തെ സ്ത്രീപുരുഷബന്ധങ്ങളെയും നയിക്കുന്നത്. കുലീനയായ പതിവ്രതയിൽ നിന്നു പ്രതീക്ഷിക്കുന്ന അടക്കവും  ഒതുക്കവും തന്നെയാണ് പെൺകുട്ടികളിൽ നിന്നു പ്രതീക്ഷിക്കുന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ലൈബ്രറിയിൽ ചെലവാക്കാവുന്ന സമയം, ഹോസ്റ്റലിൽ തിരിച്ചെത്തേണ്ടുന്ന സമയം, ക്ലാസ്സിൽ ഇരിക്കേണ്ടുന്ന രീതി, ക്ലാസ്റൂമിനുള്ളിലെ അദ്ധ്യാനവിഭജനം, സെമിനാർ ചർച്ചകളിൽ പങ്കെടുക്കേണ്ടുന്ന മട്ടുകൾ എന്നിവയിൽ നിലനിൽക്കുന്ന പ്രത്യക്ഷ വിവേചനങ്ങൾ തന്നെ ഇതിന് ഒന്നാംതരം ഉദാഹരണമാണ്. കൂടാതെ യൂണിവേഴ്സിറ്റിയിലെ ഗവേഷണരംഗങ്ങളിൽ നിന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ശ്രദ്ധിക്കുക. പുരുഷന്മാരായ ഗൈഡുമാരാൽ ചൂഷണം ചെയ്യപ്പെടുന്ന ഗവേഷകകളും അവരുടെ ഔദ്യോഗികപരാതികളും വർദ്ധിച്ചുവരികയുമാണ്.

ഇതിനിടയിലാണ് ഫാറൂക് കോളേജിൽ നിന്നുള്ള വിവാദം ഉയർന്നുവന്നതെന്നതു ശ്രദ്ധേയം. ചുംബനസമരത്തിനു ശേഷം സോഷ്യൽമീഡിയ ഏറ്റെടുത്ത സമരവുമായിരുന്നു ഇത്. ഈ പശ്ചാതലത്തിൽ സഹവിദ്യാഭ്യാസം കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട് എന്ന് ഞാൻ കരുതുന്നു.

കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയിലെ ഏറ്റവും വലിയ ശാപം ജാതിമതാടിസ്ഥാനത്തിലുള്ള സ്വകാര്യസ്ഥാപനങ്ങളാണ്. നിയമനത്തിന് മാനേജ്മെന്റുകൾ കൈക്കൂലി വാങ്ങുന്നു, നിയമിതരായവർക്ക് സർക്കാർ ശമ്പളം കൊടുക്കുന്നുവെന്ന സാമൂഹികവൈരുദ്ധ്യം കൂടി ഇവിടെയുണ്ട്. അവയിൽ പലതിലും മതത്തിന്റെ താത്പര്യങ്ങൾ നിലനിൽക്കുന്നുവെന്നതാണ് പ്രധാനം. ചിലമതമേലാളന്മാർ പറയുന്നു, ആണും പെണ്ണും ഇടപഴകേണ്ടതില്ല എന്ന്. അത് അപകടകരമാണെന്ന്. പ്രായപൂർത്തിയായ ആണും പെണ്ണും ഇടകലർന്നിരുന്നു പഠിക്കുന്നതിൽ എന്തപകടമാണുള്ളത്.

വർധിച്ചുവരുന്ന സ്ത്രീപീ

ഡനങ്ങൾ ചൂണ്ടിക്കാണിച്ച് പെണ്ണിന്റെ സുരക്ഷ ഉറപ്പാക്കുന്നുവെന്നാണവർ വാദിക്കുന്നത്. സ്വന്തം വാദങ്ങൾ സമർത്ഥിക്കാൻ അവർക്ക് മതത്തിന്റെ പിന്തുണ ആവോളമുണ്ടായിരുന്നു. സഹപാഠികളായ വിദ്യാർത്ഥികളാൽ വിദ്യാർത്ഥിനികൾ ചൂഷണം ചെയ്യപ്പെടാതിരിക്കാനാണ് അവർ ശ്രദ്ധിക്കുന്നത്.

അങ്ങനെയെങ്കിൽ പിതാക്കളാൽ, സഹോദരന്മാരാൽ, ഭർത്താക്കന്മാരാൽ പീഡിപ്പിക്കപ്പെടുന്ന പെൺകുട്ടികൾ എവിടെ വളർത്തപ്പെടണം/ജീവിക്കണം? അധ്യാപികന്മാർ പീഡിപ്പിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന പെൺകുട്ടികൾക്ക് ആരാണ് തുണ. പെൺകുട്ടികളെ വളർത്താൻ അമ്മമാർ മാത്രം മതിയോ? അവരെ പഠിപ്പിക്കാൻ അധ്യാപികമാർ മാത്രം? അവരെ ചികിത്സിക്കാൻ ലേഡിഡോക്ടർമാർ മാത്രം? ഇത്തരത്തിൽ വാദിക്കുന്നവർ തിരിച്ചറിയേണ്ടത് എല്ലാ പുരുഷന്മാരും പീഡകരും ചൂഷകരുമാണെന്ന അവർ തന്നെ സമ്മതിക്കുന്നു എന്നതാണ്. അഥവാ അങ്ങനെയാകാൻ പുരുഷനവകാശമുണ്ടെന്ന് സ്ഥാപിച്ചെടുക്കലാണത്. താൻ നയിക്കുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനം മദ്രസയാകുന്നതിൽ അഭിമാനമുണ്ടെന്ന് പരസ്യമായി പ്രഖ്യാപിക്കാനും ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചിരുന്ന് പഠിക്കാൻ അവകാശമുണ്ടെന്ന് വാദിച്ച ഒരു വിദ്യാർത്ഥിയുടെ പഠനാവസരം തന്നെ നിസങ്കോചം നിരസിക്കാനും ഒരു പ്രിൻസിപ്പാളിനെ (ഇദ്ദേഹം പ്രിൻസിപ്പാൾ ആകുന്നതിന് മുമ്പ് അധ്യാപകനായിരുന്നു.) പ്രേരിപ്പിക്കുന്ന നിഷേധാത്മകമായ ഈ ഊർജ്ജത്തെ എന്തുപേരിട്ടാണ് വിളിക്കുക. ഇദ്ദേഹം ഒരു വ്യക്തിയല്ല ഒരേ ഒരു വ്യക്തിയുമല്ല. ഇത്തരം അവസ്ഥയുടെ ഒരു പ്രതിനിധി എന്ന നിലയ്ക്കാണദ്ദേഹത്തെ കാണേണ്ടത്. അദ്ദേഹവും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന വിഭാഗവും ശരിയെന്നു വിശ്വസിക്കുന്ന കാര്യത്തിനുവേണ്ടിയാണദ്ദേഹം നിലകൊണ്ടത്. ഇതിനർത്ഥം വിദ്യാഭ്യാസം കൊണ്ടുണ്ടാകേണ്ട പരസ്പരവിശ്വാസവും സംസ്ക്കാരവും നമുക്കിടയിൽ സംഭവിച്ചില്ല എന്നു തന്നെയാണ്.

**പെൺകുട്ടികളെ വളർത്താൻ അമ്മമാർ മാത്രം മതിയോ? അവരെ പഠിപ്പിക്കാൻ അധ്യാപികമാർ മാത്രം? അവരെ ചികിത്സിക്കാൻ ലേഡിഡോക്ടർമാർ മാത്രം? ഇത്തരത്തിൽ വാദിക്കുന്നവർ തിരിച്ചറിയേണ്ടത് എല്ലാ പുരുഷന്മാരും പീഡകരും ചൂഷകരുമാണെന്ന അവർ തന്നെ സമ്മതിക്കുന്നു എന്നതാണ്. അഥവാ അങ്ങനെയാകാൻ പുരുഷനവകാശമുണ്ടെന്ന് സ്ഥാപിച്ചെടുക്കലാണത്.**

സഹവിദ്യാഭ്യാസം എന്നതുകൊണ്ട് അതുപയോഗിച്ച ഘട്ടത്തിൽ ആണും പെണ്ണും ഒന്നിച്ചുള്ള വിദ്യാഭ്യാസം എന്നതാണ് ഉദ്ദേശിച്ചത്.

പക്ഷേ ഇന്നതിന്റെ അർത്ഥത്തിന് വ്യത്യാസം വന്നിരിക്കുന്നു. പുതുതായി അംഗീകരിക്കപ്പെട്ട ട്രാൻസ്ജെൻണ്ടറുകളെക്കൂടി ഉൾക്കൊള്ളിച്ച് വിവേചനരഹിതമായി ഒന്നിച്ചിരുന്നു പഠിക്കാൻ സാധിക്കുന്ന ഒരിടം എന്നതിലേക്ക് സഹവിദ്യാഭ്യാസപദം വികസിക്കേണ്ടിയിരിക്കുന്നു. മൂന്നാമതൊരു ലിംഗവിഭാഗത്തെക്കൂടി, ഒരേ സമയം ആണും പെണ്ണും അല്ലാത്തതും ആണും പെണ്ണും ആയതുമായ ഒരു വിഭാഗത്തെക്കൂടി ഉൾക്കൊള്ളാൻ സജ്ജമായ ആൺമക്കളെയും പെൺമക്കളെയുമായിരുന്നു വിദ്യാഭ്യാസരംഗം ഉണ്ടാക്കിയെടുക്കേണ്ടിയിരുന്നത്. ആണും പെണ്ണും പരസ്പരം വിശ്വസിക്കാത്ത ഒരു ലോകത്ത് അതെങ്ങനെ സാധിക്കും. പരസ്പരമുള്ള അവിശ്വാസവും ഭീതിയും ഇല്ലാതാവണമെങ്കിൽ നിസ്സങ്കോചം ആത്മവിശ്വാസത്തോടെ ഇടപഴകാൻ അവർക്ക് സാധിക്കണം. ആദ്യഘട്ടത്തിൽ ചില അബദ്ധങ്ങൾ സംഭവിച്ചുകൂടായ്മയില്ല. പക്ഷേ, ആത്യന്തികമായി അത് ലോകത്തിന് ഗുണകരമായിരിക്കും. അപ്പോഴാണ് തങ്ങളേക്കാൾ പുറമ്പോക്കിലായവരെ മുഖ്യധാരയിലേക്ക് ആനയിക്കാനുള്ള ശക്തിയും ശേഷിയും സന്നദ്ധതയും ആണിനും പെണ്ണിനുമുണ്ടാകുക. അങ്ങനെ സഹവിദ്യാഭ്യാസം എന്ന മനുഷ്യാവകാശ പരിധി ആണും പെണ്ണും മാത്രമായവരിൽ നിന്നു വളർന്ന് ആണും പെണ്ണും ചേർന്നതിലേക്ക് വികസിക്കട്ടെ



ഹർഷിത എം.വി.




# കൂടുകൾ തകർക്കുക, പറന്നുയരുക

ഒരു ലിങ്കിനപ്പുറം കണ്ടവാർത്തയിൽ കണ്ണുനട്ടുപോയത് യാദൃശ്ചികമായാണ്. സ്ത്രീ സുരക്ഷയ്ക്കുവേണ്ടിയുള്ള സമയചിട്ടയെക്കുറിച്ചായിരുന്നു അത്. ഒറ്റനോട്ടത്തിൽത്തന്നെ സ്ത്രീ സുരക്ഷ എന്ന മുഖംമൂടിയിൽ സ്ത്രീസ്വാതന്ത്ര്യം നിഷേധിക്കുന്നതിന്റെ പുതു വഴികൾ തന്നെയാണതെന്നു ചിന്തിക്കാതിരുന്നില്ല. ഒരു മനുഷ്യ ജീവിയായി പരിഗണിക്കപ്പെട്ട വിലക്കുകൾക്കതീതമായി തുല്ല്യതയുടെ ലോകം സ്വപ്നം കാണുന്ന ഒരു വിഭാഗത്തിനു മറ്റൊരു വിലക്കുകയർ കൊണ്ടായിരുന്നില്ല മറുപടി നല്കേണ്ടിയിരുന്നത്. ഒരു നിശ്ചിതസമയത്തിനപ്പുറം പെൺകുട്ടികൾ പുറത്തിറങ്ങിയില്ലെങ്കിൽ ഉറപ്പുവരുത്താൻ കഴിയുന്നതായിരുന്നോ സുരക്ഷ എന്ന മൂന്നക്ഷരം. എങ്കിൽ ഒന്നു ചിന്തിച്ചുപോകുന്നു. ജ്യോതിസിംഗ് എന്ന പെൺകുട്ടി രാത്രിയിൽ സഞ്ചരിച്ചതായിരുന്നോ അതോ ആന്തരിക അവയവങ്ങൾപോലും വലിച്ചെടുത്ത ഏതുനരാധമന്റെയും കരൾപിളർക്കുന്ന അലറിക്കരച്ചിൽകേട്ടിട്ടും പൊട്ടിച്ചിരിക്കാൻ കഴിഞ്ഞ ഒരുപറ്റം കാപാലികരുടെ മാനസ്സായിരുന്നോ ഡിസംബർ 16ന്റെ രാത്രിയിലെ ലോകമനസാക്ഷിക്കു മുൻപിൽ പൈശാചികമായൊരോർമ്മയാക്കി മാറ്റിയത്? ഇരയാക്കപ്പെട്ടവരെത്തന്നെ പ്രതിയാക്കുന്ന പുതിയ ചട്ടത്തിനെ ഏതു സാമാന്യബുദ്ധി കൊണ്ട് അളക്കാമെന്നത് സംശയമുള്ളകാര്യമാകുന്നു. സ്ത്രീ സമത്വമെന്നലറിക്കരയുന്നവർക്ക് മറുപടികിട്ടുന്നത് പുതിയ ബലാത്സംഗങ്ങളുടെയും ഗാംഗ് റേപ്പുകളുടെയും രൂപത്തിലും സ്വാതന്ത്ര്യനിഷേധത്തിന്റെ പുതിയ നിയന്ത്രണരേഖകൾ സൃഷ്ടിച്ചുകൊണ്ടുമാണ്. പലപ്പോഴും തുല്ല്യത നേടിയെടുക്കുക എന്നതിനപ്പുറത്ത് തങ്ങളുടെ വ്യക്തിത്വമെങ്കിലും അംഗീകരിക്കപ്പെടുമെന്നുള്ളതായി മാറുന്നു മുദ്രാവാക്യങ്ങൾ എന്നിടത്താണ് പിഞ്ച്റാ തോഡ് പ്രസക്തമാകുന്നത്. ലിംഗവിവേചനത്തിന്റെ മാനദണ്ഡങ്ങളില്ലാതെ വിദ്യാർത്ഥിനികൾക്ക് രാജ്യത്തിന്റെ റേപ്പ് ക്യാപിറ്റലിൽ ഉടനീളം സുക്ഷിതത്വവും സംരക്ഷണവും സ്വാതന്ത്ര്യവുമുള്ള താമസസൗകര്യം ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് പിഞ്ച്റാ തോഡ് ഉടലെടുക്കുന്നത്. ഇന്ത്യയിലുടനീളമുള്ള വിദ്യാർത്ഥികളുടെ പിന്തുണയോടുകൂടി "കൂടുകൾ തകർക്കുക" എന്നർത്ഥമുള്ള "പിഞ്ച്റാ തോഡ് " സ്ത്രീകൾക്കുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിനും പുന:ക്രമീകരണങ്ങൾ നടത്തുന്നതിനുമായാണ് പ്രവർത്തനം ആരംഭിച്ചത്. പിഞ്ച്റാ തോഡ് വിഭാവനം ചെയ്യുന്നത് ഭയരഹിതമായ ഒരുരാത്രി എന്ന സ്വപ്നമായിരുന്നു. ഹോസ്റ്റൽ ചട്ടങ്ങൾ പൊതുവെ മനുസ്മൃതികളാക്കുന്ന കാഴ്ചകൾക്കാണ് നാം സാക്ഷികളാകുന്നത്. ചരിത്രത്തിനപ്പുറം പിഞ്ച്റാ തോഡ് പ്രവർത്തകർ ദില്ലി സെൻട്രൽ പാർക്കിൽ ഒത്തുചേർന്നാണ് സമരത്തിന് രൂപം കൊടുത്തത്. ഹോസ്റ്റൽമുറികളിൽ മാനുഷിക പരിഗണനയ്ക്കു സ്ഥാനമില്ല

ചരിത്രത്തിൽ നിന്ന്....

# ശ്രീമതി ദാക്ഷായണി വേലായുധൻ 1912 -1978

എറണാകുളം മുളവുകാട് ഗ്രാമത്തിൽ 1912ൽ പുലയകുടുംബത്തിലാണ് ശ്രീമതി ദാക്ഷായണി ജനിച്ചത്. ദലിത്നവോത്ഥാനനായകനായി ഉയർന്ന ശ്രീ.കെ.പി.വള്ളോൻ അവരുടെ സഹോദരനായിരുന്നു. ആ കാലത്ത് സ്വന്തം സമുദായത്തിൽ നിന്നും വിദ്യാഭ്യാസം നേടാനും മേൽവസ്ത്രം ധരിക്കാനുമൊക്കെ സാധിച്ച ചുരുക്കം ചിലരിലൊരാളായിരുന്നു അവർ. ഇന്ത്യയിലെ ആദ്യത്തെ ദലിത് വനിതാബിരുദധാരിണിയെന്ന ബഹുമതിക്ക് അർഹയായ അവർ പിന്നീട് മദിരാശി സർവ്വകലാശാലയിൽ നിന്ന് അദ്ധ്യാപനപരിചയ പഠനം പൂർത്തിയാക്കി. 1935 മുതൽ 1945 വരെ തൃശൂരിലും തൃപ്പൂണിത്തുറയിലും ഗവൺമെന്റ് വിദ്യാലയങ്ങളിൽ അദ്ധ്യാപികയായും സേവനമനുഷ്ഠിച്ചു.

ദലിത് പ്രവർത്തകനായ ശ്രീ. ആർ വേലായുധനുമായുള്ള അവരുടെ വിവാഹം വർധ ആശ്രമത്തിൽവെച്ച് ഗാന്ധിജിയുടെയും കസ്തൂർബയുടെയും സമക്ഷം ആയിരുന്നു എന്ന അപൂർവ്വ അനുഭവവും ശ്രീമതി ദാക്ഷായണിക്കു സ്വന്തം. 1945ൽ കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ അംഗമായി. 1946ൽ കൗൺസിൽ അവരെ ഇന്ത്യൻ ഭരണഘടനാനിർമ്മാണസമിതിയിലേക്ക് തെരഞ്ഞെടുത്തയച്ചു. 1946-1952 വരെ ഈ സമിതിയിലും ഇന്ത്യൻ താൽക്കാലിക പാർലമെന്റിലും അവർ അംഗമായിരുന്നു. 1946-49 വരെയുള്ള കാലഘട്ടത്തിൽ ഡിപ്രസ്ഡ് ക്ലാസസ് ഫൈൻ ആർട്സ് ക്ലബ്ബിന്റെ പ്രസിഡന്റായും 'കോമൺ മാൻ' എന്ന പ്രസിദ്ധീകരണത്തിന്റെ മാനേജിങ്ങ് എഡിറ്ററായും അവർ പ്രവർത്തിച്ചു. 1978ൽ 66ാം വയസ്സിൽ മരണമടയുമ്പോൾ ഒരപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമയായ സ്ത്രീ എന്നു മാത്രമല്ല ദലിത് ഉന്നമനത്തിന്റെ സുവർണരേഖയായി കൂടി ചരിത്രത്തിൽ സ്ഥാനം പിടിച്ചുകൊണ്ടാണവർ മൺമറഞ്ഞത്.




*ശ്രീമതി ദാക്ഷായണി വേലായുധൻ ആദ്യ പാർലമെന്റിനു മുന്നിൽ ഭർത്താവ് ശ്രീ. വേലായുധനോടൊപ്പം*

*ശ്രീമതി ദാക്ഷായണി വേലായുധന്റെ മകളും പ്രശസ്ത സ്ത്രീപക്ഷ പണ്ഡിതയുമായ ഡോ.മീര വേലായുധൻ രചിച്ച അവരുടെ ജീവചരിത്രം ലെഫ്റ്റ് വേഡ് ബുക്സ് ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.*

ചിത്രത്തിന് കടപ്പാട് : ഡോ.മീര വേലായുധന്റെ ഫേസ്ബുക്ക് വോൾ

എന്ന് ഊട്ടിയുറപ്പിക്കാനുള്ള മത്സരം കൊഴുക്കുമ്പോൾ ഭൂരിഭാഗം ഹോസ്റ്റൽ വിദ്യാർത്ഥികളുടെയും നാവ് തുടിക്കുന്നത് തങ്ങൾക്കുമേൽ അടിച്ചേല്പ്പിക്കപ്പെട്ട നിരോധനാജ്ഞക്കെതിരെയാവും. ഇവരുടെ ശബ്ദമാണ് പിഞ്ചറാ തോഡ്. ഡൽഹിയിലെ മുഴുവൻ കോളേജുകളിലെയും വിദ്യാർത്ഥികളിൽ നിന്നും നേരിട്ട് അനുഭവങ്ങൾ ശേഖരിച്ച് ബിരുദ ബിരുദാനന്തര വിദ്യാർത്ഥിനികൾ അടക്കം ഹോസ്ററലുകളിൽ അഭിമുഖീകരിയ്ക്കുന്ന വിവേചനങ്ങളെക്കുറിച്ച് 100 വ്യത്യസ്ത പരാതികളടങ്ങുന്ന റിപ്പോർട്ട് ഡൽഹി വനിതാകമ്മീഷനു സമർപ്പിച്ചു. ചെയർപേഴ്സൺ സ്വാതിമാലിവാലുമായി നടത്തിയ നേർക്കൂടിക്കാഴ്ചയിലൂടെ പിഞ്ചറാ തോഡ് പ്രവർത്തകർ ഉന്നയിച്ച ആവശ്യങ്ങൾ ഭൂരിഭാഗവും അംഗീകരിക്കപ്പെട്ടു. പ്രതിഷേധപ്രകടനങ്ങൾ അധികാരവർഗ്ഗത്തിനുനേർക്കാണെങ്കിലും മടികാണിക്കാൻ വിസമ്മതിച്ചുകൊണ്ട് പിഞ്ചറാ തോഡ് നടത്തിയ പ്രവർത്തനം ശ്രദ്ധേയമായിരുന്നു. വിദ്യാർത്ഥികൾ എവിടെപോകണം എപ്പോൾ പുറത്തുപോകണം എന്തുപറയണം എന്നിങ്ങനെയെല്ലാമുള്ള എണ്ണിയാലൊടുങ്ങാത്ത ചട്ടങ്ങളടങ്ങുന്ന ഒരുസമ്മാനപൊതി കേന്ദ്ര വിദ്യാഭ്യാസവകുപ്പ് കൈകാര്യം ചെയ്യുന്ന സ്മൃതി ഇറാനിക്ക് അയച്ചുകൊടുത്തു. ഇതേപോലെ അനേകം സമരങ്ങളാണ് പിഞ്ചറാ തോഡ് നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നത്. തനിച്ചാകുന്ന സമയങ്ങളിലും ആൾക്കൂട്ടത്തിനിടയിൽ പോലും ജീവിതം പിച്ചിയെറിയപ്പെടുന്ന ഒരുവിഭാഗത്തിന് പിഞ്ചറാ തോഡ് ഒരു കരുത്തായിരിക്കും.

സിഷ എസ്.



# വീട്ടിടങ്ങളിലെ സ്ത്രീ: സാവിത്രി രാജീവിന്റെ കവിതകളിൽ

കേരളത്തെ സംബന്ധിച്ചിടത്തോളം കുടുംബസങ്കല്പനത്തിൽ അടിസ്ഥാന പരമായ മാറ്റങ്ങൾ സംഭവിക്കുന്നത് ആധുനികതയുടെ വരവോടെയാണ്. ആധുനികതയുടെ ശക്തി വിഭവം ആർജിച്ചെടുത്ത 'വ്യക്തികൾ' തങ്ങളുടെ പുതിയ കുടുംബരൂപത്തെ നിർമ്മിച്ചെടുക്കുകയായിരുന്നു. അണുകുടുംബത്തിന്റെ സ്ഥാപനവും വ്യാപനവും പൂർത്തിയാകുന്നത് ഈ കാലഘട്ടത്തിലാണ്. ഭൂപരിഷ്കരണം നവീന വിദ്യാഭ്യാസം അതുവഴിയുണ്ടായ ജോലി സാധ്യതകൾ തേടി മറുനാട്ടിലേക്കും വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം തുടങ്ങിയ കാരണങ്ങളാൽ കൂട്ടുകുടുംബവ്യവസ്ഥ ശിഥിലമായി. യുക്തിയുടെ പിൻബലത്തിൽ വ്യക്തികേന്ദ്രീകൃതമായ കാഴ്ചപ്പാടുകൾ സാമൂഹിക ജീവിത ത്തിന്റെ ഒട്ടുമിക്ക അംശങ്ങളെയും സ്വാധീനിക്കുന്ന പ്രക്രിയയായി മാറുകയാണുണ്ടായത്. അങ്ങനെ വ്യക്തികളായി മാറിയവരുടെ മനസ്സിൽ സ്വന്തമായൊരിടം 'വീട്' മുഖ്യപ്രതിപാദ്യമായി.

മലയാളിയുടെ പാർപ്പിടങ്ങൾ ഇന്ന് വീടെന്ന പൊതുസംജ്ഞയിലാണ് അറിയപ്പെടുന്നത്. കു

ടുംബ ജീവിതത്തിന്റെ പ്രതിനിധാനങ്ങളാണ് വീടുകൾ. തികച്ചും ഭൗതികമായ ഒരിടത്തെ പാർക്കാനായി രൂപപ്പെടുത്തുമ്പോഴാണ് അത് പാർപ്പിടമാകുന്നത്. വീടെന്നത് പാർക്കാനുള്ള ഇടം മാത്രമായിട്ടല്ല നാം കണ്ടുപോരുന്നത്, അതൊരു സംസ്കാരബന്ധം കൂടിയാണ്. അതത് ദേശത്തും കാലത്തും നിലനിന്നിരുന്ന കുടുംബരൂപങ്ങളെ വിശകലനം ചെയ്താൽ ആ ദേശകാലങ്ങളുടെ പാഠങ്ങൾ വായിച്ചെടുക്കാനാക്കും. ജീവിതത്തിന്റെ ഒട്ടുമിക്ക സൂക്ഷ്മാംശങ്ങളെയും സ്വാധീനിക്കുന്ന പ്രതിഭാസമെന്ന നിലയിലും സമൂഹഘടനയെത്തന്നെ നിർണയിക്കുന്നു എന്നതിനാലും 'വീട്' എന്ന സ്ഥാപന ത്തിന്റെ ഇടപെടലുകൾ നോക്കിക്കാണേണ്ടത് സമകാലികാവസ്ഥയിൽ പ്രസക്തമാണ്.

കഴിഞ്ഞ നൂറ്റാണ്ടിൽ പല മാറ്റങ്ങൾക്കും വിധേയമായ കുടുംബഘടനയോട് മലയാളികളുടെ മനസ്സ് എങ്ങനെയൊക്കെ പ്രതികരിച്ചു എന്ന അന്വേഷണത്തിൽ നിന്നും സാഹിത്യത്തെ ഒഴിച്ചു നിർത്താനാവില്ല. 'വീട്' എന്ന അനുഭവത്തിന്റെ കാവ്യാവതരണങ്ങളെ അപഗ്രഥിക്കുക വഴി സാംസ്കാരികപാഠങ്ങളായി കവിതകളെ വായിച്ചെടുക്കാനും വിലയിരുത്താനും കഴിയും.

വീടുമായി ബന്ധപ്പെട്ട് നാം നിരന്തരം ചില ആശയാവലികൾ രൂപപ്പെടുത്തു ന്നുണ്ട്. ഈ വ്യവസ്ഥയോട് ഒത്തുചേരുന്ന അറിവുകളും അവയിൽ നിന്ന് വ്യത്യസ്തമായവയും കൂടിച്ചേരുമ്പോൾ സ്വാഭാവികമായും സംഘർഷം രൂപപ്പെടും. അതോടെ വീടെന്ന സങ്കല്പനം ഏറെ സങ്കീർണ്ണമാവുകതന്നെ ചെയ്യും.

ആദ്യകാലത്ത് കാരണവരെ കേന്ദ്രീകരിച്ചുള്ള പുരുഷകേന്ദ്രീകൃത ശക്തിയായിരുന്നു കുടുംബത്തിനുണ്ടായിരുന്നത്. പിന്നീടു വന്ന അണുകുടുംബത്തിലും

**ആദ്യകാലത്ത് കാരണവരെ കേന്ദ്രീകരിച്ചുള്ള പുരുഷകേന്ദ്രീകൃത ശക്തിയായിരുന്നു കുടുംബത്തിനുണ്ടായിരുന്നത്. പിന്നീടു വന്ന അണുകുടുംബത്തിലും പുരുഷൻ തന്നെ വ്യക്തിയും ഗൃഹനാഥനുമാകുന്നു. അങ്ങനെ ഗൃഹനാഥനെ കേന്ദ്രീകരിച്ചുള്ള ഗൃഹമാനസികതയുടെ ഇടം നിർമ്മിക്കപ്പെടുന്നു. "എന്റെ വീട്' എന്ന നാം പൊതുവെ വ്യവഹരിക്കുമ്പോഴും ഈ ഞാൻ എന്റേത് എന്നത് ആരെ പ്രതിനിധാനം ചെയ്യുന്നു എന്നത് പ്രധാനമാണ്.**

പുരുഷൻ തന്നെ വ്യക്തിയും ഗൃഹനാഥനുമാകുന്നു. അങ്ങനെ ഗൃഹനാഥനെ കേന്ദ്രീകരിച്ചുള്ള ഗൃഹമാനസികതയുടെ ഇടം നിർമ്മിക്കപ്പെടുന്നു. 'എന്റെ വീട്' എന്ന നാം പൊതുവെ വ്യവഹരിക്കുമ്പോഴും ഈ ഞാൻ എന്റേത് എന്നത് ആരെ പ്രതിനിധാനം ചെയ്യുന്നു എന്നത് പ്രധാനമാണ്. അങ്ങനെ 'വീട്' എന്ന സംസ്കാരബന്ധത്തിനകത്ത് വിതരണം ചെയ്യപ്പെടുന്ന നീതി, അനീതി, അധികാരം, വിധേയത്വം തുടങ്ങിയവരുടെ യുക്തികൾ അപഗ്രഥിക്കുന്ന തരത്തിലുള്ള സ്ത്രീ, സ്ത്രീപക്ഷ രചനകൾ നിരന്തരമായി ഉണ്ടായിക്കൊണ്ടേയിരിക്കുന്നു.

1980കൾക്കു ശേഷം സാഹിത്യമണ്ഡലം ഒട്ടൊക്കെ മാറ്റങ്ങൾക്കു വിധേയമായി എന്നു കാണാവുന്നതാണ്. ആധുനികാനന്തരം കവിതയിൽ വന്ന പ്രധാനമാറ്റം കർത്തൃത്വമണ്ഡലത്തിൽ അത് സൃഷ്ടിച്ച ബഹുലതയാണ്. ദളിത്, സ്ത്രീ, ആദിവാസി, ന്യൂനപക്ഷ താൽപര്യങ്ങൾ എന്നിങ്ങനെ ആവിഷ്കാരത്തിന്റെ നിരവധി രൂപമാതൃകകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു. ഒരു പ്രമേയത്തെ മുൻനിർത്തി പല നോട്ടപ്പാടുകൾ ഉണ്ടാകുന്നു. കവിത ബഹുസ്വരമാകുന്നു എന്നതാണ് ഇത് തെളിയിക്കുന്നത്.

ആധുനിക കവിതയിൽ പ്രധാനമായും കേന്ദ്രത്തിൽ നിൽക്കുന്ന വ്യക്തി പുരുഷനാണ്. പുരുഷന്റെ സ്വരമാണ് കവിതയിൽ നിറഞ്ഞു നിൽക്കുന്നതും. എന്നാൽ തൊണ്ണൂറുകളിൽ ഉയർന്നുവന്ന സ്ത്രീവാദചിന്തകൾ ഏറെ സജീവമാകുന്ന സാഹചര്യത്തിൽ ഈയൊരു മാറ്റം കണ്ടറിഞ്ഞ പല കവികളും തന്റെ കവിതകളിൽ സ്ത്രീപക്ഷമനോഭാവത്തോടുകൂടിയ എഴുത്ത് സാധ്യമാക്കിയിട്ടുണ്ട്. ആറ്റൂരിന്റെ 'സംക്രമണം' സച്ചിദാനന്ദന്റെ താരാട്ട്, സഞ്ചയനം, ഇനിയൊന്നു വിശ്രമിക്കട്ടെ എന്നീ കവിതകൾ ഉദാഹരണങ്ങളാണ്. എന്നാൽ സ്ത്രീ പ്രശ്നങ്ങളുടെ സൗന്ദര്യാത്മകതലങ്ങൾക്കാണ് കവി പ്രാധാന്യം കൽപിക്കുന്നത്. മനസ്സ് ഒട്ടൊക്കെ ഗൃഹാതുരമാകുമ്പോഴാണ് സ്ത്രീ വിചാരധാരകൾ കവിതയിൽ പ്രത്യക്ഷപ്പെടുന്നത് തന്നെ. ഇത്തരത്തിലുള്ള ഫ്യൂഡൽ ഗൃഹാതുരത്വബോധം സ്ത്രീ അവസ്ഥകളെ അതിൽ തന്നെ ഉറപ്പിക്കുകയാണോ എന്ന സംശയത്തിനിട വരുത്തുന്നു.

കവിതയുടെ മണ്ഡലത്തിൽ ആദ്യകാല എഴുത്തുകാരിയായ ബാലാമണി യമ്മയുടെ 'വീട്' എന്ന ഇടത്തെ പുനരാലോചനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. വിളി, വീട്ടിലേക്ക്, വീടുകൾ തുടങ്ങിയ കവിതകൾ ഇതിനു ദൃഷ്ടാന്തമാണ്. നവോത്ഥാന ആശയങ്ങൾ ഉൾക്കൊള്ളുമ്പോൾ തന്നെ കുടുംബത്തിനകത്ത് 'സ്വത്വം' കണ്ടെത്താൻ ശ്രമിക്കു

ന്ന പഴയ സ്ത്രീയിലാണ് ബാലാമണിയമ്മയുടെ കവിതകൾ പൊതുവെ കേന്ദ്രീകരിച്ചിരിക്കുന്നത്.

എന്നാൽ 'വീട്' ശക്തമായ പ്രമേയമെന്ന നിലയിൽ തുടരെത്തുടരെ ആവിഷ്കാരത്തിനു വിധേയമാകുന്ന കാഴ്ചയാണ് ആധുനികാനന്തര പെൺകവിതകളെ വ്യത്യസ്ഥമാക്കുന്നത്. ആ നിലയ്ക്ക് സാവിത്രി രാജീവന്റെ കവിതകളെ വിശകലനം ചെയ്യാനാണ് പ്രബന്ധം ശ്രമിക്കുന്നത്.

നിത്യജീവിതത്തിന്റെ സ്പന്ദനമേഖലകൾക്കുള്ളിലാണ് സാവിത്രി രാജീവന്റെ കാവ്യസങ്കല്പം നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ സ്വാഭാവികമായും 'വീട്' എന്ന സ്ഥലരാശി അവരുടെ കവിതകളിൽ നിരന്തരം ആവിഷ്കാരത്തിനു വിധേയമാകുന്നുണ്ട്. സ്ത്രീ അവസ്ഥകളെ വീട്ടനുഭവത്തിന്റെ സവിശേഷപശ്ചാത്തലത്തിൽ നോക്കിക്കാണുന്ന അവരുടെ കവിതകൾ വീടെന്ന സ്വകാര്യ ഇടത്തിന്റെ സാംസ്കാരിക രാഷ്ട്രീയ യുക്തികളോട് കലഹിച്ചു കൊണ്ടേയിരിക്കുന്നു.

വൈയക്തികമായ ആധികളുടേയും തൃഷ്ണകളുടെയും സന്ദർഭത്തിലാണ് 'വീട്' സാവിത്രി രാജീവന്റെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നത്. അത്തരത്തിൽ സ്ത്രീ അനുഭവത്തിന്റെ പാർശ്വവത്കരിക്കപ്പെട്ട ഇടങ്ങളെ എടുത്തുകാട്ടുന്ന കവിതയാണ് 'പ്രതിഷ്ഠ.'

"അടുക്കളയിലെ
തേഞ്ഞുതീരുന്ന വീട്ടുപകരണമാണു ഞാൻ
ശ്വസിക്കുന്നതിനാൽ നടക്കുകയും
നടക്കുന്നതിനാൽ കിടക്കുയും ചെയ്യുന്ന
പാചകങ്ങൾക്കൊപ്പം വാചകങ്ങൾ വിളമ്പുന്ന
സങ്കീർണ്ണത ഒട്ടുമില്ലാത്ത ഒരുപകരണം"

എന്നിങ്ങനെ തുടങ്ങുന്നു കവിത. സ്ത്രീയെ സ്വയം തേഞ്ഞുതീരുന്ന വീട്ടുപകരണമായി അവതരിപ്പിക്കുന്ന പെൺകാഴ്ച അവളുടെ വസ്തു വൽക്കരണം 'വീട്' എന്ന സമൂഹസ്ഥാപനം എങ്ങനെ സാധ്യമാക്കുന്നു എന്നതിന് നിദർശനമാണ്. സ്ത്രീകളുടെ സ്വകാര്യ ഭൂമികയായി ചാർത്തിക്കൊടുത്തിട്ടുള്ള 'അടുക്കള' എന്ന സ്ഥലരാശിയുടെ സൂക്ഷ്മരാഷ്ട്രീയം കവിത തുറന്നുകാട്ടുന്നു. ഇവിടെ അടുക്കളയിലെ തൊഴിലാളി തന്റെ തൊഴിലിന്റെ രാഷ്ട്രീയത്തെ പുനരാലോചനയ്ക്ക് വിധേയമാക്കുന്നു. അടുക്കള എന്ന സ്വകാര്യ ഇടത്തുനിന്നും പൊതു ഇടത്തിലേക്കുള്ള സ്ത്രീയുടെ സഞ്ചാര സ്വാതന്ത്ര്യത്തിൽ നിറഞ്ഞു നിൽക്കുന്നത് സമൂഹത്തിന്റെ തുറിച്ച് നോട്ടങ്ങളും, കല്പനകളും കാത്തു സൂക്ഷിക്കേണ്ട സദാചാരത്തെക്കുറിച്ചുള്ള നിരന്തര ഓർമ്മപ്പെടുത്തലുമാണെന്ന് കവിത പറഞ്ഞുവയ്ക്കുന്നു. സ്ത്രീകൾ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് പ്രവേശിക്കുമ്പോഴും കുടുംബഘടനയിൽ പ്രത്യക്ഷമാറ്റങ്ങളുണ്ടാകുന്നുവെങ്കിലും അവളുടെ കർത്തവ്യബോധത്തിൽ മാറ്റങ്ങളേ ഉണ്ടാകാതിരിക്കാൻ സമൂഹം ബദ്ധശ്രദ്ധമാണെന്ന പൊള്ളത്തരത്തിൽ മേലാണ് കവിതയുടെ 'ഐറണി' നിലകൊള്ളുന്നത്.

വീടെന്ന ഇടത്തിന്റെ നിയന്ത്രണങ്ങൾക്കും ചിട്ടവട്ടങ്ങൾക്കകത്തും തന്നെയാണ് പൊതു ഇടങ്ങളിലെ സ്ത്രീകളുടെ ചലനസ്വാതന്ത്ര്യങ്ങളൊക്കെ നിലകൊള്ളുന്നത്. 'ഉത്തമഗൃഹണി'യുടെ ശ്രദ്ധാപൂർവ്വമുള്ള പരിചരണത്തിലൂടെ വളർന്നു വികസിക്കുന്ന ഇടമായാണ് ആധുനികഗൃഹം വാഴ്ത്തപ്പെടുന്നത്. ഉദ്യോഗം-വീട് എന്ന രണ്ടു ബിന്ദുക്കൾക്കിടയിലാണ് കേരളീയ സ്ത്രീകളുടെ പ്രാപഞ്ചിക സ്ഥലവന്യാസം എന്ന സത്യമാണ് കവിത മുന്നോട്ടുവയ്ക്കുന്ന ആശയതലം. സ്ത്രീക്ക് സമൂഹം ചാർത്തിക്കൊടുക്കുന്ന എല്ലാ ആദർശ പരിവേഷങ്ങളോടും കവയിത്രി കലഹിക്കുന്നു. അവയെല്ലാം (കന്യക, ഭാര്യ, പെങ്ങൾ, അമ്മ എന്നിവയെല്ലാം) സ്ത്രീയെ വീട്ടിനകത്ത് അരക്കിട്ടുറപ്പിക്കാൻ പോന്ന ആദർശവത്ക്കരണങ്ങളാണെന്ന പറച്ചിൽ കവിതയിൽ ഉണ്ട്. ഇപ്രകാരം വീട്ടിനുള്ളിൽ പ്രതിഷ്ഠപോലെ ശിലാമയമായ ജീവിതം തീർക്കുന്ന സ്ത്രീയവസ്ഥയുടെ പരിച്ഛേദമായി ഈ കവിത നിലയുറപ്പിക്കുന്നു.

വീടെന്ന കുടുംബസംവിധാനത്തിനകത്ത് മാത്രം കഴിയുന്ന സ്ത്രീകളുടെ ഏകാന്തതയെ എടുത്തുകാട്ടാൻ പര്യാപ്തമാണ് സാവിത്രി രാജീവിന്റെ 'ദിവസം' എന്ന കവിത.

ഭൂതത്തിലേക്കും ഭാവിയിലേക്കും നീട്ടിവച്ച രണ്ടു കണ്ണുമായി ഒറ്റയ്ക്കിരിക്കുന്ന സ്ത്രീയുടെ ഏകാന്തത വീട്ടിനകത്ത് ഓരോ ദിവസവും അവൾ നേരിടുന്ന സ്വത്വപ്രതിസന്ധിയെയാണ് ചൂണ്ടിക്കാട്ടുന്നത്.

"പഠിക്കാനൊരു പാഠമോ
ദർശനത്തിനൊരു ദൈവമോ
എന്തിന്

**അടുക്കളയിലെ**
**തേഞ്ഞുതീരുന്ന വീട്ടുപകരണമാണു ഞാൻ**
**ശ്വസിക്കുന്നതിനാൽ നടക്കുകയും**
**നടക്കുന്നതിനാൽ കിടക്കുയും ചെയ്യുന്ന**
**പാചകങ്ങൾക്കൊപ്പം വാചകങ്ങൾ വിളമ്പുന്ന**
**സങ്കീർണ്ണത ഒട്ടുമില്ലാത്ത ഒരുപകരണം"**

ഒരു തിളങ്ങുന്ന തലയോ
വാലോ ഇല്ലാതെ
ഞാൻ ഒറ്റയ്ക്കിരിക്കുക തന്നെയാണ്.”

വ്യവസ്ഥീകൃതമായ വീട്ടുജീവിത്തിന്റെ മടുപ്പിക്കുന്ന ഏകാന്തത വിട്ട് എന്താണ് തന്റെ ദിവസം പടികയറുന്നതെന്ന താത്വികപ്രശ്നം കവിതയിൽ നിറഞ്ഞുനിൽപ്പുണ്ട്.

ഗാർഹിക വൈവാഹിക മൂല്യങ്ങൾ ആന്തരികവൽക്കരിച്ച സ്ത്രീക്ക് സമൂഹം കൽപ്പിച്ച് കൊടുക്കുന്ന ആദർശസ്ഥാനമാണ് ‘കുടുംബിനി’. ഇതിനെ പുനരാലോചനയ്ക്ക് വിധേയമാക്കുകയാണ് സാവിത്രി രാജീവന്റെ അപര എന്ന കവിത.

“കുടുംബിനീ
നീ നിന്റെ കുട്ടികളെക്കുറിച്ച്
ഇങ്ങനെ അഹങ്കരിക്കരുത്
കുടുംബിനീ
നിന്റെ ഇളകാത്ത വീടിന്റെ
ഇളകാത്ത ചുമരിന്റെ
ഇളകാത്ത മൂലകകല്ലിനെ ചൊല്ലി
ഇങ്ങനെ അഭിമാനം കൊള്ളരുത്
കുടുംബിനീ,
നീ നിന്റെ പ്രാണപ്രിയന്റെ
ഗാഢ സ്നേഹത്തെ ചൊല്ലി
ഇങ്ങനെ അഹങ്കരിക്കരുത്..”

എന്നിങ്ങനെയുള്ള ഓർമ്മപ്പെടുത്തലുകൾ ‘അപര’ നടത്തുന്നു. മൂല്യം നിർണ്ണയിക്കാനാവാത്ത വീട്ടധ്വാനങ്ങളിൽ അഭിമാനം കൊണ്ടുമാത്രം ചെയ്തുകൊണ്ടിരിക്കാതെ അദൃശ്യയായിരിക്കുന്ന അവളുടെ ശക്തിപ്രഭവം കണ്ടറിയണമെന്ന ബോധ്യമാണ് കവിത മുന്നോട്ടുവയ്ക്കുന്നത്. ആ ശക്തിയെ ‘അപര’യായി സങ്കല്പനം ചെയ്തിരിക്കുന്നു. സ്ത്രീ സ്വയം അവളുടെ ബാധ്യതകൾ കണ്ടറിഞ്ഞ് ശക്തിയാർജിക്കണം എന്ന ആഹ്വാനമാണ് കവിതയിലുള്ളത്. സ്ത്രൈണാനുഭവങ്ങളുടെ സവിശേഷ പറച്ചിലിലൂടെ വ്യവസ്ഥിതിയുടെ എല്ലാത്തരം കൗശലങ്ങളെയും കവയിത്രി ചോദ്യം ചെയ്യുന്നു. ഈ പ്രതിരോധങ്ങളെ ദുഃസ്ഥിതിയുടെ തുടക്കമായി പാരമ്പര്യവാദികൾ കണ്ടെത്തുമ്പോഴും വീട് എന്ന ഇളകാത്ത സ്ഥാപനവുമായി ബന്ധപ്പെട്ട സ്ത്രീയവസ്ഥകൾ ആവിഷ്ക്കരിക്കുന്ന ഇത്തരം കവിതകൾ വീടിന്റെ പൊളിച്ചടക്കലിനെ സംബന്ധിച്ച ശബ്ദങ്ങൾ അവിടിവിടെയായി മുഴക്കുന്നുണ്ട്. വ്യവസ്ഥീകൃതമായ വീട്ടുജീവിതം സ്ത്രീയുടെ സ്വാതന്ത്ര്യാഭിലാഷങ്ങളെ എങ്ങനെയൊക്കെ മെരുക്കുന്നു എന്ന പ്രശ്നപരിസരത്തെ അഭിസംബോധന ചെയ്യുന്നുണ്ട്.

ഇത്തരത്തിൽ നോക്കുകയാണെങ്കിൽ സമകാല മലയാള ജീവിതത്തിലെ പാർപ്പിടവും അവ ഉയർത്തുന്ന ചോദ്യങ്ങളും കൊണ്ടു നിറയുന്ന ഇത്തരം കവിതകൾ വ്യക്തിപരമായ നിർമ്മിതി എന്നതിനപ്പുറം സമൂഹത്തിലെ മൂല്യവിചാരങ്ങൾ കലാത്മകമായ ആവിഷ്ക്കാര സാധ്യതകളാക്കി മാറ്റുന്നു എന്നു പറയാനാവും.

സഹായകഗ്രന്ഥങ്ങൾ

1.സാവിത്രി രാജീവൻ, 1993, സാവിത്രി രാജീവന്റെ കവിതകൾ, മാതൃഭൂമി ബുക്സ്, കോട്ടയം.

2.ഗീത, പി. 2002, ആധുനിക മലയാളകവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ, ലിപി പബ്ലിക്കേഷൻസ്: കോഴിക്കോട്.

ലേഖനസൂചി

1.ചെറിയാൻ, പി.ജി. നവംബർ 2006, ചരിത്രരചന: വ്യക്തിയും കുടുംബവും, കവനകൗമിതി പുസ്തകം 22,ലക്കം 8(23-33).

2.ജ്യോതിലക്ഷ്മി പി.എസ്. ഓഗസ്റ്റ് 2004, സ്വന്തമായൊരിടം, പച്ചക്കുതിര, വാല്യം 4, ലക്കം 5(10-15)

# ചരിത്രം തിരിച്ചുപിടിക്കാൻ ഷീറോസ്




വിഖ്യാതമന്ദിരമായ താജ്മഹലിനു സമീപം ചരിത്രത്തിൽ സ്ഥാനം പിടിക്കുന്ന ഒരിടം കണ്ടെത്തിയിരിക്കുകയാണ് ആസിഡ് ആക്രമണങ്ങൾക്ക് വിധേയരാക്കപ്പെട്ട ഏതാനും സ്ത്രീകൾ. ഷീറോസ് ഹാങ്ങ് ഔട്ട് കഫേ എന്ന സ്ഥാപനം നടത്തുകയാണിവർ. തങ്ങളുടെ ധീരമായ കാൽവെപ്പുകൾ ഒരടി കൂടി മുന്നോട്ട് വെച്ച് അന്താരാഷ്ട്രവസ്ത്രവ്യാപാരശൃംഖലയായ മാക്സ് സംഘടിപ്പിച്ച ഫാഷൻഷോയിലും ഇവർ ഈയിടെ പങ്കെടുത്ത് ചരിത്രം കുറിച്ചു. ഇരയാക്കപ്പെടലിന്റെ നിസ്സഹായാവസ്ഥകളിൽ നിന്നും കർതൃത്വത്തിന്റെ സൗന്ദര്യത്തിലേക്കും ഊർജ്ജത്തിലേക്കു പടികയറിപ്പോവുകയാണിവർ.





റഷീദ ഗഫൂർ തൈവളപ്പിൽ

# ഏപ്രിൽ ഫൂൾ!! പണി പാളിയപ്പോൾ

**കഴിഞ്ഞ കൊല്ലം ഓള് എന്നെ പറ്റിച്ചതാ. അത്ര പെട്ടെന്ന് അവൾ വീഴില്ലെങ്കിലും ഒന്ന് ശ്രമിച്ചു നോക്കാമെന്നുറപ്പിച്ച് പാമ്പ് വള ഒരു മരക്കൊമ്പിൽ ആരും കാണാതെ തൂക്കിയെടുത്ത്, അടുക്കുകളായി തരം തിരിച്ച് വെച്ച വിറക് പുരയിലെ വിറകിനിടയിൽ തിരുകിവെച്ചു.**

മാർച്ച് 31-ാം തിയ്യതി വൈകുന്നേരം 5 മണി. കൊഴിഞ്ഞ് വീഴുന്ന തേങ്ങകളും അടക്കയും പെറുക്കാനായി ലീല ഇറങ്ങിയപ്പോഴാണ് ഒരു വലിയ പാമ്പിന്റെ വള (പുറം തൊലി) കുറ്റിച്ചെടികൾക്കിടയിൽ കിടക്കുന്നത് ശ്രദ്ധയിൽ പതിഞ്ഞത്. പെട്ടെന്ന് അവളുടെ മനസ്സിൽ ഒരു ലഡു പൊട്ടി! നാളെ ഏപ്രിൽ ഒന്നാം തീയ്യതിയാണല്ലോ? പതിമൂന്ന് വയസ്സായ തന്റെ മകളെ ഒന്നു ഫൂളാക്കാമെന്ന് അവൾ മനസ്സിലുറപ്പിച്ചു. കഴിഞ്ഞ കൊല്ലം ഓള് എന്നെ പറ്റിച്ചതാ. അത്ര പെട്ടെന്ന് അവൾ വീഴില്ലെങ്കിലും ഒന്ന് ശ്രമിച്ചു നോക്കാമെന്നുറപ്പിച്ച് പാമ്പ് വള ഒരു മരക്കൊമ്പിൽ ആരും കാണാതെ തൂക്കിയെടുത്ത്, അടുക്കുകളായി തരം തിരിച്ച് വെച്ച വിറക് പുരയിലെ വിറകിനിടയിൽ തിരുകിവെച്ചു.

പിറ്റേന്ന് ഏപ്രിൽ ഒന്നാം തീയ്യതി ഏപ്രിൽ ഫൂൾ ദിനം. മകളെ ഫൂളാക്കണമെന്ന് നിനച്ച് വേഗം വിറകുപുരയുടെ അരികിലെത്തി.

രാവിലെ ഏഴ് മണി.

പാമ്പ്... പാമ്പ് എന്ന് ഉച്ചത്തിൽ വിളിച്ചുകൂവി. മകളെ പറ്റിക്കാൻ ലക്ഷ്യം വെച്ചപ്പോൾ എട്ട് വയസ്സായ മകനാണ് ആദ്യം ഓടിയെത്തിയത്. പൊതുവെ പാറ്റയെ കണ്ടാൽ പോലും പേടിച്ചോടുന്ന പ്രകൃതക്കാരനായ മകൻ പാമ്പ് എന്ന് കേട്ട ഉടനെ പുലി പിടിക്കാൻ വരുന്ന പ്രതീതിയോടെ അലമുറയിട്ട് കരഞ്ഞുകൊണ്ട് അയൽവാസികളെ മുഴുവൻ അറിയിച്ചു. അതുകേട്ട് മകളും കൂടെ ബഹളം വെച്ചു.

ആദ്യം ഓടിയെത്തിയത് തൊട്ടടുത്ത വീട്ടിലെ പ്രായമുള്ള ഹാജിയാരായിരുന്നു. മൂപ്പരാണെങ്കിൽ മൂലക്കുരുവിന്റെ ഓപ്പറേഷൻ കഴിഞ്ഞിട്ട് ഒരാഴ്ചയായി

വീട്ടിൽ വിശ്രമത്തിലായിരുന്നു. മക്കളുടെ കൂട്ടക്കരച്ചിൽ കേട്ട ഹാജ്യാർ വലിയൊരു മുരുക്കിന്റെ വടിയുമായി ഓടിവന്നു.

അയൽവാസികൾക്ക് ഒരു വിഷമം വന്നാൽ ഓടിവരാതിരിക്കാൻ പറ്റില്ലല്ലോ? മൂപ്പർ വടി കൊണ്ട് വിറകുതട്ട് തട്ടിമാറ്റിനോക്കിയപ്പോൾ അതാ കിടക്കുന്നു അതിനടിയിൽ വലിയ ഒരു പാമ്പിന്റെ വള കണ്ട് ഹാജിയാർ ഞെട്ടി.

ഓടിവരിനെടാ!സാധനം ഇവിടുണ്ട്. വലിയ പാമ്പാണ് എന്നു ഹാജ്യാരും മുറവിളി കൂട്ടി. ഹാജ്യാർ വലിയ മുൻകോപക്കാരനായതിനാൽ ഏപ്രിൽ ഫൂളാക്കിയതാണെന്ന് പറയാൻ അവൾക്കും ധൈര്യമുണ്ടായില്ല.

മക്കളെ ഫൂളാക്കിയതാണ് എന്ന് തുറന്ന് പറഞ്ഞാൽ മൂപ്പരുടെ കയ്യിലിരിക്കുന്ന വടി കൊണ്ട് അടി തനിക്ക് കിട്ടുമെന്ന് പേടിച്ച് പാമ്പ് ഉള്ളതായി തന്നെ അവളും അഭിനയിച്ചു കുറച്ചകലെ മാറിനിന്നു. ഹാജ്യാർ വിളിച്ചവരിൽ ചിലരെല്ലാം കയ്യിൽ വടിയും കല്ലുമായി ഓടിയെത്തി. ജീവനിൽ കൊതിയുള്ളവരും പാമ്പിനെ പേടിയുള്ളവരുമായ ചിലർ കുറെ ദൂരെ മാറിനിന്നു.

‘പാമ്പെങ്ങാനും മരണപ്പാച്ചിലിനിടയിൽ കൊത്തിയാലോ‘ പാമ്പിൻ വള കണ്ടവർ പറഞ്ഞു.

നല്ല വിഷം ഉള്ള മൂത്തയിനം പാമ്പാണ്. പാമ്പിനെ തല്ലിക്കൊല്ലാനുള്ള ആവേശത്തിൽ അവരിൽ ചിലർ വിറകുകെട്ടുകൾ അടിച്ചു തൊഴിച്ചു. അവൾ കഷ്ടപ്പെട്ട് താഴത്തും മുകളിലുമായി പലവിധത്തിൽ അടുക്കുകളായി വെച്ച വിറകുകൾ ഓരോന്നായി പുറത്തേക്ക് വാരിവലിച്ചിട്ടു കൊണ്ടിരുന്നു. ചകിരിയും മടലും ഓലയും കൊതുമ്പും, ചിരട്ടയുമെല്ലാം വീടിനു ചുറ്റും ചിതറി. വിറകുപുരതന്നെ എടുത്തുകൊണ്ടുപോകുമെന്ന് നിലവന്നു.

അയൽക്കാരിയായ അവൾക്ക് ഒരു ഉപകാരം ചെയ്തുകൊടുക്കുന്ന സംതൃപ്തിയായിരുന്നു അവരുടെ മുഖത്ത് അപ്പോൾ. ചിലരാകട്ടെ വിറകിൽ ശക്തിയിൽ വടികൊണ്ട് അടിച്ച് വടിയുടെ ബലവും പരിശോധിച്ച് കൊണ്ടിരുന്നു. ഒടുവിൽ ഇല്ലാത്ത പാമ്പിനെ തെരഞ്ഞ് മടുത്ത അവരിൽ ചിലരൊക്കെ വിടവാങ്ങാനൊരുങ്ങി.

വിറക് പുരയോട് ചേർന്ന് നിൽക്കുന്ന മരത്തിന്റെ മുകളിലൂടെ പാമ്പ് പുറത്തേക്ക് രക്ഷപ്പെട്ടിരിക്കും എന്ന നിഗമനങ്ങളിലും ചിലർ എത്തിച്ചേർന്നു. അതിനാൽ ഇനി വിറക് പുരയിലേക്ക് കയറുമ്പോൾ സൂക്ഷിക്കണം എന്നൊരു ഉപദേശവും പോകുന്ന പോക്കിൽ തരാൻ ചിലർ മടിച്ചില്ല. പോകുന്ന പോക്കിൽ പാമ്പിന്റെ വളയെടുത്ത് ചിലർ പുറത്തേക്കെറിഞ്ഞു. ഏതായാലും ഇല്ലാത്ത പാമ്പിനെ എല്ലാവരും കൂടി വലിയ വിഷയമാക്കി. എല്ലാം കഴിഞ്ഞപ്പോൾ വിറക് പുരയുടെ അവസ്ഥ പൂരം കഴിഞ്ഞ പറമ്പിന്റെ സ്ഥിതിയായി. ഇത് കണ്ട് അവളാകെ തളർന്നു പോയി. വിഷമം കണ്ട് മകൾ പറഞ്ഞു.

‘അമ്മ വിഷമിക്കേണ്ട പാമ്പ് പോയില്ലേ ഇനി നമുക്ക് വിറക് പുരയിലെ വിറകെല്ലാം സാവധാനം ശരിയാക്കി വെക്കാം.’

ഒടുവിൽ അവൾ മകളോട് മാത്രം ആ രഹസ്യം പറഞ്ഞു. നീ ആരോടും പറയരുത്. ഞാൻ നിന്നെ പറ്റിക്കാനായി പറഞ്ഞ ഒരു ഏപ്രിൽ ഫൂൾ തമാശയായിരുന്നു പാമ്പിന്റെ കഥ. അതിന്റെ അനന്തരഫലം ഇങ്ങനെയാവുമെന്ന് കരുതിയില്ല മോളെ എന്നും പറഞ്ഞ് കരയാൻ തുടങ്ങി. അത് കേട്ടതും മകൾ തല കുത്തി മറിഞ്ഞ് പൊട്ടിച്ചിരിക്കാൻ തുടങ്ങി.

ആദ്യം അവൾക്ക് ചമ്മൽ തോന്നിയെങ്കിലും പിന്നീട് അവളും മോളുടെ കൂടെ ചിരിയിൽ പതുക്കെ പതുക്കെ കൂട്ടുചേർന്നു. അവരുടെ ചിരി കണ്ട് അന്തം വിട്ട് നിന്ന എട്ട് വയസ്സുകാരനായ മകനും കഥയൊന്നുമറിയില്ലെങ്കിലും അവരുടെ കൂടെ ചിരിമത്സരത്തിൽ പങ്കുചേർന്നു. ഇല്ലാത്ത പാമ്പിനെയായിരുന്നു തെരഞ്ഞതെന്നു മകനോട് പറഞ്ഞാൽ അവൻ വീണ്ടും ഹാജ്യാരെ വിളിച്ച് കൊണ്ടുവന്നാലോ എന്നായിരുന്നു അവളുടെ പേടി. ഇനി ഏപ്രിൽ ഫൂൾ എന്ന കളി വേണ്ടെന്നുവെച്ച് അവൾ വിറകുപര വൃത്തിയാക്കാൻ തുടങ്ങി.

അതിനുശേഷം അവൾ ആരെയും ഫൂളാക്കാറില്ല. പണി പാളി തനിക്കു നേരെ വള പാമ്പായി തിരിഞ്ഞു കൊത്തിയ പോലെയാണ് അവൾക്ക് തോന്നിയത്. ഇപ്പോഴും കൊല്ലത്തിലൊരിക്കൽ ഏപ്രിൽ ഒന്ന് വരുമ്പോൾ അവൾ സംശയിക്കും– ഇനിയുമൊന്ന് ഫൂളാക്കണോ?

**വിറക് പുരയോട് ചേർന്ന് നിൽക്കുന്ന മരത്തിന്റെ മുകളിലൂടെ പാമ്പ് പുറത്തേക്ക് രക്ഷപ്പെട്ടിരിക്കും എന്ന നിഗമനങ്ങളിലും ചിലർ എത്തിച്ചേർന്നു. അതിനാൽ ഇനി വിറക് പുരയിലേക്ക് കയറുമ്പോൾ സൂക്ഷിക്കണം എന്നൊരു ഉപദേശവും പോകുന്ന പോക്കിൽ തരാൻ ചിലർ മടിച്ചില്ല. പോകുന്ന പോക്കിൽ പാമ്പിന്റെ വളയെടുത്ത് ചിലർ പുറത്തേക്കെറിഞ്ഞു. ഏതായാലും ഇല്ലാത്ത പാമ്പിനെ എല്ലാവരും കൂടി വലിയ വിഷയമാക്കി.**

കഥ

**ഷിംന**




# തോൾസഞ്ചിയിലെ കുരിശുകൾ

തലേന്ന് വായിച്ച ഞാൻ മലാലയാണ് മനസ്സുനിറയെ. ഉറങ്ങി എഴുന്നേറ്റപ്പോഴും അതെന്റെ കൂടെ തന്നെയുണ്ടായിരുന്നു. പ്രഭാതകൃത്യങ്ങളൊക്കെ കഴിഞ്ഞ് നിരന്ന കരിക്കൊമ്പൻമാരുടെ പടമുള്ള പാവാട ഞാൻ ചുറ്റിക്കെട്ടി വച്ചു.എറണാകുളത്ത് ദർബാർ ഗ്രൗണ്ടിൽ രാജസ്ഥാനി എക്സിബിഷനിൽ നിന്നും വാങ്ങിയതാണ് ഈ പാവാട.  എനിക്ക് പ്രിയപ്പെട്ടതാണിത. കറുത്തനിറത്തിലെ മേൽക്കുപ്പായമാണ് ഇതിനോടൊപ്പം ധരിക്കാറ്. ഇതൊക്കെയണിഞ്ഞ് സുന്ദരിയായി ഞാനൊന്ന് കണ്ണാടിയിലേക്ക് നോക്കി...

ചെറുക്കന്മാരുടുക്കുന്ന മുണ്ടുപോലുണ്ട്.

അതെ, മുണ്ടുടുത്ത് പുറത്തുപോകാൻ എനിക്ക് വല്ല്യ ഇഷ്ടാ. തമിഴന്മാരുടെ പരസ്പരം ബന്ധിച്ച മുണ്ടല്ലട്ടോ, നമ്മൾ കേരളീയരുടെ മേലറ്റം മുതൽ കീഴറ്റം വരെ സ്വതന്ത്രമായതും നീണ്ടതുമായ ലുങ്കികൾ! അതുപോലെ സ്വതന്ത്രമായ പാവാടയാണ് എന്റേത്. കാറ്റു വരുമ്പോൾ അതിന്റെയറ്റമിങ്ങനെ മുകളിലേക്ക് പറക്കും. വല്ല സീനിനും സാധ്യതയുണ്ടോ എന്ന മട്ടിൽ പല കണ്ണുകളും എന്നിലേക്ക്...സാധിച്ചില്ല! ഇതൊക്കെയോർത്ത് ചിരിച്ചുകൊണ്ട് ഞാനെന്റെ തോൾസഞ്ചിയെടുത്ത് പുറത്തേക്കിറങ്ങി. അതിൽ ഒരു കുപ്പി വെള്ളം, ലൈബ്രറിപുസ്തകങ്ങൾ, അത്യാവശ്യം കാശ്, മൂന്ന്നാല് ഓറഞ്ച്, പേന എന്നിവയെല്ലാമുണ്ട്.

എങ്ങോട്ടാണാവോ യാത്ര എന്നമട്ടിൽ രൂക്ഷമായി നോക്കുന്ന സദാചാരപോലീസിന്റെ വേഷമണിഞ്ഞ നല്ലവരായ നാട്ടുകാരുടെ മുന്നിൽ ബസ്സിൽകയറി ജെട്ടിയിലിറങ്ങി. കോൺവെന്റ് ജെങ്ഷൻ വഴി ലൈബ്രറിയിലേക്ക് ....പുതിയ കളക്ഷനുകളോടാണ് എനിക്ക് പ്രിയം. കിട്ടിയ നാട്ടറിവ് പുസ്തകവുമായി പടവുകളിറങ്ങി. ലൈബ്രറിയിൽ ഒരു പൊട്ട ലിഫ്റ്റൊക്കെയുണ്ട്. എങ്കിലും ചടപടേന്ന് പടവുകളിറങ്ങാനാണ് എനിക്കിഷ്ടം. എറണാകുളത്തപ്പൻ ഗ്രൗണ്ട് ലക്ഷ്യമാക്കി ഞാനങ്ങനെ നടന്നു. വഴിനീളെ ഓറഞ്ച് തിന്നുകൊണ്ട്. അതിനൊരു സുഖംണ്ട്. നടന്നുതിന്നാൻ! വഴിയരികിൽ ഒരു ഭിക്ഷക്കാരനെ കണ്ടു. എന്റെ സഞ്ചിയിലുള്ളതിനേക്കാൾ കാശുണ്ട് അയാളുടെ വക്കുകൾ പൊളിഞ്ഞ സ്റ്റീൽപാത്രത്തിൽ! ഞാനൊരു ഓറഞ്ച് കൊടുത്തു. ഇതെന്താ എന്ന ഭാവത്തിൽ അയാളെന്നെ ഒന്ന് നോക്കി. ഞാൻ ചിരിച്ചുകൊണ്ട് നടന്നു. അങ്ങേരിതൊന്നുമല്ല പ്രതീക്ഷിച്ചത്. പണക്കാരനായ ഒരു ഭിക്ഷക്കാരൻ വഴിയരികിൽ പുഴുവരിച്ച് മരിച്ച പത്രവാർത്ത ഞാൻ ഓർത്തുപോയി. ആളുകൾക്കൊക്കെ കാശുമതി. എന്റെ

ഓറഞ്ചാർക്കും വേണ്ട...

എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ ഉത്സവമടുക്കുമ്പോൾ ഞാൻ പോകാറുണ്ട്. അതുവഴി വെറുതെ ഒന്ന് നടന്നാൽ മതി. എനിക്കത് വല്യ ഇഷ്ടമാണ്. അവിടെ ഗജവീരന്മാരുണ്ടാകും. 'ഒരാനപാപ്പി' ആകാൻ കഴിഞ്ഞിരുന്നെങ്കിൽ ഈ നടത്തമൊക്കെ ആനപ്പുറത്തിരുന്ന് ഞെളിഞ്ഞ് നല്ല ഗമയിലാകാമായിരുന്നു. മുൻഭാഗത്തേക്കാൾ എനിക്ക് ആനയുടെ പിൻഭാഗമാണിഷ്ടം. എന്തൊരു ഭംഗിയാണ് പടച്ചതമ്പുരാനേ ഇവറ്റകളുടെ പിൻഭാഗം കാണാൻ! ലോകത്തിലെ സകല ചരാചരങ്ങളെക്കാളും ഭംഗിയുള്ള പിൻഭാഗം ദൈവം നൽകിയത് ആനകൾക്കാണോ? എന്നെല്ലാം ഓർത്തും ആനകളെ കണ്ടും മേളം കേട്ടും സമയം പോയതറിഞ്ഞില്ല. സഞ്ചിയിലെ കുപ്പികാലിയായി. ഓറഞ്ചും തീർന്നു. വീട്ടിൽ തിരിച്ചെത്തിയാൽ എന്റെ പ്രിയപ്പെട്ട തോൾസഞ്ചിയിൽ നിന്നും പുസ്തകമെടുത്ത് ആർത്തിയോടെ വായന... പുതിയപുസ്തകത്തിലെ പുതുമണം പോകുന്നതിനു മുമ്പുതന്നെ അതിലെ അക്ഷരങ്ങൾ ഒപ്പിയെടുത്തു കൊണ്ടുള്ള വായന ഏറെ രസകരമാണ്.

കാലം പോയിക്കൊണ്ടിരുന്നു. എന്റെ രൂപവും ഭാവവുമെല്ലാം മാറിയിരിക്കുന്നു. കാലം തനിക്കനുസൃതമായി എല്ലാറ്റിനെയും മാറ്റുമല്ലോ. അക്കൂട്ടത്തിൽ ഞാനും... ജീവിതത്തിൽ പല വേഷങ്ങളുമാടി. ഭാര്യാസ്ഥാനത്തുനിന്നും ജോലിക്കയറ്റം കിട്ടി മാതൃസ്ഥാനത്തെത്തിയപ്പോൾ വേതനത്തിനു പകരം കിട്ടിയിരുന്ന വേദനകളുടെ ഭാരം ഏറിയിരുന്നു. ഇത്തരം പ്രതിസന്ധികളിലും എന്റെ കൂടെ വിട്ടുമാറാതെ ഒരു വിദ്യാർത്ഥിയുണ്ടായിരുന്നു. ഒരു ഗവേഷകയും. എന്നാലിപ്പോൾ എന്റെ തോൾസഞ്ചിയിൽ നിറയെ കുരിശുകളാണ്. കൂർത്തകമ്പുകൊണ്ടുള്ള ആ കുരുശിനാൽ മുറിയപ്പെട്ട് ചോരവാർന്ന് എന്റെ മനസ്സ് കറപുരണ്ടു. അത് മായിക്കാൻ കാലത്തിനും കഴിഞ്ഞില്ല.

# പടച്ചട്ടയണിഞ്ഞ് പ്രതിഷേധം

നിത്യവും സ്ത്രീകൾ തെരുവുകളിൽ അനുഭവിക്കുന്ന ശാരീരികപീഡനങ്ങളിൽ പ്രതിഷേധിക്കാൻ അഫ്ഘാൻ കലാകാരി കുബ്രഖദേമി തന്റെ മുലകളും നിതംബവും മറയ്ക്കുന്ന ലോഹപടച്ചട്ടയണിഞ്ഞ് കാബൂൾ തെരുവിലൂടെ നടന്നു. താൻ പീഡനം അനുഭവിച്ച പല സന്ദർഭങ്ങളിലും പടച്ചട്ട പോലുള്ള അടിവസ്ത്രങ്ങൾ തനിക്കുണ്ടായില്ലല്ലോ എന്നുയർന്ന ചിന്തയിൽ നിന്നാണ് ഈ നവീനപ്രതിരോധാശയം രൂപം കൊണ്ടത്. ഈ നടത്തത്തിനിടെ അസഭ്യവർഷങ്ങളും കല്ലെറിയലുകളും കുബ്രയ്ക്ക് സഹിക്കേണ്ടി വന്നു. വധഭീഷണിയെത്തുടർന്ന് അഫ്ഘാനിസ്ഥാൻ വിടേണ്ടി വന്നിരിക്കയാണ് ഈ കലാകാരിക്ക്.



ശാസ്ത്രം



സീമ ശ്രീലയം

# പാരീസ് ഉടമ്പടി പ്രതീക്ഷകൾ, ആശങ്കകൾ

**താ**പമാപിനികളിൽ ചൂട് ഉയർന്നുകൊണ്ടേയിരിക്കുന്നു. ഭൂമിയാവട്ടെ പനിച്ചൂടിൽ പൊള്ളിപ്പനിച്ചു വിറച്ചുകൊണ്ടിരിക്കുന്നു. ആഗോളതാപനവും കാലാവസ്ഥാവ്യതിയാനങ്ങളുമൊക്കെ നമ്മുടെ ജീവഗ്രഹത്തെ ആത്മഹത്യാമുനമ്പിലേക്ക് നയിക്കുമ്പോൾ നാം ഭയന്നേ തീരൂ. നമ്മെ കാത്തിരിക്കുന്നത് ഒരു വല്ലാത്ത കാലം തന്നെയാണ്. കാലം തെറ്റിപ്പെയ്യുന്ന മഴയും തണുപ്പില്ലാത്ത മഞ്ഞുകാലവും കത്തുന്ന വേനലുമൊക്കെ കാലത്തിനും പ്രകൃതിക്കും കണക്കു തെറ്റുന്നതിന്റെ സൂചനയാണ്. ഇനി വരുന്ന തലമുറകൾക്ക് ഇവിടെ ജീവിതം സാധ്യമാവാത്ത അവസ്ഥയിലേക്കാണ് കാര്യങ്ങളുടെ പോക്ക്. സകലർക്കും അമ്മയായ ഭൂമിയെ രക്ഷിക്കാൻ ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്ന തിരിച്ചറിവ് ഉച്ചകോടികളിലേക്കും ഉടമ്പടികളിലേക്കുമൊക്കെ എത്തുന്നുണ്ടെങ്കിലും അവയിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ലോകരാഷ്ട്രങ്ങൾ കൈകോർത്താലേ ഇനി നമുക്ക് രക്ഷയുള്ളൂ. കാത്തിരിക്കാൻ ഒട്ടുമില്ല സമയം.

ആഗോളതാപനത്തെ പിടിച്ചുനിർത്തുക, ഭൂമിയെ രക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായാണ് ലോകരാഷ്ട്രങ്ങൾ ഡിസംബറിൽ പാരീസിൽ ഒത്തുകൂടിയത്. താപനം നിയന്ത്രിക്കാനുള്ള കരാറിന് 196 രാജ്യങ്ങൾ ചേർന്ന് ഉച്ചകോടിയിൽ അന്തിമരൂപം നൽകുകയും ചെയ്തു. ആഗോളതാപവർദ്ധന രണ്ട് ഡിഗ്രി സെൽഷ്യസിൽ കൂടാതെ പിടിച്ചുനിർത്തുക, ക്രമേണ അത് 1.5 ഡിഗ്രിയായി കുറയ്ക്കുക എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ. പക്ഷേ ഇത് പ്രായോഗികതലത്തിലേക്ക് എത്തിക്കാനുള്ള നിർദ്ദേശങ്ങളിൽ അവ്യക്തതകളും ആശങ്കകളും ബാക്കിയാവുന്നു. പെട്രോളിയം, കൽക്കരി, പ്രകൃതിവാതകം തുടങ്ങിയ ഫോസിൽ ഇന്ധനങ്ങളാണ് ഹരിതഗൃഹവാതകമായ കാർബൺ ഡൈ ഓക്സൈഡിന്റെ പ്രധാന സ്രോതസ്സ്. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറച്ച് ഹരിത ഊർജസ്രോതസ്സുകളിലേക്ക് തിരിഞ്ഞാലേ കാർബൺ നിർഗ്ഗമനം കുറയ്ക്കാൻ സാധിക്കൂ. കാർബൺ നിർഗമനം കുറയ്ക്കുന്നതിൽ വികസിതരാജ്യങ്ങൾക്കൊപ്പം വികസ്വര രാജ്യങ്ങളും തയ്യാറാവണം എന്ന നിർദ്ദേശമാണ് പാരീസ് ഉടമ്പടിയിലെ ഒരു പ്രത്യേകത. 1997 ലെ ക്യോട്ടോ പ്രോട്ടോകോളിൽ വികസിത രാഷ്ട്രങ്ങളുടെ കാർബൺ പുറന്തള്ളലിനാണ് പരിധി വച്ചിരുന്നത്.

ആഗോളതാപനത്തെയും കാലാവസ്ഥാവ്യതിയാനങ്ങളെയും അതിജീവിക്കാനുള്ള സാങ്കേതികവിദ്യകൾ പരസ്പരം കൈമാറാൻ ലോകരാഷ്ട്രങ്ങൾ തയ്യാറാവണം എന്ന നിർദ്ദേശവും ഉടമ്പടിയിലുണ്ട്. സാങ്കേതിക വിദ്യകളും അവയുടെ പേറ്റന്റുകളും കൈപ്പിടിയിലൊതുക്കി ശക്തി തെളിയിക്കാൻ ലോകരാഷ്ട്രങ്ങൾ പടയോട്ടം നടത്തുന്ന ഇക്കാലത്ത് ഇതെത്രമാത്രം പ്രായോഗികമാവുമെന്ന് കണ്ടുതന്നെ അറിയണം. കാർബൺ പുറന്തള്ളലിൽ മൂന്നിൽ രണ്ട് ഭാഗവും വികസിത രാഷ്ട്രങ്ങളുടെ സംഭാവനയാണ്. ആഗോളതാപനത്തിന് ഏറ്റവും കൂടുതൽ കാരണമായത് വികസിതരാഷ്ട്രങ്ങളാണെങ്കിലും അതിന്റെ കെടുതികൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്നത്

മൂന്നാം ലോകരാജ്യങ്ങളും ദ്വീപ് രാഷ്ട്രങ്ങളുമാണ്. അതുകൊണ്ട് തന്നെ വികസ്വര രാജ്യങ്ങളും അതിജീവനത്തിനായി പൊരുതുന്ന ദ്വീപ് രാഷ്ട്രങ്ങളും സവിശേഷ പരിഗണന അർഹിക്കുന്നു എന്ന ശബ്ദവും പാരീസ് ഉച്ചകോടിയിൽ ഉയർന്നു കേട്ടു.എന്നാൽ ഏറ്റവും കൂടുതൽ കാർബൺ പുറന്തള്ളൽ നടത്തുന്ന വികസിതരാഷ്ട്രങ്ങൾക്കൊപ്പം ഇന്ത്യയെപ്പോലുള്ള വികസ്വര രാഷ്ട്രങ്ങളും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം ഉപയോഗം കുറയ്ക്കേണ്ടി വരുമ്പോൾ വ്യാവസായിക വളർച്ചയും സാമ്പത്തിക വളർച്ചയും മുരടിക്കുമെന്ന ആശങ്കയും ഉയരുന്നുണ്ട്.

ആഗോളതാപനത്തിനെതിരെയുള്ള പോരാട്ടത്തിലെ സാമ്പത്തിക ഉത്തരവാദിത്തം പ്രധാനമായും വികസിതരാജ്യങ്ങളിൽ നിക്ഷിപ്തമാണെന്ന് ഉടമ്പടി വ്യവസ്ഥ ചെയ്യുന്നു. 2020 മുതൽ പ്രതിവർഷം നൂറു ബില്ല്യൻ ഡോളർ വികസിത രാജ്യങ്ങൾ നൽകണമെന്നാണ് വ്യവസ്ഥ. 2020 ൽ ക്യോട്ടോ ഉടമ്പടിയുടെ കാലാവധി അവസാനിക്കുന്നതോടെ പാരീസ് ഉടമ്പടി നിലവിൽ വരും. ഉടമ്പടിയിൽ ഒപ്പിട്ട രാജ്യങ്ങൾ അഞ്ചു വർഷം കൂടുമ്പോൾ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ധനസമാഹരണം സംബന്ധിച്ച കാര്യങ്ങൾക്ക് ഇനിയും വ്യക്തത വേണമെന്ന് പല രാജ്യങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുപോലെ കാർബൺ നിർഗമനം പരിമിതപ്പെടുത്താനും ലക്ഷ്യത്തിലെത്താനുമുള്ള സമയപരിധി സംബന്ധിച്ചും കൂടുതൽ വ്യക്തത ആവശ്യമാണ് .പാരീസ് ഉടമ്പടിയിൽ ചില നിർദ്ദേശങ്ങൾ പ്രതീക്ഷ നൽകുമ്പോഴും പല അവ്യക്തതകളും ആശങ്കകളും അവശേഷിക്കുകയാണ് എന്നു സാരം.

ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം ഇന്നത്തെ രീതിയിൽ തുടർന്നാൽ അടുത്ത നൂറ്റാണ്ടോടെ താപവർധന അഞ്ചു ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് ഐപിസിസി (ഇന്റർ ഗവണ്മെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച്) യുടെ പഠനറിപ്പോർട്ടുകൾ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. വ്യാവസായിക വിപ്ലവത്തിനു മുൻപ് അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ തോത് 278 പിപിഎം ആയിരുന്നെങ്കിൽ ഇപ്പോഴത് 400 പിപിഎമ്മിൽ എത്തിക്കഴിഞ്ഞു. കഴിഞ്ഞ എട്ടുലക്ഷം വർഷങ്ങളിലെ റെക്കോർഡ് തോതാണിത്. ഉരുകിത്തീരുന്ന മഞ്ഞ്, ഉയരുന്ന സമുദ്ര നിരപ്പ്, അന്യമാവുന്ന ജൈവ വൈവിധ്യം, കൊടും വരൾച്ച, ശുദ്ധജലക്ഷാമം, കാലം തെറ്റുന്ന കാലാവസ്ഥ, പകർച്ചവ്യാധികൾ, ചുഴലിക്കൊടുങ്കാറ്റുകൾ, വിസ്തൃതമാവുന്ന മരുഭൂമികൾ ഇങ്ങനെ അപായ മുന്നറിയിപ്പുകൾ പല തരത്തിൽ നമുക്കു മുന്നിലുണ്ട്. നാമെത്തി നിൽക്കുന്ന ദുരന്തകാലത്തിന്റെ ഭീകരത തിരിച്ചറിഞ്ഞ് ഭൂമിയമ്മയെ കാക്കാൻ ഒത്തൊരുമിച്ച് കൈകോർത്താലേ ഇനി രക്ഷയുള്ളൂ.

## കാർട്ടൂൺ




**ലിംഗവിവേചനമോ? നിങ്ങൾ എന്താണീ പറയുന്നത്?**

kadappaadu: Cartoonstock

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara